
MEMORIAL

# കാർമ്മൽ

വർഷം 13 പു. 13 | ജനുവരി 1960 | ലക്കം 1


## പുതുവർഷം പുലരുന്നു

(റവ. ഫാ. പോൾ, ഒ. സി. ഡി.)

ആയിരത്തിതൊള്ളായിരത്തി അറുപതു പിറന്നു. നവവത്സരമംഗളങ്ങൾ ഏവർക്കും നേർന്നുകൊള്ളുന്നു. നാം അന്യോന്യം ആശംസിക്കുന്നതുപോലെ പുതുവർഷം ആനന്ദസന്ദായകമാകണമെങ്കിൽ അതു യഥാർത്ഥത്തിൽ നവമായിരിക്കണം.

പുത്തനാണ്ടു നന്നായി ആരംഭിക്കുന്നതു് ഏററം പ്രയോജനകരമാണ്. തദുദ്ദേശത്തിനു ഏററമധികം സഹായിക്കുന്ന ഉപാധികളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് ദിനചര്യ. അടുക്കും ചിട്ടയുമുള്ള ജീവിതത്തിനു സസൂക്ഷ്മം ക്രമീകരിച്ച ഒരു ദിനചര്യ വളരെ ഉപകരിക്കുമെന്നതു സ്വാനുഭവത്തിൽ നിന്നു ഏവർക്കും സുവിദിതമാണ്. തോന്നുമ്പോൾ ഉണരുക, ഉണ്ണുക പഠിക്കുക, കളിക്കുക, കുളിക്കുക, ശയിക്കുക—ഇതെല്ലാം അനുചിതമാണ്, അസാംസ്കാരികമാണ്.

> *ഗുണകാംക്ഷികൾക്കെല്ലാം*
>
> *നവവത്സരമംഗളങ്ങൾ*
>
> *നേർന്നുകൊള്ളുന്നു.*

നവവത്സരത്തിലെ ഒരു നിമിഷംപോലും പാഴാക്കരുതു്. ലക്ഷ്യമില്ലാതെ കളഞ്ഞുകുളിക്കാനുള്ളതല്ല ജീവിതം. മനുഷ്യായുസ്സ് ഹ്രസ്വമാണ്. വേദപുസ്തകത്തിലെ ആശയഗതിയനുസരിച്ചു നോക്കുമ്പോൾ മനുഷ്യായുസ്സ് 70—80—100—ഈ ക്രമത്തിലാണെന്നു തോന്നുന്നു. ജനസാമാന്യത്തിനു 70; ബലവാന്മാക്കു 80; കൂടിയപക്ഷം 100. "മനുഷ്യായുസ്സ് കൂടിപ്പോയാൽ നൂറുവർഷം" (പ്രസംഗകൻ 18/8). അതിലും വളരെ കുറവാണെന്നാണ് സങ്കീർത്തകൻെറ അഭിപ്രായം. "നമ്മുടെ ജീവിതദൈർഘ്യം എഴുപതുകൊല്ലമാണ്; ബലിഷ്ഠന്മാരുടേതു് എൺപതുകൊല്ലം." (സങ്കീ. 89/10) പക്ഷേ, അധികമുള്ള ദശവത്സരം അദ്ധ്വാനവും ക്ലേശവും നിറഞ്ഞതാണെന്ന് ഊന്നിപ്പറഞ്ഞിട്ടുമുണ്ട്.

ജനസാമാന്യത്തിനു ശരാശരിയുള്ള എഴുപതുവർഷത്തെ ആയുഷ്ക്കാലത്തിൽ വാസ്തവത്തിൽ ജീവിക്കുന്ന കാലയളവു തുലോം തുച്ഛമാണ്. എഴുപതിൽ നിന്നു് വിവേചനരഹിതമായ ഏഴു കൊല്ലത്തെ മൃഗസമാനമായ ജീവിതം കുറച്ചാൽ ശേഷിക്കുന്നതു് അറുപത്തിമൂന്ന്. അതിൽ മൂന്നിലൊന്നു നിദ്രയ്ക്കുപോകും. ബാക്കിയുള്ളതു വെറും നാല്പത്തിരണ്ട്. അതിൽനിന്ന് ജീവിതം എന്നു തീർത്തുപറയുവാൻ നിവൃത്തിയില്ലാത്ത, പലപല നിസ്സാരകാര്യങ്ങൾക്കായി അനുദിനം ചോർന്നുപോകുന്ന, സമയം കൂടി പരിഗണിച്ചാൽ—കുറഞ്ഞതു് ഒരു രണ്ടു വർഷം—ഏകദേശം നാല്പതുവത്സരമാണു ശിഷ്ടം.

> "കാലത്തിലർദ്ധം നിശയായ് കഴിഞ്ഞുപോം
> ബാലനായ് തന്നെ കുറഞ്ഞോരിടകൾ പോം
> ചേലിൽ വിദ്യാഭ്യാസകാലമങ്ങൊട്ടുനാൾ
> ലീലാവിനോദത്തിലൊട്ടുനാൾ പോയിടും."

മുഖചിത്രം—കാർമ്മെൽഹിൽ ആശ്രമവും ഉദ്യാനവും

ഒരു ഭാരതീയന്റെ ശരാശരി വയസ്സ് വെറും ഇരുപത്തേഴാണെന്നു വിസ്മരിക്കരുതു്. അതിൽനിന്നു മേൽ പ്രസ്താവിച്ച കണക്കനുസരിച്ചു നഷ്ടീഭവിക്കുന്ന ഒരു പതിനഞ്ചു (7+7+1) വർഷം കൂടി കുറച്ചാൽ നീക്കി ബാക്കി ഒരേ ഒരു ഡസൻ. തുലോം ഹ്രസ്വമായ ജീവിതത്തിൽ ദത്തമായ നവവത്സരത്തിലെ ഓരോ നിമിഷവും പരമാവധി പ്രയോജനപ്പെടുത്തി ജന്മസാഫല്യമടയാം.

നവവത്സരത്തിലെ ഓരോ ദിവസവും നമ്മുടെ ജീവിതത്തിലെ ആദ്യത്തേതും അവസാനത്തേതും എന്നു കരുതി നന്നായി വിനിയോഗിക്കാം. അതിനു ദൈനംദിന കർത്തവ്യങ്ങൾ പ്രസാദവരസ്ഥിതിയിൽ സദുദ്ദേശത്തോടെ നിർവഹിച്ചാൽ മതി.

ക്രൈസ്തവജീവിതം അനുസ്യൂതമായ ആരംഭമാണു്. വേദസാക്ഷിത്വം സമീപസ്ഥമായപ്പോൾ അന്ത്യോക്യായിലെ വയോധികനായ വിശുദ്ധ ഇഗ്നേഷ്യസ് ഉച്ചരിച്ച വാക്കുകൾ ഉദ്ധൃതമാണു്: "ഒരു ശിഷ്യനാകുന്നതിനു ഇപ്പോൾ ഞാൻ ആരംഭിക്കുന്നു". ഓരോ ദിവസത്തിനും അതിന്റേതായ അനുഗ്രഹങ്ങളും ദൈവസേവനത്തിനുള്ള അവസരങ്ങളുമുണ്ടു്. ഭൂതവും ഭാവിയും വിസ്മരിച്ചുകൊണ്ടു വർത്തമാനത്തിൽ ജീവിക്കുക. ഇന്നത്തെ ദിവസം മാത്രമേ നമ്മുടെ കൈവശമുള്ളൂ. അതിനെ വിശുദ്ധമാക്കാം.

ജീവിതനവീകരണത്തിനുദ്യമിച്ചെങ്കിൽ മാത്രമേ നവവത്സരം യഥാർത്ഥത്തിൽ നവമായിരിക്കയുള്ളൂ. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞു പുതിയ മനുഷ്യനെ ധരിക്കുന്നതിനുള്ള അനുശാസനം ശിരസാവഹിക്കുന്നവർക്കാണു് നവവത്സരത്തിന്റെ നവീനത സമൃദ്ധമായി അനുഭവവേദ്യമാകുന്നതു്.

ജീവിതനവീകരണം പാപഗ്രസ്തർക്കു് അനുപേക്ഷണീയമാണു്. മാനസാന്തരം താമസിപ്പിക്കുന്തോറും അതു് ഉത്തരോത്തരം ശ്രമകരമായിത്തീരുന്നു. കാരണം തിന്മയും ദൗർബല്യവും, ശത്രുക്കളുടെ ശക്തിയും നാൾക്കുനാൾ വർദ്ധിക്കുന്നു; ദൈവാനുഗ്രഹം കുറയുന്നു. നാം ചെയ്യുന്ന ഓരോ ഗുരുതരമായ പാപവും തിന്മയിലേക്കു സുശക്തമായ പ്രവണത നമ്മുടെ ആത്മാവിൽ നിക്ഷേപിക്കുന്നു. പാപത്തിന്റെ സാഹചര്യങ്ങളിൽ ആ ദുർവാസന നമ്മെ വീണ്ടും പാപത്തിലേക്കു ഹഠാദാകർഷിക്കും. മാത്രമല്ല, സമയവും അനിശ്ചിതമാണു്. ലോകമാസകലം ഏകദേശം ഒന്നരലക്ഷം പേരാണു് അനുദിനം ജീവിതത്തിന്റെ കണക്കുബോധിപ്പിക്കുവാൻ നിത്യന്യായാധിപസമക്ഷം ഹാജരായിക്കൊണ്ടിരിക്കുന്നതു്. പാപികൾക്കു മാത്രമല്ല നീതിമാന്മാർക്കും നവീകരണം ആവശ്യമാണു്. "നീതിമാൻ ഉപരി നീതീകരിക്കപ്പെടട്ടെ, വിശുദ്ധൻ ഉപരി വിശുദ്ധീകരിക്കപ്പെടട്ടെ".

പുരോഗതി സാവധാനമായിരിക്കും. വീണ്ടും വീഴാനിടയായാൽ വിസ്മിതരാകരുതു്, അക്ഷമരാകരുതു്, നിരാശപ്പെടുകയുമരുതു്; തൽക്ഷണം എഴുന്നേല്ക്കുക. പ്രാർത്ഥിക്കയും കൂദാശകൾ യഥായോഗ്യം അടുത്തടുത്തു് സ്വീകരിക്കയും ചെയ്താൽ ആദ്ധ്യാത്മികമായി നാം സുശക്തരാകും. ഇവ്വിധം ജീവിക്കുന്നതിനു യത്നിച്ചാൽ 1960 വാസ്തവത്തിൽ ആനന്ദകരവും, വിശുദ്ധവും സമാധാനസമൃദ്ധവുമായ ഒരു നവവത്സരമായിരിക്കുമെന്നതിൽ പക്ഷാന്തരമില്ല.

നാമോരോരുത്തരും സത്തമന്മാരാകുമ്പോൾ ലോകവും ധന്യമാകും. നാം നന്നാകാത്തതുകൊണ്ടാണു് ലോകം നന്നാകാത്തതു്. വ്യക്തികളുടെ സമൂഹമാണു് ലോകം. ഓരോ വ്യക്തിയും സ്വജീവിതത്തെ നവീകരിക്കട്ടെ; ലോകം നവീകൃതമായി. ഞാൻ നന്നായാൽ ലോകത്തിൽ ഒരാഭാസൻ കുറഞ്ഞു എന്നു് ഒരു പഴമൊഴിയുണ്ടു്. നാം മററുള്ളവരെ നന്മയിലേക്കോ തിന്മയിലേക്കോ സദാ ആകർഷിച്ചുകൊണ്ടാണിരിക്കുന്നതു്. നമ്മുടെ ആദ്ധ്യാത്മിക നിലവാരം മാനവസമുദായത്തെ ഒന്നടങ്കം സാരമായി സ്പർശിക്കുന്നു. നാമാരും തനിച്ചു സ്വർഗ്ഗത്തിലോ നരകത്തിലോ പോകുമെന്നു തോന്നുന്നില്ല.

ഒരാൾ ഒരു ഭൂപടം കഷണം കഷണമായി കീറി അതു് ശരിയായി ഒട്ടിച്ചു പൂർവ്വസ്ഥിതിയിലാക്കുന്നതിനു് മകനോടു പറഞ്ഞു. ആ ബാലൻ ആവുന്നതു ശ്രമിച്ചിട്ടും, സാധിച്ചില്ല. ഭൂപടത്തിന്റെ മറുവശം ഒരു മനുഷ്യമുഖം ചിത്രീകരിച്ചിരുന്നു. ആദ്യം അതു ശരിപ്പെടുത്തുന്നതിനു പിതാവു നിർദ്ദേശിച്ചു. അതവൻ എളുപ്പത്തിൽ നിർവ്വഹിച്ചു. മുഖം ശരിപ്പെട്ടതോടെ ഭൂമിയുടെ പടവും ശരിയായി. മനുഷ്യൻ നന്നാകുമ്പോൾ ലോകവും നന്നാകും എന്നു സാരം. ഇതരരുടെ പരിവർത്തനത്തിൽ വെമ്പൽ കൊള്ളുന്നവർ ആദ്യമായും മുഖ്യമായും സ്വശിക്ഷണത്തിലും സ്വജീവിത

# ദാരിദ്ര്യവും ആധുനികയുഗവും

(റവ. ഫാ. ജോൺബ്രിട്ടോ, സി. എം. ഐ. എൽ. പിഎച്ച്., ഡി. ഡി.)

ദാരിദ്ര്യത്തിനു് അവജ്ഞാപൂർണ്ണമായ ഒരു ധ്വനിയുണ്ടു് പ്രത്യേകിച്ച് ഈ നൂററാണ്ടിൽ. ലോകം സർവ്വത്ര ഭൗതികമായി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ഒട്ടിയ വയറും കീറത്തുണിയും നമ്മുടെ കണ്ണുകൾക്കു വിരസം ജനിപ്പിക്കുന്നതിൽ അത്ഭുതത്തിനു വകയില്ല. ദാരിദ്ര്യം ഏററം വലിയ വിപത്തായിട്ടാണു് ദരിദ്രരും ധനവാന്മാരും ഒരുപോലെ പരിഗണിക്കുന്നതു്. സ്വന്തഹീന സ്ഥിതിയിൽ വെറുപ്പുകൊണ്ടു നിറഞ്ഞു് അയൽക്കാരന്റെ കനത്ത പണസഞ്ചിയിൽ നേത്രം ഉറപ്പിച്ചിരിക്കുന്ന ദരിദ്രൻ അസൂയകൊണ്ടു് വേവുകയാണു്. ധനവാനാകട്ടെ ഭാവിയിൽ ദാരിദ്ര്യം വന്നേക്കുമോ എന്ന ഭീതിയിൽ തന്റെ നില ഒന്നിനൊന്നു ഭദ്രമാക്കുവാനുള്ള ആവേശത്തോടെ ദ്രവ്യാഗ്രഹം പുലർത്തുന്നു. എന്നാൽ ഈ ലോകചിത്രത്തിന്റെ പശ്ചാത്തലത്തിൽ മലയുടെ മുകളിൽ നിൽക്കുന്ന ക്രിസ്തുനാഥന്റെ പ്രഖ്യാപനം ശ്രദ്ധേയമാണു്: ദരിദ്രർ ഭാഗ്യവാന്മാർ! ആധുനികലോകത്തിനു് ഒട്ടും ദഹിക്കാത്ത ഒരു പ്രസ്താവം!

എന്നാൽ പഞ്ഞവും പട്ടിണിയും കീറത്തുണിയുമെല്ലാം അവയിൽതന്നെ എന്തോ ദിവ്യമാണെന്നു പ്രഖ്യാപിക്കുകയല്ല ദിവ്യനാഥൻ ചെയ്തതു്. ഇവയെല്ലാം ഓരോന്നിന്റെ കുറവും അഭാവവുമാണു്. അഭാവം അതിൽത്തന്നെ നന്മയാകുവാൻ നിവൃത്തിയില്ല. "അരൂപിയിൽ ദരിദ്രർ ഭാഗ്യവാന്മാർ" എന്നാണു് ക്രിസ്തുനാഥൻ പ്രഖ്യാപിക്കുന്നതു്. അരൂപിയുടെ ദാരിദ്ര്യം കേവലം വസ്തുക്കളുടെ അഭാവമല്ല. എന്നുതന്നെയല്ല ആവശ്യമായവയുടെ അഭാവം പ്രസ്തുത ദാരിദ്ര്യത്തിനു വിലങ്ങുതടിയാണു്; നിരന്തരം ഭൗതികാവശ്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിനും അതിനുവേണ്ടതു തേടുന്നതിനുമുള്ള ആവശ്യത്തിൽ അതു് മനുഷ്യനെ ബന്ധിക്കുകയാണു്. ഭൗതികവസ്തുക്കളിൽനിന്നു് ഹൃദയം വിമുക്തമായിരിക്കുന്ന അവസ്ഥയാണു് അരൂപിയുടെ ദാരിദ്ര്യം. വസ്തുക്കൾ കൈയടക്കിയിരിക്കുന്നവനാണല്ലോ സമ്പന്നൻ. എന്റെ പറമ്പു്, എന്റെ പണം എന്നെല്ലാം പറയുമ്പോൾ നമ്മുടെ വ്യക്തിത്വത്തിന്റെ കേന്ദ്രം ബാഹ്യവസ്തുക്കളിലേയ്ക്കു നീങ്ങി നമ്മുടെ ഹൃദയം അവയിൽ കെട്ടപിണയുകയാണു്. ഇങ്ങനെ അരൂപിയിലുള്ള മുതലാളിത്തം ഹൃദയത്തിനു ബന്ധനമാണു്. ഭൗതികവസ്തുക്കളിൽനിന്നു് സ്വയംവിടുത്തി അരൂപിയുടെ ദാരിദ്ര്യം പ്രാപിക്കുന്നവൻ യഥാർത്ഥത്തിൽ സ്വതന്ത്രനായിത്തീരുന്നു. ഈ ഹൃദയസ്വാതന്ത്ര്യമാണു് ക്രിസ്തുനാഥൻ ആദർശമായി പ്രഖ്യാപിക്കുകയും സ്വന്ത ഐഹിക ജീവിതത്തിൽ ഏവർക്കും മാതൃകയാകുമാറു് അനുസരിക്കുകയും ചെയ്തതു്.

അതിനാൽ ദാരിദ്ര്യം കേവലം ന്യൂനപരവും നിഷേധാത്മകവുമായ ഒരു സ്ഥിതിയല്ല. മനുഷ്യൻ ഭൗതികവ്യാമോഹങ്ങളിൽനിന്നും വ്യഗ്രതകളിൽനിച്ചും വിമുക്തനായി സ്വന്ത ആദ്ധ്യാത്മിക വ്യക്തിത്വം ബോധപൂർവ്വം മനസ്സിലാക്കുന്ന സ്ഥിതിയാണതു്. ഇവിടെയേ മനുഷ്യൻ യഥാർത്ഥത്തിൽ മനുഷ്യനാകുന്നുള്ളൂ. ഭൗതികബന്ധപ്പാടുകളിൽ കുടുങ്ങിക്കിടക്കുമ്പോൾ കേവലം മൃഗങ്ങൾക്കു തുല്യനാണവൻ. ഭൂമി മുഴവൻ പിടിച്ചടക്കി കാലിനു കീഴാക്കുന്നതുകൊണ്ടു് അവൻ തെല്ലും മുകളിലേയ്ക്കുയരുകയില്ല. നേരേ മറിച്ച് ഭൗതികവസ്തുക്കളെല്ലാം അവനു് ഉപയോഗിക്കുന്നതിനു മാത്രമുള്ളവയാണെന്നനുസ്മരിച്ചു വിഗണിക്കുമ്പോൾ അവൻ അവയ്ക്കു മുകളിൽ ഉയരുകയാണു്.

സമ്പന്നൻ ഭൗതികവസ്തുക്കളെ പരമലക്ഷ്യമായി കരുതി വിഗ്രഹാരാധന ചെയ്യുമ്പോൾ അരൂപിയിൽ ദരിദ്രൻ ഒരു യഥാർത്ഥ പുരോഹിതനെപ്പോലെ ലോകത്തിനും ദൈവത്തിനും മദ്ധ്യേ സ്ഥാനം പിടിക്കുന്നു. അവൻ ഭൗതികവസ്തുക്കളെ ഉപയോഗിക്കുന്നുണ്ടു്. എന്നാൽ അതു് അവന്റെ പരമലക്ഷ്യമായ ദൈവത്തെ പ്രാപിക്കുന്നതിനുള്ള ഒരു ഉപാധി മാത്രമായിട്ടാണു്. ഒരു വൈദികൻ കുന്തിരുക്കവും, ദീപവും,

---

നവീകരണത്തിലും ദത്താവധാനരാകട്ടെ, തീക്ഷ്ണമതികളാകട്ടെ.

മനുഷ്യനെ ദൈവമാക്കുന്നതിനു് അവതീർണ്ണനായ ദൈവസുതൻ അവിടുത്തെ സനാതനതത്വങ്ങളുടെയും ഉൽകൃഷ്ടമാതൃകയുടെയും പ്രകാശത്തിൽ നമ്മെ നവവത്സരത്തിൽ പുരോഗതിയിലേക്കും, ശാന്തിയിലേക്കും, വിശുദ്ധിയിലേക്കും സൗഭാഗ്യത്തിലേക്കും ആനയിക്കുമാറാകട്ടെ.

---

# ശാന്തിദായകൻ

(ജോൺ പി. മാത്യു പെരിയപ്പുറം ബി. ഏ.)

(തരണിയിലമ്പുകൊണ്ടു് ... എ. മ)

മന്നിടത്തിൽ മന്നനേശു ജാതനായിതാ
ജാതനായിതാ – വിണ്ണിൻ
ശാന്തിദായകൻ ........ മന്നിട....

1. താരമൊന്നു നീലവാനിൽ
പാരമോടെ ദീപ്തി ചിന്തി
പൂർവ്വദിക്കിൽ നിന്നുവന്ന
ദിവ്യരാജാക്കൾ –
ദിവ്യരാജാക്കൾ – മുക്തി
തേടിടുന്നഹാ ........ മന്നിട

2. ശീതമേറും പാതിരാവിൽ
കാലികളാൽ സേവിതനായ്
ബേത്'ലഹേമിൻ പുൽമെത്തയിൽ
ദൈവകുമാരൻ....
ദൈവകുമാരൻ – മർത്ത്യ
വംശപാലകൻ.... മന്നിട

3. രാജഗണമുണ്ണിപാദേ
പൊന്നു,മീറ, കുന്തിരുക്കം
ഭക്തിയോടെ കാഴ്ചവെച്ചു
കുമ്പിടുന്നിതാ
കുമ്പിടുന്നിതാ – സ്വർഗ്ഗ
ഭാഗ്യമേകുവാൻ .... മന്നിട

---

വെള്ളവും, വീഞ്ഞും, അപ്പവുമെല്ലാം ദൈവാർച്ചനയ്ക്കായി ഉപയോഗിക്കുന്നതുപോലെതന്നെ യഥാർത്ഥ ദരിദ്രൻ ഭൗതികവസ്തുക്കളെ എല്ലാം ദൈവത്തിലേയ്ക്കുയരുന്നതിനുള്ള ചവിട്ടുപടികളാക്കുന്നു. ധനവാനു സമ്പത്തു് അവൻെറ കരളിനെ മുറുക്കി ബന്ധിക്കുന്ന കാരിരുമ്പു ചങ്ങലയാണു്; അടിമത്തത്തിൻെറ കൈയാമമാണു്. നേരെ മറിച്ചു് ദരിദ്രൻെറ കരങ്ങളിൽ അവൻ വിനിയോഗിക്കുന്ന വസ്തുക്കൾക്കുതന്നെ ഒരു ദിവ്യത്വം സിദ്ധിക്കുന്നു: ദൈവാർച്ചനയ്ക്കുപ്പിതങ്ങളായിത്തീരുന്നു അവ.

സാമാന്യക്കാരൻ വിചാരിക്കുന്നതുപോലെ ദുഃഖത്തിനും ദുരിതത്തിനും നിദാനമല്ല ദാരിദ്ര്യം. ഭൗതികവസ്തുക്കളൊന്നും അനുപേക്ഷണീയമായി കരുതാത്ത ദരിദ്രൻ യഥാർത്ഥ സ്വാതന്ത്ര്യം അനുഭവിക്കുന്നു. സ്വാതന്ത്ര്യം സന്തോഷത്തിൻെറ ഉറവിടമാണു്. ചില്ലിക്കാശുപോലും കൈവശമില്ലാതെ ജീവിതത്തിൽകൂടി യാത്ര കഴിച്ച അസ്സീസ്സിയിലെ സിദ്ധനെപ്പോലെ സന്തോഷചിത്തരായി ചരിത്രത്തിൽ അധികം ആളുകളെ കാണുകയില്ല. ധനവാൻ പണച്ചാക്കുകൾ കൈയ്യടക്കിയിരുന്നാലും പലപ്പോഴും ദുരിതപൂർണ്ണമായ ഒരു ജീവിതമാണു് നയിക്കുന്നതു്. അവനതു സമ്പാദിക്കുവാൻ രാപകൽ ബുദ്ധിമുട്ടണം. അതു കിട്ടുന്നതുവരെ ആവേശമവനു് ആശ്വാസം നൽകുകയില്ല. കിട്ടിക്കഴിഞ്ഞാൽപിന്നെ അവ നഷ്ടീഭവിച്ചേക്കുമോ എന്നുള്ള ഭീതിയാണു്. അവൻെറ വ്യക്തിത്വത്തെ ഉപര്യുപരി പുറത്തേക്കു വ്യാപിപ്പിച്ചാൽ ബാഹ്യവസ്തുക്കളെ "എൻെറ" എന്ന വ്യക്തിത്വ മുദ്രകൊണ്ടടയാളപ്പെടുത്തിയാൽ സ്വന്ത വ്യക്തിത്വത്തെ ഭദ്രമാക്കാമെന്ന മിഥ്യയാണു് മനുഷ്യജീവിതത്തെ അടിസ്ഥാനപരമായി സ്പർശിക്കുന്ന അബദ്ധം. ഈ മിഥ്യയോടെ അവൻ മുന്നോട്ടുവയ്ക്കുന്ന ഓരോ ചുവടും അവൻെറ കാലുകളെ കുരുക്കി ബന്ധിക്കുകയേ ഉള്ളൂ. അവൻ സമ്പാദിക്കുന്ന വസ്തു അവനും അവൻെറ സഹോദരനും മദ്ധ്യേ ഒരു മതിൽ പണിയുന്നു; അതുപോലെതന്നെ അവനും ദൈവത്തിനുംമദ്ധ്യേ ഭീമമായ ഒരു പ്രതിബന്ധം വരുത്തിവയ്ക്കുകയും ചെയ്യുന്നു. മനുഷ്യൻ അവൻെറ ഭാവിയും പുരോഗതിയും ഭൂതവസ്തുവിൽ തിരയുകയാണു്. ഭൂതാത്മകവസ്തു ഭാവിയുടെയും വളർച്ചയുടെയും നിദാനമല്ല. ആത്മചൈതന്യത്തിനുമാത്രമെ വളരുവാനും വികസിക്കുവാനും കഴിയുകയുള്ളൂ. നേരെമറിച്ചു് ഭൗതികവസ്തുക്കളുടെ കുരുക്കുകളെ ഛേദിച്ചുയരുന്ന യഥാർത്ഥ ദരിദ്രൻ അവൻെറ മനോവികാസത്തിനുള്ള വാതായനങ്ങൾ തുറക്കുകയാണു്. ഇതാണു് ക്രിസ്തുനാഥൻ ദരിദ്രർക്കു ഭാഗ്യം നേരുന്നതിനുള്ള കാരണം. അതു ഈ ഇരുപതാംനൂററാണ്ടിലും തികച്ചും പരമാർത്ഥമാണു്.

# ശ്രീയേശു ജനനം

(റവ. ഫാ. യൗനാൻ, ഒ. ഐ. സി.)

ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ കാലത്തിന്റെ പൂർണ്ണതയിൽ കാലിശാലയിൽ ജാതനായി. ലോകപാപം ഹരിക്കുവാൻ—ലോകത്തിനു രക്ഷ നൽകുവാൻ—ക്രിസ്തു മനുഷ്യജന്മം സ്വീകരിച്ചു. അന്നു മഹാ ശൈത്യമേറിയ മഞ്ഞുകാലം. സെൻസസ്സിന്റെ ഘട്ടം. കാനേഷുകുമാരി കണക്കെടുപ്പു ആരംഭിച്ചു. അഗസ്റ്റസ് സീസറിന്റെ ശാസനം ശിരസ്സാ വഹിച്ചു് നമ്മുടെ വിശുദ്ധദമ്പതികൾ ബേതലഹേമിലെത്തി. പട്ടണത്തിലെവിടെയും ആൾത്തിരക്കും ആരവങ്ങളും തന്നെ. നിതിസൂര്യനുദയം ചെയ്യാൻ സമയമടുത്തുവരുന്നു. സൂര്യൻ മറഞ്ഞുകഴിഞ്ഞു. നിത്യബ്രഹ്മചാരികളായ മേരിക്കും ജോസഫിനും രാപാർക്കാൻ സത്രത്തിലും മറെറാരിടത്തും സ്ഥലം ലഭിച്ചില്ല. നാട്ടിലുള്ള കുടിലുകൾപോലും പേർവഴി ചാർത്തൽനിമിത്തം ജനബിഡമായി. യാതൊരുത്തരും യാത്രികനായ തച്ചന്റെ അഭ്യർത്ഥന സ്വീകരിച്ചില്ല. ഗർഭിണിയായ ധമ്മപത്നി നീതിമാനായ വിശുദ്ധ യൗസേഫിനെ നോക്കി ആ രാജപാതയിൽ നിലകൊണ്ടു. വീടുകൾ ലഭിക്കാത്ത കാരണം താപഭാരത്താൽ തളന്ന തച്ചൻ—കന്യകാകാന്തൻ—വളരെയധികം പ്രാർത്ഥിച്ചു. ആ വിശുദ്ധ ദമ്പതികൾ മുമ്പോട്ടുനീങ്ങി. അവരുടെ മുമ്പിലൊരു തൊഴുത്തു കണ്ടു—അതിലവർ അഭയം പ്രാപിച്ചു. ധന്യാത്മാക്കൾക്കു മന്നിൽ സ്ഥലമില്ല. നേരം പാതിരാവായി. പ്രവചനങ്ങൾ പ്രത്യക്ഷരം നിറവേറി. വിശുദ്ധ കന്യകാംബികയുടെ സുഖപ്രസൂതി നടന്നു.

വിണ്ണിൻപെരുമാളിതാ കാലിക്കൂട്ടിൽ. മന്ദസ്മിതമധു തൂകി ശീതളകരപല്ലവങ്ങളാൽ പ്രേമപൂർവ്വം ഓമനക്കുട്ടനെ മേരിയംബ തലോടുന്നു.

ആത്മീയാനന്ദത്തിൽ മുങ്ങിക്കുളിച്ചുകൊണ്ടു് വിശുദ്ധ യൗസേഫും ആരാധിച്ചനുഗ്രഹം പ്രാപിച്ചു. ലോകമൊരു ഗാഢനിദ്രയിലായിരുന്നപ്പോൾ രക്ഷകൻ ജനിച്ചു. ആട്ടിടയന്മാർ ആടുകളെ സൂക്ഷിച്ചുകൊണ്ടു് ആ മലനാട്ടിൽ പാർത്തിരുന്നു. അഭൗമമായ ഒരു പ്രഭാപൂരത്തിനിടയിൽ ഒരു ദൈവദൂതൻ അവക്കു പ്രത്യക്ഷനായി. ക്രിസ്താവതാരസദ്വാർത്തയറിയിച്ചു. അവർ പകച്ചുനിൽക്കുമ്പോൾ പരശതം മാലാഖമാർ പ്രത്യക്ഷരായി മധുരമോഹനഗാനമാലപിച്ചു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം 'ഭൂമിയിൽ സുമനസ്സുകൾക്കു ശാന്തി' എന്നായിരുന്നു ആ ഗീതികൾ. ദൂതരുടെ ഗീതധ്വനിയിൽ നിന്നുളവായ നവ്യപ്രബുദ്ധതയോടുകൂടി പാതിരാനിദ്രയെ അഗണ്യമാക്കി ഭക്തരായ മേഷപാലകരു് പെട്ടെന്നു പുൽക്കൂട്ടിലെത്തി. പിച്ചകപ്പൂപോലെ മൃദുലാംഗിയായ മേരിമനോഹരിയേയും ഒരു തികഞ്ഞ തൊഴിലാളിയായ ജോസഫിനേയും അവർ കണ്ടു. ശീതബാധയേററ പരുപരുത്ത വൈക്കോലിൽ ശയിക്കുന്ന തങ്കക്കുടത്തെ അവർ ആരാധിച്ചു. മനുഷ്യഹൃദയങ്ങളിൽ ആനന്ദപ്പൂന്തേൻ പകരുന്ന ഈശ്വരകുമാരനെ ആരാധിച്ചു് അവർ നോക്കി നിന്നുപോയി. തങ്കസിംഹാസനത്തെക്കാൾ എത്ര കണ്ടു കാമ്യമല്ല ശാന്തിനികേതനമായ പുൽക്കുടിൽ. ജഗത്തിലെ സ്ഥാനമാനങ്ങൾ നിരർത്ഥകമാണെന്നുള്ള മൗനപ്രസംഗമാണു് യേശുദേവൻ ശയിക്കുന്ന കാലികുലാലയം നമുക്കു പ്രദാനം ചെയ്യുന്നതു്.

മായകളുടെ പിന്നാലെ വിരണ്ടോടുന്ന ലോകം—യാഥാർത്ഥ്യങ്ങളുടെ മുമ്പാകെ തലകുനിക്കാൻ മടിക്കുന്ന ലോകം—ഒന്നുണരുമോ.

ക്രിസ്തുവും ഇന്നത്തെ ക്രിസ്ത്യാനികളും തമ്മിൽ എന്തൊരകൽച്ച. നാമമാത്രജീവിതം കൊണ്ടു മാത്രം തൃപ്തിയടഞ്ഞു് കുരവപ്പൂപോലെ ജീവിതത്തെ നശിപ്പിച്ചുകളയുന്ന ക്രൈസ്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതു പരിതാപകരം തന്നെ. "മ്ലാനതയുടെ ദൂതന്മാർ വർദ്ധിച്ചുവരുന്നു. പ്രത്യാശയുടെ പ്രവാചകർ കുറയുന്നു." ആയിരങ്ങളുടെ അന്തരാത്മാവിൽ അമൃതം പൂശുന്ന സ്നേഹസ്വരൂപനെ അവഗണിക്കുന്നതു് തീരാനഷ്ടം തന്നെ. ദിവ്യശിശോ! അങ്ങു പുഞ്ചിരിച്ചില്ലെങ്കിൽ ഈ ജഗത്താരു വസിക്കും. സാമ്രാജ്യങ്ങളെ കടലാസുകപ്പൽ പോലെ പറപ്പിക്കാൻ കരുത്തുള്ളവനാണെല്ലൊ അങ്ങുന്നു്. തളിരിലും മലർചാർത്തിലുമൊക്കെ അങ്ങയുടെ മധുരഹാസം വിടർന്നുകാണുന്നുവല്ലൊ. ക്രിസ്താവതാരസ്മരണയും കർമ്മപരിപാടികളും ധ്യാനവു

(ശേഷം 7-ാംപേജിൽ)

# വിശ്വാസത്തിന്റെ ആശ്വാസം

(Rt. Rev. Mgr. Paul Kackacherry Ph. D., D. D.)

വിശ്വാസം, ശരണം, ഉപവി—ഈദൃശ ദൈവിക സുകൃതങ്ങൾക്കു ഊക്കേറിയ ഉത്തേജനമരുളുന്ന അക്ഷയമായൊരു ശക്തിശാലയാണ് വി. പൌലോസിന്റെ ലേഖന പരമ്പര. അവധാനപൂർവ്വം അവ വായിക്കുന്ന ആർക്കും ഈ വസ്തുത സ്ഫടികസ്ഫുടം വെളിപ്പെടാതിരിക്കയില്ല. അദ്ധ്യാത്മജീവിതത്തിന്റെ ആണിക്കല്ലുകളാണല്ലോ പ്രസ്തുത പുണ്യങ്ങൾ. ഇവയെ പിടിച്ചു കുലുക്കിയുലച്ചു തുലച്ചുകളയുവാൻ അഹോരാത്രം അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന പൈശാചികമനസ്കരായ മനുഷ്യരും നാരകീയ പ്രസ്ഥാനങ്ങളും അനുദിനമെന്നോണം എണ്ണത്തിലും വണ്ണത്തിലും കൂടി വരികയാണ്. സാങ്കേതികവിജ്ഞാനത്തിന്റെ വിസ്മയാവഹമായ വിടർച്ചയും, ശാസ്ത്രീയകണ്ടുപിടുത്തങ്ങളുടെ പൂർവ്വാധികമായ പുരോഗതിയും പുഷ്ടിയും—ഇവയിൽ നിന്നു ലോകാന്തരീക്ഷത്തിൽ അപ്പപ്പോൾ പൊട്ടിയുയർന്നു വിരിഞ്ഞുകൊണ്ടിരിക്കുന്ന 'വെടിക്കെട്ടുകൾ'; ഇവയുടെ കണ്ണഞ്ചിക്കും പ്രഭാപൂരത്തിൽ പെട്ടു ദുർബ്ബലമാനസങ്ങളിൽ കുടികൊള്ളുന്ന ഏതാദൃശമായ ആത്മികസിദ്ധികളുടെ പ്രകാശം മങ്ങിപ്പോയേക്കാനിടയുണ്ട്; ഉയിരിനുപോലും ഊനമേൽക്കുവാൻ വഴിയുണ്ട്. ആകയാൽ ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ചും കത്തോലിക്കർ സെൻറ് പോളിന്റെ ലേഖനങ്ങൾ അതീവ താല്പര്യത്തോടും ഉററശ്രദ്ധയോടും കൂടി വായിക്കയും പഠിച്ചറിയുകയും ചെയ്യേണ്ടതു് ഒരത്യാവശ്യമായി തീർന്നിരിക്കുന്നു. റോമിലെ കൽത്തുറുങ്കിൽ കിടന്നരിഷ്ടിക്കുകയായിരുന്നു അപ്പസ്തോലൻ. അക്കാലത്താണ് എഫേസൂസിലെ തന്റെ അദ്ധ്യാത്മമക്കൾക്കു ആശ്വാസവും ആത്മധൈര്യവുമരുളുവാൻ പോന്ന ഒരു വിശിഷ്ടലേഖനമയച്ചുകൊടുത്തതു്. കുപ്രസിദ്ധമായ റോമൻ കാരാഗാരത്തിലെ ദുർവ്വഹമായ ജീവിതസാഹചര്യങ്ങൾ; രക്തസാക്ഷിത്വത്തിന്റെ ഭീകരമായ കരിനിഴൽ വ്യാപിച്ചിരുന്ന അന്തരീക്ഷം; ഏതു നിമിഷത്തിലും കൊലക്കളത്തിലേക്കാനയിക്കപ്പെട്ടുമെന്നുള്ള ഭീതിയാൽ ആശങ്കാകുലമായി മുന്നോട്ടുനീങ്ങിയിരുന്ന നാളുകൾ—ഇങ്ങനെ കായികവും മാനസികവുമായ നീറുന്ന വേദനകൾക്കിരയായി കഴിഞ്ഞുകൂടുകയായിരുന്നു അദ്ദേഹം. എന്നാൽ അതൊക്കെയും ആ വീരപ്രേഷിതൻ തുലോം നിസ്സാരമായി തള്ളി; പോരാ, തന്റെ ജീവനിൽ ജീവനായ ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനും, അവിടുത്തോടുള്ള സ്നേഹപാരമ്യത്തെ പ്രകടമായി പ്രകാശിപ്പിക്കുവാനും അത്തരം വ്യഥാജനകമായ സാഹചര്യങ്ങൾ പ്രായോഗികമായി പ്രയോജനപ്പെടുമെന്നോർത്തപ്പോൾ തന്റെ തരളിതമായ അന്തരംഗത്തിൽ അഭിമാനവും ആഹ്ളാദവും അലകളുയർത്തി.

സാധാരണഗതിയിൽ പരാതികളുടേയും പരിഭവങ്ങളുടേയും ഒരു നീണ്ട പട്ടികയായിരിക്കും ആരും അത്തരം ചുററുപാടുകളിൽ ന്യായപൂർവ്വം പ്രതീക്ഷിക്കുക. മനുഷ്യപ്രകൃതിയെ അറിയുന്നവരാരും അതിൽ അനാദരണീയമായൊന്നും കാണുകയുമില്ല. വി. പൌലോസാകട്ടെ നീതിയ്ക്കോ ന്യായത്തിനോ ഒട്ടും നിരക്കാത്ത തരത്തിൽ താൻ സഹിക്കേണ്ടി വന്ന നിന്ദാവമാനങ്ങളെപ്പററിയോ കഷ്ടാരിഷ്ടതകളെപ്പററിയോ സങ്കടനിവേദനമായി ഒരൊററ വാക്കുപോലും ഉരിയാടുന്നില്ല. സാധാരണ മനുഷ്യർ നൈരാശ്യത്തിലും കണ്ണീരിലും ആണ്ടുപോകുമെന്ന പ്രസ്തുതസാഹചര്യങ്ങളിൽ ശ്ലീഹാ ഉന്മേഷചിത്തനും പ്രസന്നവദനനുമായി വർത്തിക്കുന്നു. മാനവസ്വഭാവത്തെ സംബന്ധിച്ചിടത്തോളം അന്യാദൃശവും കൌതുകാവഹവുമായൊരു പ്രതികരണം! ഇതിനുള്ള കാരണം എന്തായിരിക്കാം?

എഫേസൂസിലെ ക്രൈസ്തവർക്കുവേണ്ടിയുള്ള വി. പൌലോസിന്റെ പ്രാർത്ഥന ഇങ്ങനെയായിരുന്നു: ആരേയും അമ്പരപ്പിക്കുംവിധം അത്ഭുതാവഹമത്രേ ദൈവം മർത്ത്യരോടു കാണിക്കുന്ന അപാരമായ സ്നേഹം. ഈ യാഥാർത്ഥ്യം ശരിക്കറിഞ്ഞാദരിക്കുവാൻ തക്കവിധം പ്രവൃത്തിയിൽ പ്രകാശിക്കുന്ന വിശ്വാസത്തിന്റെ ചൈതന്യത്താൽ അവർ അടിതൊട്ടു മുടിവരെയും പ്രചോദിതരായിത്തീരണം. വിശ്വാസമാകുന്ന അമൂല്യവരംമൂലം ക്രിസ്തു അവരുടെ ഉൾത്തടങ്ങളിലെന്നും അധിവാസമുറപ്പിയ്ക്കണം. സ്നേഹത്തിൽ വേരൂന്നുകയും അടിയുറയ്ക്കുകയും ചെയ്തുകൊണ്ടു് ക്രിസ്തുവിനു നമ്മോടുള്ളസ്നേഹത്തിന്റെ പരപ്പും നീളവും ഉയരവും ആഴവും അവർ യഥാവിധി ഗ്രഹിക്കണം. ഈ

സ്നേഹമാകട്ടെ സകല മനുഷ്യവിജ്ഞാനത്തേയും അതിശയിക്കുന്ന ഒന്നാണ്. (Cfr. എഫേ. 3,17,18,19)

സെൻറ് പോൾ സമാധിയിൽ ലയിച്ചിരുന്നില്ല; അദ്ദേഹത്തിൻെറ വികാരങ്ങൾ മരവിച്ചുപോയിരുന്നുമില്ല. സകലതും അദ്ദേഹം സുവിശദമായി ദർശിച്ചുകൊണ്ടിരുന്നു; പ്രകൃതിസഹജമായ പ്രതികരണങ്ങൾക്കെല്ലാം ഇരയായിത്തന്നെ അദ്ദേഹം വർത്തിച്ചിരുന്നു. പിന്നെ എന്തിലാണ് ഈ വ്യത്യസ്തമനോഭാവത്തിൻെറ അടിസ്ഥാനം കുടികൊണ്ടിരുന്നത്? എല്ലാ ജീവിതവിപര്യയങ്ങളും ക്രിസ്തുവിലും ക്രിസ്തുവിലൂടേയും വ്യക്തമായി നോക്കിക്കാണുവാൻ തനിക്കു കഴിഞ്ഞിരുന്നു എന്നതാണ് അദ്ദേഹത്തിൻെറ വിലപ്പെട്ട നേട്ടം. തടങ്കൽപാളയത്തിൻെറ നിശിതനിയന്ത്രണങ്ങളോ, മൃത്യുവിൻെറ ഭീജനകമായ നിഴല്പാടോ അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിക്കുവാൻ പര്യാപ്തമായില്ല. ദൈവം തന്നെ പൈതൃകമായി സ്നേഹിക്കുന്നുണ്ട്—അടിസ്ഥാനപരമായ ഈ ആദ്ധ്യാത്മവസ്തുതയിലത്രേ തൻെറ മാനസമത്രയും കേന്ദ്രീകരിച്ചിരുന്നത്. ഈശ്വരനെ പരമാർത്ഥഹൃദയത്തോടെ സ്നേഹിക്കുന്ന ആർക്കും എല്ലാം നന്മയായി കലാശിക്കും—തൻെറ ജീവിതതത്വശാസ്ത്രത്തിലെ ഒരു പ്രമുഖസിദ്ധാന്തമായിരുന്നു ഇത്. മൗലികപ്രധാനമായ ഈ ദർശനതത്വഗ്രഹണത്തോടെ ജീവിതതുലുണ്ടയിൽനിന്നു സകല പടലപിണക്കങ്ങളും പമ്പകടന്നു. വിശ്വാസത്തിൻെറ അഭൌമമായ പ്രകാശത്തിൽ ദൈവികനയങ്ങളോടെ ജീവിതസാഹചര്യങ്ങളെല്ലാം അചഞ്ചലനായും അക്ഷോഭ്യനായും ദർശിച്ചാനന്ദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

വി. ശ്ലീഹായ്ക്കെന്നപോലെ നമുക്കും സർവ്വശക്തൻ സൌമനസ്യപൂർവ്വം സംഭാവനചെയ്തിട്ടുള്ള അമൂല്യമായൊരു സൌജന്യദാനമാണ് വിശ്വാസം. വിശ്വാസം നിഷ്കർഷാപൂർവ്വം ആവശ്യപ്പെടുന്ന കർത്തവ്യങ്ങൾ നിഷ്ഠയോടെ നിറവേററി ജീവിക്കുക—പവിത്രാത്മാവും നാമും തമ്മിലുള്ള ഒരു സഹകരണപ്രവർത്തനമാണതും. മറുഭാഗത്തുനിന്നുള്ള സഹായസഹകരണങ്ങൾക്കു ഒരിക്കലും യാതൊരു ലോഭവും നേരിടുകയില്ല; നമ്മെ സംബന്ധിച്ചിടത്തോളം അലസതയും അശ്രദ്ധയും നേരിടാതെ നോക്കിയാൽ മാത്രം മതി. സെൻറ് പോൾ ഇങ്ങനെ ഉൽഘോഷിക്കുന്നതുപോലെ തോന്നും: "നിങ്ങളുടെ ജീവിതോദ്യോഗം ഇതൊന്നു മാത്രമാണ്—ഈശ്വരനെ മഹത്വപ്പെടുത്തുക. നിഷ്ഠാപൂർവ്വമുള്ള മതാനുഷ്ഠാനം വഴി നിങ്ങൾക്കിതു നിർവ്വിഘ്നം നിർവ്വഹിക്കാം. എന്നാൽ ദൈവത്തിൻെറ ഉദാരമായ സഹായസഹകരണങ്ങളുണ്ടായിട്ടും പലപ്പോഴും നിങ്ങൾക്കതു ക്ലേശാവഹവും ദുർവ്വഹവുമായി തോന്നിയേക്കാം. പരലോകത്തിലും നിങ്ങളുടെ ജോലി വേറൊന്നായിരിക്കയില്ല എന്ന് ഓർത്താലും; പക്ഷെ ഒന്നുണ്ട്; അപ്പോൾ ദൈവത്തിൻെറ അനന്തമായ സ്നേഹം നേരിട്ടനുഭവിച്ചുകൊണ്ടായിരിക്കും നിങ്ങൾ അവിടുത്തെ പാടിപ്പുകഴ്ത്തുക; അതിൽ നിങ്ങൾ പരമസായൂജ്യം കണ്ടെത്തുകയും ചെയ്യും. തല്ക്കാലജീവിതത്തിലനുഭപ്പെടുന്ന പ്രലോഭനങ്ങളിലും പരീക്ഷണങ്ങളിലും പരാജയങ്ങളിലും പീഡനങ്ങളിലും ആത്മധൈര്യമവലംബിച്ചാലും. ദൈവം നിങ്ങളെ ഒരു വത്സലപിതാവിനെപ്പോലെ നിങ്ങൾക്കു ഊഹിപ്പാൻ കഴിയുന്നതിലുമധികം സ്നേഹിച്ചുകൊണ്ടാണിരിക്കുന്നത്. ഈശോമിശിഹാ തന്നെ വെളിപ്പെടുത്തിട്ടുള്ളതാണ്. ആർക്കും എപ്പോഴും ആത്മീയാശ്വാസവും മനഃശാന്തിയും പ്രദാനം ചെയ്യുവാൻ സർവ്വഥാ പര്യാപ്തമായ ഈ മഹാസത്യം. ഈ വിശ്വാസത്തിൽ നിങ്ങൾ അടിയുറച്ചുനിന്നാലും. എന്തു സംഭവിച്ചാലും അതെല്ലാം അവസാനം നിങ്ങളുടെ പരമനന്മയ്ക്കായിട്ടാണ് അവിടുന്ന് അനുവദിക്കുന്നത് എന്നു നിസ്സന്ദേഹം നിങ്ങൾക്കു ബോദ്ധ്യപ്പെടും."

---

(5-ാംപേജിൽ നിന്നും തുടർച്ച)

മൊക്കെ അന്തഃകരണത്തിൽ സർവ്വതോമുഖമായ ഒരു ശുദ്ധികർമ്മം നടത്തലിന് ജനതയ്ക്കു വഴി തെളിക്കട്ടെ. ആധുനികയുഗം വെമ്പൽ കൊള്ളുകയാണ് കേവലം ആർഭാടങ്ങളിലും വെറിക്കൂത്തുകളിലും കലാപ്രകടനങ്ങളിലും കൂടിമാത്രം പുരോഗമിക്കാൻ. ആഭ്യന്തരവകുപ്പിനെപ്പററി—ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ച്—അശേഷം ചിന്തയില്ല. അശുദ്ധ സ്നേഹത്തിൻെറ അപശ്രുതികളെ തിരുത്താനും അകളങ്കിതമായ പ്രേമത്തിൻെറ പെട്ടിപ്പാട്ടുമായി അസ്തിത്വത്തിൻെറ ആനന്ദം നുകർന്നു ജീവിക്കാനും "ശ്രീയേശുജനനം" എവർക്കും സംഗതി വരുത്തട്ടെ.

# ആ വധൂവരന്മാരുടെ പുനസ്സമാഗമം

(വെ. റവ. ഫാ. അബ്രൂന്തിയോസ്, സി. എം. ഐ.)

ആ വധൂവരന്മാരുടെ പുനസ്സമാഗമം! ആരാണീ വധു? മനുഷ്യവർഗ്ഗം അഥവാ മനുഷ്യാത്മാവ്. ആരാണീ വരൻ? പുത്രനായ ദൈവം. പുത്രനായ ദൈവത്തിന്റെ മനുഷ്യാവതാരത്തെയും പരിത്രാണകർമ്മത്തെയും പ്രകാശിപ്പിക്കാൻ കുരിശിന്റെ വി. യോഹന്നാൻ സ്വീകരിച്ച ഉപമയിതാണ്. "പിതാവായ ദൈവം തന്റെ തൃക്കുമാരന് സൃഷ്ടലോകത്തെ മനുഷ്യലോകത്തെ വധുവായി നൽകി. എന്നാൽ അവളതാ ഒരാളുടെ അടിമയായിത്തീർന്നു! ഇരുമ്പുചങ്ങലകളാൽ ബന്ധിതയായി!! പിതാവ് 'വചന'ത്തോടു പറഞ്ഞു: 'എന്റെ മകനേ, ഇതാ നിന്റെ വധു: നിന്റെ ഛായയിൽ സൃഷ്ടിച്ചുതരികയും നീ അത്യധികം സ്നേഹിക്കയും ചെയ്ത മണവാട്ടി. അവളെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുവാൻ നീയും അവളെപ്പോലെയാകണം, സ്നേഹത്തിന്റെ നിയമമാണിതു്. അവളെപ്പോലെ നീ മാംസം ധരിക്കുക. നീ മാംസധാരിയായിക്കാണുന്നതു് അവർക്കതീവ സന്തോഷമായിരിക്കും'. 'അങ്ങേ തിരുമനസ്സ് നിർവ്വഹിക്കുന്നതാകുന്നു എന്റെ ഹിതം.' നിത്യവചനം പ്രതിവചിച്ചു; 'ഞാൻ പോയി എന്റെ പ്രേമഭാജനത്തെ കണ്ടെത്തും. അവളുടെ ക്ലേശഭാരവും തളർച്ചയും ഞാൻ എന്റെ സ്വന്തം ചുമലിൽ വഹിക്കും. അവളെ ജീവിപ്പിക്കുന്നതിനുവേണ്ടി ഞാൻ മരിക്കും; അങ്ങനെ അവളെ എന്റെ പിതാവിന്റെ പക്കലേയ്ക്കു് ഞാൻ പ്രത്യാനയിക്കും.'

വി. പിതാക്കന്മാരുടെയും, വേദപാരംഗതന്മാരുടെയും ക്രൈസ്തവപണ്ഡിതന്മാരുടെയും കൃതികളിൽ ഈ ആശയം ഏറെക്കുറെ വ്യാപിച്ചുകിടക്കുന്നതായിക്കാണാം. വി. ആഗുസ്തിനോസ് പറയുന്നു: "സ്വന്തരക്തം ചിന്തി സമ്പാദിച്ച ഒരു വധു മിശിഹായ്ക്കുണ്ടു്. അവളുടെ പാപപരിഹാരാർത്ഥം അവിടുന്നു മരിക്കയും അവളുടെ രക്ഷണാർത്ഥം അവിടുന്നു് ഉത്ഥാനം ചെയ്കയും ചെയ്തു." മിശിഹായുടെ ജീവിതവും പരിത്രാണകർമ്മവുമെല്ലാം ഒരു മനോഹരമായ പ്രേമപ്രകാശനമായിരുന്നുവെന്നും, അന്തിമത്യാഗത്തെ ലക്ഷ്യമാക്കി ഓടുന്നതായി വിഭാവനം ചെയ്യുന്ന ഒരു വീരകഥാസമാനമായിരുന്നു അതെന്നും നാടക സദൃശമായ ഗതിയോടും ലക്ഷ്യത്തോടുംകൂടി ഈ പരിത്രാണ നാടകത്തിന്റെ ഇതിവൃത്തം മുഴുവനും പക്ഷങ്ങൾ വിരിച്ചു പറക്കുന്നുവെന്നും—ജി. കെ. ചെസ്റ്റർട്ടൺ പറയുന്നു.

ഭൂലോകമാകുന്ന നാടകവേദിയിൽ അഭിനയിക്കപ്പെട്ടിട്ടുള്ള നാടകങ്ങളിൽ വച്ചു് എല്ലാംകൊണ്ടും വിശിഷ്ടമാണീ പരിത്രാണനാടകം. നാടകം ഒരു കലയാണല്ലോ. കലയാകട്ടെ പ്രകൃതിയുടെ അനുകരണമാണെന്നു് അരിസ്റ്റോട്ടൽ പറയുന്നു. മിശിഹാ നിർവ്വഹിച്ച പരിത്രാണകർമ്മം, സ്വാഭാവികമായി ആദം നിർവ്വഹിക്കേണ്ടിയിരുന്ന പരിഹാരകർമ്മം സ്വയം ഏറ്റെടുത്തതാണ്. ഈ പരിഹാരകർമ്മം നിർവ്വഹിക്കാൻ മനുഷ്യൻ പ്രകൃത്യാ അപ്രാപ്തനത്രേ. എന്നാൽ അവൻ എങ്ങനെ ഇതു നിർവ്വഹിക്കേണ്ടി വരുമായിരുന്നുവോ അതു് പുത്രനായ ദൈവം അനുകരിക്കയാണ് ചെയ്തതു്; പ്രകൃത്യാതീത കലാരീത്യാ നിർവ്വഹിക്കയാണ് ചെയ്തതു്. വി. പൗലോസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ, അവിടുന്നു് മനുഷ്യന്റെ വേഷത്തിൽ ലോകനാടകവേദിയിൽ പ്രത്യക്ഷനായി, പാപമൊഴികെ എല്ലാററിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടു, പരിത്രാണകൃത്യം നിർവ്വഹിച്ചു. പരിത്രാണനാടകം എന്നു പറയുന്നതിൽനിന്നു ചരിത്രപരമായ അടിസ്ഥാനമില്ലാത്ത ഒരു കല്പിതകഥയാണിതെന്നു് ആരും തെററിദ്ധരിക്കരുതു്. ലോകചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങളിൽവച്ചു് ഏററവും ചരിത്രപരമാണീ പരിത്രാണ സംഭവം. എന്നാൽ, അതിന്റെ വിധം എല്ലാംകൊണ്ടും മനോഹരപരിണാമഗുപ്തിയോടുകൂടിയ നാടകസദൃശമായിരുന്നെന്നുമാത്രം.

ഭൂഗോളസാഹിത്യഗ്രന്ഥങ്ങളും നാടകങ്ങളും പ്രായേണ കാമിനീകാമുകന്മാരുടെ പ്രണയകലഹത്തെ വിഷയീകരിച്ചുള്ളതാണെന്നു പറയാം. യഥാർത്ഥമായ അനുരാഗത്താൽ ബന്ധിതരായവർ തമ്മിൽ വേർപിരിഞ്ഞിരിക്കുന്ന അവസ്ഥയാണ് വിപ്രലംഭാവസ്ഥ. ഇങ്ങനെയൊരവസ്ഥ മനുഷ്യാത്മാവിനും വന്നുകൂടി. മനുഷ്യാത്മാവും (അഥവാ മനുഷ്യവർഗ്ഗവും) ദൈവവും തമ്മിലുള്ള

സ്നേഹത്തെ പ്രണയകഥകളിലെ നായികാനായകന്മാരുടെ പ്രേമവിശേഷത്തിനു സദൃശമായിട്ടത്രേ വിശുദ്ധ ഗ്രന്ഥം പ്രകാശിപ്പിക്കുന്നതു; ഇതുതന്നെയാണ് വി. പിതാക്കന്മാരുടെയും മററും കൃതികളിൽ പ്രതിബിംബിച്ചു കാണുന്നതു്. എന്നാൽ മനുഷ്യാത്മാവും ദൈവവും തമ്മിലുള്ള ഈ സ്നേഹവിശേഷം ലൗകായതികന്മാർ മനസ്സിലാക്കുന്ന അർത്ഥത്തിലല്ല, മൗതികാർത്ഥത്തിലാണ് നാം മനസ്സിലാക്കേണ്ടതു്. ഉത്തമഗീതം (Canticle of Canticles) ഈ അർത്ഥത്തിലാണ് വ്യാഖ്യാനിക്കേണ്ടതു്, വെറും നഗ്നമായ ശൃംഗാരരീതിയിലല്ല.

മനുഷ്യവർഗ്ഗത്തിൻെറ അധഃപതനത്തിനു ഹേതുവായ പിശാചിനെപ്പററി ചിന്തിക്കുമ്പോൾ, പ്രണയകഥാനാടകങ്ങളിൽ കാണുന്ന പ്രതിനായകന്മാരുടെ കാര്യമാണ് ഓർമ്മയിൽ വരുന്നതു്. വാസ്തവത്തിൽ ആത്മാർത്ഥമായി സ്നേഹിക്കുന്ന നായികാനായകന്മാരെ വേർതിരിക്കാനാണ് പ്രതിനായകൻെറ പരിശ്രമം. സ്വാഭീഷ്ടസിദ്ധിക്കുമാവാം, അസൂയയാൽ പ്രേരിതനായിട്ടുമാവാം. ഏതായാലും മനുഷ്യവർഗ്ഗം പിശാചിൻെറ സ്വാധീനതയിലായിത്തീരുന്നു. തൻെറ ഏകപ്രേമവിഷയമായ ദൈവത്തിൽനിന്നകന്നുപോയി, പിശാചിൻെറ വഞ്ചനയിൽപ്പെട്ടുപോയി എന്നവർ ഗ്രഹിക്കുന്നു. സ്വാപരാധം അവർ ഏററുപറകയും നായകനോടു ചേരാനുള്ള ആഗ്രഹം പ്രകാശിപ്പിക്കയും ചെയ്യുന്നു. ആദിമാതാപിതാക്കന്മാരുടെ പാപം മുതൽ ദിവ്യരക്ഷകൻെറ പരിത്രാണകർമ്മം പൂർത്തിയായതുവരെ മനുഷ്യവർഗ്ഗം തരണം ചെയ്ത കാലഘട്ടത്തെ പ്രവാസവിപ്രലംഭാവസ്ഥയോടുപമിക്കാം:

"പ്രവാസം ദൂരവാസംതാൻ
കാര്യശാപാദിമൂലമായ്
മുഷിഞ്ഞ മെയ്യാടകളും
ചെട കെട്ടിയകുന്തലും
തേങ്ങിക്കരച്ചിലും മണ്ണിൽ
വീഴ്ചയും വരുമായതിൽ
അംഗാസൗഷ്ഠവവും, താപം,
വിളർപ്പു,രുചി,കാർശ്യവും,
ധ്രുത്യഭാവ,മനാലംബം,
തന്മയോന്മാദ മൂർച്ഛകൾ
മൃതിയും മദനാവസ്ഥ........"

ഇങ്ങനെയുള്ള ദയനീയാവസ്ഥയാണ് പൂർവ്വനിയമത്തിലെ ജനപദങ്ങളിൽ, വിശിഷ്യ, ഇസ്രായേൽ ജനങ്ങളിൽ നാം ദർശിക്കുന്നതു്. പരിത്രാതാവിനെക്കുറിച്ചുള്ള പരീക്ഷയും, പരിത്രാണം വേഗത്തിൽ നിർവ്വഹിക്കപ്പെടുവാനുള്ള പ്രാർത്ഥനകളും, പ്രായശ്ചിത്തപ്രവൃത്തികളും പൂർവ്വപിതാക്കന്മാരുടെ ഇടയിൽ വർദ്ധമാനമായിക്കൊണ്ടിരുന്നു.

കഥാകാരന്മാരും നാടകകർത്താക്കളും വിപ്രലംഭദശ നീട്ടിക്കൊണ്ടുപോകുന്നതായി സാധാരണ കാണുന്നുണ്ട്. എന്തിനാണതു്? കഥകൾ വായിക്കുന്നവരുടെയും നാടകം കാണുന്നവരുടെയും രസം വർദ്ധിപ്പിക്കാൻ. നായികാനായകന്മാർ വേർപിരിഞ്ഞുടനെതന്നെ സമാഗമിച്ചാൽ കഥാനാടകങ്ങളുടെ രസം പോകും. അങ്ങനെ വരാതിരിപ്പാൻ ഗ്രന്ഥകാരന്മാർ അവലംബിക്കുന്ന മാർഗ്ഗം പരിണാമത്തെ ഗോപനം ചെയ്തുകൊണ്ടുപോകയാണ്. നായികയെ പ്രതിനായകൻെറ പിടിയിൽനിന്നു മോചിപ്പിക്കുന്നകാലം, വിധം ആദിയായ വിവരണങ്ങളെല്ലാം ക്രമേണ കൂടുതൽ കൂടുതൽ വിശദമായി രഹസ്യദൂതന്മാർവഴി അറിയിച്ചുകൊണ്ടിരിക്കും. മോചനസമയം ആസന്നമാകുന്നതോടൊപ്പം നായികയുടെ പ്രത്യാശ വർദ്ധമാനമായിക്കൊണ്ടിരിക്കും. ഇങ്ങനെയുള്ള വിപ്രലംഭദശ നായികാനായകന്മാരുടെ പ്രണയത്തിനു ദാർഢ്യവും നൈർമ്മല്യവും കൂട്ടുന്നു. ആദ്ധ്യാത്മികമായ ഒരു വിപ്രലംഭദശയെ തരണംചെയ്ത മനുഷ്യവർഗ്ഗത്തിൻെറ സ്ഥിതിയും ഇപ്രകാരമായിരുന്നു. മനുഷ്യൻ അധഃപതിച്ച ഉടനെ പരിത്രാതാവു വന്നിരുന്നെങ്കിൽ സ്വപാപഗൗരവം അവൻ ശരിയായി അറിയുകയാകട്ടെ, അവൻെറ ദയനീയാവസ്ഥ മനസ്സിലാക്കുകയാകട്ടെ, പരിത്രാണത്തിൻെറ മാഹാത്മ്യം ഗ്രഹിക്കയാകട്ടെ, സർവ്വോപരി പരിത്രാതാവിനോടുള്ള സ്നേഹം വർദ്ധിക്കയാകട്ടെ ചെയ്യുമായിരുന്നില്ല. അതിനാൽ പരിത്രാണത്തിൻെറകാലം വിദൂരമായിരിക്കണമെന്നത്രേ ദൈവം തിരുമനസ്സായതു്. എങ്കിലും, മനുഷ്യവർഗ്ഗത്തെ നിരാശപ്പെടുത്താതെ, കാലങ്ങൾ കഴിയുന്തോറും പ്രത്യാശ കൂടുതൽ കൂടുതൽ വർദ്ധിക്കുമാറ് പരിത്രാതാവിൻെറ ഗോത്രം (ആദം, അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരോടുള്ള വാഗ്ദാനം), ജനനസ്ഥലം, (മിഖെയാസ് 5 : 2), ആഗമനസമയം (ദാനി. 9 : 24), കന്യകാജനനം (ഏശാ. 7 : 14), പീഡാമരണങ്ങൾ

(ഏശാ. 53; സ്ലറിയാ 11: 13; സങ്കി. 21 : 17, ശാശ്വതബലി (മലാഖി: 11) എന്നിവ ദൈവം പ്രവാചകന്മാർവഴിയായും മററം അറിയിച്ചുകൊടുത്തുകൊണ്ടിരുന്നു. കഥാനാടകങ്ങളിലെ പരിണാമഗുപ്തി പരിത്രാണസംഭവത്തിലും കാണുന്നതായി ഇപ്പറഞ്ഞവയുടെ സൂക്ഷ്മപരിശോധനയിൽ നിന്നു വ്യക്തമാകും.

പരിത്രാണനാടകത്തിലെ ഒന്നാമങ്കമാണ് പഴയനിയമം. അതിൽ ഏറെക്കുറെ അണിയറയിൽ നിന്നുള്ള വിജ്ഞാപനസ്വരമേ കേൾക്കാനുള്ളൂ; ദൂതന്മാരുടെ സ്വരമേയുള്ളൂ. രണ്ടാമങ്കമാണു പുതിയ നിയമം. പരിത്രാതാവിൻെറ ആഗമനമായി. നായകൻ ആദ്യം സൈഡ് കർട്ടന്നപ്പുറത്തു വന്നു നില്ക്കയാണ്. മംഗലവാത്ത, തിരുപ്പിറവി എന്നീ സംഭവങ്ങളുടെ അവസരത്തിൽ.

പ്രതിനായകന് അജ്ഞാതമാംവിധം നായകൻ രംഗപ്രവേശം ചെയ്യുന്നതാണ് നാടകത്തിൽ കൂടുതൽ രസാവഹമായ ഭാഗം. പ്രതിനായകനെ നിഷ്പ്രയാസം വെല്ലുവാൻ പ്രാപ്തനായ നായകൻപോലും വേഷപ്രച്ഛന്നനായിട്ടത്രേ രംഗത്തിറങ്ങുന്നത്. പരിത്രാണനാടകത്തിൽ, നായകനായ ദിവ്യരക്ഷകൻെറ രംഗപ്രവേശവും ഇപ്രകാരമാണ്. പ്രതിനായകനായ പിശാചിനു മിശിഹായുടെ ജനനത്തെ സംബന്ധിച്ചും മററം സൂക്ഷ്മഗ്രഹണമില്ലായിരുന്നു. പിശാചിന് ബാഹ്യമായി സംഭവിക്കുന്നവയെല്ലാം സ്വാഭാവികശക്തിയാൽ അറിയാമെങ്കിലും, പരിശുദ്ധകന്യകാമറിയത്തിൻെറ കന്യാത്വത്തെയും ദിവ്യരക്ഷകൻെറ കന്യകാജനനത്തെയും സംബന്ധിച്ച് അറിയാൻ സാധിക്കാതെ വന്നതു ദൈവപരിപാലനയുടെ പ്രത്യേക ഇടപെടൽ മൂലമായിരുന്നുവെന്ന് വി. ആഗുസ്തീനോസും വി. തോമസ് അക്വിനാസും അഭിപ്രായപ്പെടുന്നു. എന്തിനാണിങ്ങനെ ചെയ്തതു്? തൻെറ സർവ്വശക്തിയാൽ ശൈശവത്തിൽപോലും പിശാചിനെ ജയിക്കുന്നതിനു് മിശിഹാ പ്രാപ്തനായിരുന്നില്ലയോ? പ്രാപ്തനായിരുന്നു. എന്നാൽ നീതി നിറവേറുന്നതിനു ഇതാവശ്യമായിരുന്നുവെന്നാണ് വി. തോ. അക്വിനാസ് പ്രസ്താവിക്കുന്നതു്. പരിത്രാണകർമ്മത്തിൻെറ ഫലം മനുഷ്യർ സമ്പൂർണ്ണമായി അനുഭവിക്കാനിടയാകത്തക്കവിധം അവരെ ഒരുക്കുവാൻ മിശിഹാ ക്രമല്ലഃസ്വയം വെളിപ്പെടുത്തുകയാണുണ്ടായതു്. അതു് കഥാനാടകങ്ങളിലെ പരിണാമഗുപ്തിയുടെ രീതിയിൽ സംഭവിച്ചു. മിശിഹായുടെ പരസ്യജീവിതകാലത്തെ അത്ഭുതപ്രവർത്തനങ്ങളിൽനിന്നും മററം അവിടുത്തെക്കുറിച്ച് പ്രതിനായകനായ പിശാചൻ ചിലതെല്ലാം ഊഹിച്ചുവെങ്കിലും, അവിടുന്ന് ദൈവമാണെന്നോ, അവിടുത്തെ ശക്തി അത്ര വലുതാണെന്നോ, നായികയെ സമ്പൂർണ്ണമായി മോചിപ്പിക്കുമെന്നോ അവന് തീർച്ചയില്ലായിരുന്നു. അവിടുന്ന് ദൈവമായിരിക്കാമെന്ന് ചിലപ്പോൾ ഊഹിച്ചുവെങ്കിലും, മനുഷ്യസഹജമായ ബലഹീനത (പാപമൊഴികെ) കണ്ടപ്പോൾ അവൻ കൂടുതൽ സംശയഗ്രസ്തനായി. പരിത്രാണനാടകത്തിൻെറ ഉപസംഹാരഘട്ടമായപ്പോൾ അവൻ എന്തെല്ലാം വെപ്രാളമാണ് കാണിച്ചതെന്നോ! പീലാത്തോസിൻെറ ഭാർയ്യവഴിയായി പരിത്രാതാവിനെ മോചിപ്പിക്കുവാൻ അവൻ ഒരു അന്തിമ ശ്രമം നടത്തി (മത്താ. 27:19). അതു വിഫലമായി.)

നായികയുടെ വിമോചനം മാത്രമല്ല നിർവ്വഹിക്കപ്പെട്ടതു്. പ്രതിനായകൻെറ – പിശാചൻെറ അഥവാ മരണത്തിൻെറ – വധവുംകൂടി നിർവ്വഹിക്കപ്പെട്ടു. കല്പിതകഥകളിലും നാടകങ്ങളിലും നാം ചിലപ്പോൾ കാണാറുള്ളതാണ്, നായകൻ കാരാഗൃഹത്തിലെത്തി നായികയെ സ്വവേഷമണിയിച്ച് വിമോചിപ്പിച്ചശേഷം നായികയുടെ വേഷമണിഞ്ഞു് കാരാഗൃഹത്തിൽ പാർത്തുകൊണ്ട് പ്രലോഭകനായ പ്രതിനായകൻ വരുമ്പോൾ അവനെ അവിടെവച്ചു് വധിക്കുന്ന സംഭവം. വി. ആഗുസ്തീനോസിൻെറ ഭാഷയിൽപ്പറഞ്ഞാൽ പരിത്രാണനാടകത്തിൻെറ പര്യവസാനമിതാണ്. മനുഷ്യനെ ദൈവമാക്കുവാനായി ദൈവം മനുഷ്യനായിത്തീർന്നു. മനുഷ്യനെ ദൈവപ്രസാദവരമാകുന്ന വേഷം എന്നേയ്ക്കുമായി അണിയിച്ച് ഈശോമിശിഹാ പാപിയുടെ വേഷമണിഞ്ഞു് ഐഹികപ്രവാസ ജീവിതം നയിച്ചുകൊണ്ട് ഒടുവിൽ പ്രതിനായകനായ മരണത്തെ (ഒരു തരത്തിൽപ്പറഞ്ഞാൽ പിശാചനെത്തന്നെ) വധിച്ചു, നിത്യവിജയം നേടി.

പരിത്രാണനാടകത്തിലെ നായകൻെറ വേഷമണിഞ്ഞ ഈ നടൻ അണിഞ്ഞ വേഷം മാററിയിട്ടില്ല, മാററുകയുമില്ല. എന്നേയ്ക്കും സ്വവധുവിനെ പ്രതി അതണിഞ്ഞുകൊണ്ടിരിക്കും. പരിത്രാതാവ് തൻെറ അഭിനയം കഴിഞ്ഞു് നിത്യമായി അണിയറയിൽ പ്ര

# ആയിരത്തി തൊള്ളായിരത്തി അറുപത് (1960)

( റവ. സിസ്റ്റർ മേരി ജോൺ )

കുറെക്കാലമായി പലരുടെയിടയിലും ഒരു സംസാരവിഷയമായിത്തീർന്നിരിക്കയായിരുന്നു 1960. ഇപ്പോഴിതാ ആ പുത്തനാണ്ടിന്റെ പൊൻതാളുകൾ ഓരോന്നോരോന്നായി നാം മറിച്ചുനോക്കുകയാണ്. കേരളത്തെ സംബന്ധിച്ചുടത്തോളം നാമൊരു നിർണ്ണായകസന്ധിയിലേയ്ക്കു മുന്നേറുകയാണല്ലോ. ഇതിനൊരു പശ്ചാത്തലമായിട്ടായിരിക്കുമോ ലോകാവസാനത്തെ പററിയുള്ള ചില കിംവദന്തികൾ അങ്ങിങ്ങായി തലപൊക്കിയത്. ഫാത്തിമായിൽ വെച്ച് ദൈവജനനിയെ ദർശിക്കുവാൻ ഭാഗ്യംസിദ്ധിച്ച ലൂസിയുടെ കത്ത് 1960–ൽ തുറന്നു വായിക്കുമെന്നും, അതിൽ എന്തൊക്കെയോ ആപത്സൂചനയുണ്ടെന്നുമാണ് ഒരു വാർത്ത. മൂന്നു ദിവസത്തേയ്ക്കു സർവ്വത്ര ഇരുട്ടായിരിക്കുമെന്നും, അപ്പോൾ വെളിച്ചം കാണാൻ മനുഷ്യർ വിഷമിക്കു

---

വേശിച്ചുകഴിഞ്ഞു. തിരുസ്സഭാമാതാവാകട്ടെ (ബന്ധനവിമുക്തയായ നായികതന്നെ) ക്രിസ്മസ്, ഈസ്റ്റർ മുതലായ കാലഘട്ടളിൽ സ്വവരന്റെ പരിത്രാണനാടകം നമ്മുടെ മുമ്പാകെ പ്രതിവർഷം അവതരിപ്പിക്കുന്നു; അതിൽനിന്ന് രക്ഷാകരഫലങ്ങൾ പ്രാപിക്കുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കയും ചെയ്യുന്നു.

മനുഷ്യവർഗ്ഗം അഥവാ മനുഷ്യാത്മാവ് ബന്ധനവിമുക്തയായി, സ്വവരനോടുചേർന്ന്, പുനസ്സമാഗമിച്ചു. എങ്കിലും പ്രായോഗിക വശം നോക്കുമ്പോൾ ഇന്നും ഭൂമുഖത്ത് എത്രയെത്ര ജനപദങ്ങൾ, ഈ ദിവ്യവരനോടു പുനസ്സമാഗമിക്കാതെ, വരഗൃഹത്തിലെത്താതെ കിടക്കുന്നതായിക്കാണാൻ കഴിയുമെന്നോ!! എന്നാൽ ഹാ! കഷ്ടമെന്നേ പറയേണ്ടു, പുനസ്സമാഗമിച്ചിട്ട് നൂററാണ്ടുകൾ കഴിഞ്ഞ ചില ജനപദങ്ങൾ ഈ ദിവ്യ വരനെ ഓരോ കാരണങ്ങൾ പറഞ്ഞു പരിത്യജിക്കുന്നു! വ്യക്തികളും കുടുംബങ്ങളും പരിത്യജിക്കുന്നു! അവിടുത്തേയ്ക്ക് ധനമില്ലെന്നോ? പ്രതാപമില്ലെന്നോ? പ്രശസ്തിയില്ലെന്നോ? സൗന്ദര്യമില്ലെന്നോ? പരുഷമായി പെരുമാറുന്നെന്നോ? യഥാർത്ഥ സ്നേഹമില്ലെന്നോ? വിശ്വാസത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കുന്നവർക്ക് ഇങ്ങനെയൊരു ന്യൂനതയും ഈ സ്വർഗ്ഗീയവരനെക്കുറിച്ചു പറയാൻ സാധിക്കയില്ല. എന്നും പുരാതനവും എന്നും നവീനവുമായ പരമസൗന്ദര്യത്തിന്റെ അവതാരം. ഈശോയെ സമ്പാദിക്കുവാൻവേണ്ടി സഹിക്കുന്ന ഏതു നഷ്ടവും, പരിത്യജിക്കുന്ന ഏതു വസ്തുവും കേവലം ചാണകമായി വി. ശ്ലീഹാ പരിഗണിച്ചു. അലിഞ്ഞ് അവിടുത്തോടു ചേരുവാൻ അദ്ദേഹമാഗ്രഹിച്ചു. "ഈശോയോടുകൂടെയിരിക്കുന്നത് ഒരു പറുദീസയാകുന്നു" എന്നു ക്രിസ്ത്വാനുകരണകർത്താവു പറയുന്നു. എന്നാൽ എത്ര ചുരുക്കംപേരാണീ യാഥാർത്ഥ്യം ഗ്രഹിക്കുന്നത്! ക്രിസ്തീയജീവിതം എന്നു പറയുന്നത് ക്രിസ്തുമതസംഘടനയുടെ ഒരുതരം യാന്ത്രിക ക്രമാനുഷ്ഠാനമാണെന്നു തെററിദ്ധരിച്ചിരിക്കുന്ന ചിലരുണ്ട്. ക്രിസ്തീയജീവിതം വാസ്തവത്തിൽ ക്രിസ്തുവിലുള്ള ജീവിതമാകുന്നു. ക്രിസ്തുവിനോടുള്ള വ്യക്തിപരമായ സ്നേഹത്തിൽ ജീവിക്കുന്നതാകുന്നു. അതു പ്രായോഗികമാക്കേണ്ടതെങ്ങിനെ? തിരുസ്സഭയുടെ മനോഭാവമനുസരിച്ച് ആരാധനക്രമ (liturgy) സംബന്ധമായ വത്സരവൃത്തത്തിൽ മിശിഹായുടെ പരിത്രാണരഹസ്യങ്ങൾ നാം ധ്യാനിച്ച് കൂടെക്കൂടെ ദിവ്യബലിയിൽ പങ്കുകൊള്ളണം; നിവൃത്തിയുള്ളപോലെ, ആ ദിവ്യബലിയുടെ കൂടുതൽ പരിപൂർണ്ണമായ ഭാഗഭാഗിത്വം പ്രാപിക്കാൻ ദിവ്യകാരുണ്യം സ്വീകരിക്കണം; കൂടെക്കൂടെയുള്ള ദിവ്യകാരുണ്യ സന്ദർശനങ്ങൾമൂലം അവിടുത്തോടു സമ്പർക്കം പുലർത്തണം. ഇങ്ങനെ കൂടുതൽ സമ്പർക്കം പാലിക്കുന്നതുമൂലം അവിടുത്തെ നാം കൂടുതൽ അറികയും, കൂടുതൽ അറിയുന്നതനുസരിച്ച് കൂടുതൽ സ്നേഹിക്കയും, കൂടുതൽ സ്നേഹിക്കുന്നതനുസരിച്ച് അവിടുത്തെ അനുകരിപ്പാൻ നാം സന്നദ്ധരാകയും ചെയ്യും.

നിത്യപിതാവിന്റെ മടിയിലെ നിത്യജീവനായ ഈശോയെ, സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ആത്മാക്കളുടെ ജീവനായ ഈശോയെ, അങ്ങേ സ്നേഹത്തിന്റെ പേരിൽ അങ്ങേ ഹൃദയത്തെ വെളിപ്പെടുത്തുകയും അതു് എല്ലായിടത്തും അറിയപ്പെടുവാൻ ഇടയാക്കുകയും ചെയ്യേണമേ.

300 ദി. ദ. വി. (പത്താം പീയൂസ്)

മെന്നും, ആശീർവദിച്ച തിരികൾ മാത്രമേ ആ അവസരത്തിൽ കത്തുകയുള്ളുവെന്നും മററുമുള്ള കിംവദന്തികൾ വേറൊരു വശത്ത്. പള്ളികളിൽ ചെന്ന്, ആശീർവ്വദിച്ച തിരി ആവശ്യപ്പെടുന്ന ആളുകളും ഇല്ലാതില്ല. ഏതായാലും ലോകാവസാനത്തെപ്പററിയുള്ള ഒരു നേരിയ ചിന്ത ചിലരുടെയൊക്കെ ഹൃദയത്തിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. ഒരു പുണ്യപുരുഷന് ലോകാവസാനത്തെപ്പററിയുള്ള അടയാളങ്ങൾ സ്വപ്നദശയിലുണ്ടായി എന്നു രേഖപ്പെടുത്തിയ കുപ്രചരണങ്ങളും ചില സ്ഥലങ്ങളിൽ പ്രചരിക്കയുണ്ടായി. ചില അഭ്യസ്തവിദ്യർപോലും ഇതെല്ലാം കേട്ടു സംശയിച്ചുപോയി എന്നേ പറയേണ്ടു. 1960-നെ ഒരു കണ്ണു കാണുവാൻ സാധിക്കുമോ എന്ന് ആവലാതിപ്പെട്ട വയോവൃദ്ധരായ ആളുകളും ഇല്ലാതില്ല. ഏതായാലും മനുഷ്യന്റെ അന്ത്യത്തെപ്പററിയും ലോകാവസാനത്തെപ്പററിയും ചിലപ്പോഴൊക്കെ ഒന്നു ചിന്തിക്കുന്നതു വളരെ നല്ലതുതന്നെ. ഇത്തരുണത്തിൽ വി. മർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായം നമുക്കൊന്നു മറിച്ചുനോക്കാം.

“യുദ്ധങ്ങളും കലഹശ്രുതികളും കേൾക്കുമ്പോൾ നിങ്ങൾ ഭയപ്പെടരുത്. അതു സംഭവിക്കേണ്ടതുതന്നെയാണ്. എങ്കിലും അവസാനം ഇനിയുമായിട്ടില്ല. ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും നിൽക്കും. ഭൂചലനങ്ങളും അവിടവിടെ ക്ഷാമങ്ങളും കലഹങ്ങളും ഉണ്ടാകയും ചെയ്യും. സഹോദരൻ സഹോദരനേയും അപ്പൻ മകനേയും മരണത്തിനേല്പിച്ചുകൊടുക്കും. മക്കൾ മാതാപിതാക്കന്മാർക്കെതിരായി എഴുന്നേററ് അവരെ കൊല്ലും. നിങ്ങൾ എന്റെ നാമം നിമിത്തം സകലമനുഷ്യരാലും ദ്വേഷിക്കപ്പെടും. അവസാനംവരെ സഹിച്ചുനിൽക്കുന്നവൻ രക്ഷപ്രാപിക്കും. ആ ദിവസങ്ങളിൽ—ആ ഞെരുക്കത്തിനുശേഷം സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശിക്കയില്ല. നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും. ആകാശശക്തികൾ ഇളകുകയും ചെയ്യും. ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാർ പോലും—പുത്രൻ തന്നെയും അറിയുന്നില്ല. (വി. മർക്കോസ്, 13-ാം അദ്ധ്യായം)

ഇന്നത്തെ ലോകത്തിൽ മേലുദ്ധരിച്ച സുവിശേഷവാക്യങ്ങളെപ്പററിയോ, മരണാനന്തരജീവിതത്തെപ്പററിയോ, ഈശ്വരനെപ്പററിയോ ചിന്തിക്കാൻ അശ്ലേഷം സമയമില്ലാത്തവരാണ് അധികംപേരും. എന്നാൽ അവരാകട്ടെ ലോകാവസാനത്തെപ്പററിയുള്ള കിംവദന്തികളും കുപ്രചരണങ്ങളും കേൾക്കുമ്പോൾ അമ്പരന്നുപോകുന്നു.

കേരളീയരെ സംബന്ധിച്ചിടത്തോളം 1960 വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. അത്യാസന്നമായിരിക്കുന്ന തിരഞ്ഞെടുപ്പ് കഴിഞ്ഞുപോയ വിമോചനസമരസംഭവപരമ്പരകളുടെ ഏടുകൾ നാമൊന്നു മറിച്ചുനോക്കേണ്ട അവസരം. മുൻപ്രസ്താവിച്ച അപത്സൂചനകൾ കേരളീയ കത്തോലിക്കർക്കു ചിന്താവിഷയമായിത്തീരേണ്ട അവസരം. ഉദരപൂരണത്തിനുള്ള തൊഴിൽ ചെയ്‌വാൻ വഞ്ചിയും തുഴഞ്ഞ് കടലിൽ പോയ കണവന്റെ വരവുംകാത്ത് പൊതിച്ചോറുമായി കടൽത്തീരത്തുനിന്ന, ഗർഭിണിയായിരുന്ന ഫ്ളോറി ഇന്നെവിടെ? കേരളത്തിലെ കത്തോലിക്കാവനിതകളുടെ ഹൃദയത്തിൽ ഈ സംഭവം തിളച്ചുപൊങ്ങുകയില്ലെന്നോ? അങ്ങിനെയെങ്കിൽ വോട്ടുചെയ്യാൻ വേണ്ടി ക്യൂനിൽക്കുവാനും, യാത്രാക്ലേശം സഹിക്കുവാനും, പട്ടിണി തരണം ചെയ്യാനും അവർ മടി പ്രദർശിപ്പിക്കയില്ല. വോട്ടവകാശത്തിന്റെ കടമയെപ്പററി ചിന്തിക്കുമ്പോൾ അവരുടെ ക്ലേശം സന്തോഷമായും—അനാരോഗ്യം ആരോഗ്യമായും—ദുഃഖം സുഖമായും—ഉദാസീനത ഉത്സാഹമായും പകരുകയില്ലേ? ഈശ്വരവിശ്വാസം പുലർത്തുന്ന—മതചൈതന്യമുള്ള—സന്മാർഗ്ഗനിഷ്ഠയുള്ള ഒരു ഭരണകൂടത്തെ ജനിപ്പിക്കുവാൻ കേരളീയവനിതകൾക്കുള്ള ശേഷിയും ശേമുഷിയും, പ്രാപ്തിയും, തന്റേടവും, നിലയും വിലയും അവർ പ്രദർശിപ്പിക്കാതിരിക്കുമോ? ഭാരതകേസരി കൊളുത്തിയ 15 ദീപശിഖകൾ കേരളചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചുകഴിഞ്ഞിരിക്കയാണല്ലോ. ആ രക്തസാക്ഷികളുടെ രക്തംതന്നെ കേരളപുമാന്മാരുടെ നീതിബോധവും, സത്യനിഷ്ഠയും, സന്മാർഗ്ഗബോധവുമുള്ള ഒരു ഭരണയന്ത്രത്തിന്റെ ആവശ്യം കരബലവും കായബലവും, ചങ്കുറപ്പും തന്റേടവും, തലയെടുപ്പും മുതലെടുപ്പുമുള്ള യുവജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കയാണ്. ആകയാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ലോകാവസാനമല്ല പിന്നെയോ ഒരു നവീനഭരണകൂടത്തിന്റെ ജനനമാണ് സംഭവിക്കുവാനിരിക്കുന്നത്. ഒരു നല്ല നാളെ എല്ലാവരും സ്വപ്നം കാണുകയാണ്.

ആ പൊൻപുലരിക്കു എന്റെ വിനീത കൂപ്പുകൈ.

# മാർ ത്രേസിയാ പുണ്യസ്ത്രീയുടെ ചരിത്രം

(തുടർച്ച)

## (പൗലീനോസു പാതിരി, 1748—1806)

ദുർഗ്ഗതിയന്ത്യഹീനം ഭീഷണദുഃഖാലയം
ദുസ്സഹക്ലേശങ്ങളെ, സാത്താന്റെയാജ്ഞകളെ
ദുർഗ്ഗതിയിങ്കൽ പാപി വസിച്ചു സഹിക്കുന്ന
ദുഷ്ക്കർമ്മം പുണ്യനാരി ധ്യാനിച്ചുവരുന്നേരം
മാനത്തിലാത്മാ താണു വിറച്ചു, മഹാത്രാസം
മാനസേപൂണ്ടു പിന്നെ പകച്ചു ചൊല്ലീടിനാൾ:
"അഹഹ, മഹാദീർഘം നരകം നിത്യകാലം!
അഹഹ, മഹാഭീമം ദുർജ്ജനശിക്ഷാസ്ഥലം!
സതതമഗ്നിയഹോ, സതതം ദുഃഖമഹോ!
സതതം ക്ലേശമെടോ. സതതം മുറയെടോ!
പീഡയ്ക്കുമതിയില്ല,യഗ്നിക്കുമന്തമില്ല,
പീഡനം സദാകാലം, രോദനം നിത്യകാലം.
കത്തുമഗ്നിയിലിട്ടു തപിച്ചു ലോഹംപോലെ
കത്തുന്നു ദുഷ്കൃതികൾ നരകേ നിരന്തരം.
ദേഹങ്ങൾ കൂടെക്കൂടെ ചുട്ടുചുട്ടിരിക്കുന്നു
ദൈന്യവുമൊരിക്കലും തീരുന്നതില്ല താനും
ചൂർണ്ണമായ്പോവാനവർ ഭാവിക്കു,മനന്തരം
പൂർണ്ണമായ് ഭവിച്ചീടും പരമവിധിവശാൽ.
ലൗകികസുഖംപ്രതി നരകദുഃഖമിതോ
ലോകീതം തീർന്നിട്ടൊക്കെ രോദനം വന്നതിതോ?
അമേദ്ധ്യപൂർണ്ണം കൃമിജാതസംകുലം ഗാത്രം
അശുദ്ധ ഗാത്രത്തിനെ ഭജിച്ചു മൂഢന്മാരും
സ്ത്രീജനസേവന്മാരും അധർമ്മപാലന്മാരും
ശ്രീപുഷ്ടിയുള്ളവരും കാരുണ്യഹീനന്മാരും
യത്രസ്ഥവഃ നയനം, നരകം ചിന്തിച്ചാലും
യത്രസ്ഥവഃ ലോചനം നരകം പേടിച്ചാലും
നിഖിലലോകമോദം കശ്മലദേഹഭോഗം
നിങ്ങടെധനത്തിന്റെ മാണിക്കമൊക്കെപ്പോകും.
ഭൂലോകസുഖത്തേക്കാൾ ഭൂലോക പീഡനല്ലൂ,
ഭുവനേ സഹിച്ചെന്നാൽ നരകം ശേഷിക്കില്ല."

നരകഭയമേവം പുണ്യസ്ത്രീ ധരിച്ചപ്പോൾ
പരമഭക്തി തന്നിൽ വർദ്ധിച്ചു ദിനംതോറും.
പുണ്യരാം ജനംചെയ്തു സൽക്കർമ്മം നടത്തുവാൻ
പുണ്യസ്ത്രീ നിശ്ചയിച്ചങ്ങുറച്ചു മനഃകാമ്പിൽ.
വേദസാക്ഷികളായി മരിച്ചു ജനങ്ങടെ
വേദിതചരിത്രവും ലേഖനവും വായിക്കേ
വേദത്തെയറിയിപ്പാൻ മാനസേ ഭാവം പുക്കു
വേദത്തിനായ് മരിപ്പാനുറച്ചു മനോഹരി.

അതിനായ് കന്യതാനും സോദരനവൻതാനും
ആഫ്രിക്കായെന്നരാജ്യേയൊന്നിച്ചു പ്രവേശിച്ചാർ.
ആഫ്രിക്കാരാജ്യംതന്നിൻ പ്രവേശംചെയ്കതിനാൽ
ആ നാട്ടിലുള്ള ജനം വേദത്തെ സ്വീകരിച്ചു.
"ആഫ്രിക്കാഭൂവേ! നിന്നെ രക്ഷിച്ചതീശോനാഥൻ
ആഫ്രിക്കേ, നന്ദിവേണ്ടേ? നാഥനെ സേവിക്കേണ്ടേ?
അസിതമായ ജനം, വിശ്വാസഹീനന്മാരേ!
അനന്തസർവനാഥം എന്നുമേ വന്ദിക്കില്ലേ?
കാഠിന്യം വച്ചുകൊൾവിൻ, ക്രൂരനരംശന്മാരേ,
കനിവും മിശിഹാതൻ വേദവും ഗ്രഹിച്ചാലും!
എത്രയും മനോഹരി, സമർത്ഥയഹം നൂനം
എങ്കിലും വേദത്തിനായ് മരിപ്പാനിച്ഛിക്കുന്നു;
എന്നുടെ ഗാത്രമിതാ, ഗാത്രത്തെ ഹനിച്ചാലും!
നമ്മുടെ വധത്താലെ വേദവും പഠിച്ചാലും!
നിർമ്മലരക്തം ചിന്തി വേദത്തെ സാക്ഷിപ്പാനായ്
നിർവ്വാഹമുണ്ടു മമ, വശവുമില്ലെന്നില്ല.
ശൃംഖല മമ ഗാത്രേ ചുററി, ചുററിട്ടുകൊൾവിൻ,
ശൃംഖലയേററുകൊള്ളാം, ദുഷ്ക്കർമ്മമേററുകൊള്ളാം."

ഇത്യാദിയുരചെയ്ത ത്രേസിയാ സ്വസ്തിമതി
ഈശ്വരസഹായവും യാചിച്ചു നിരന്തരം
മാനസഭാവമൊക്കെ സർവ്വജ്ഞനറിയുന്നു
മാനുഷചിന്തയൊന്നുമൊളിച്ചതില്ല നൂനം.
നമ്മുടെ ചിത്തംപോലെ സർവ്വവും വരാനാസ്ഥ,
ഗുണമായുള്ളതത്രേ സർവ്വജ്ഞൻ കല്പിച്ചീടും.
ആഫ്രിക്കാ ദേശേ പോവാൻ വാഹനമേറും മുമ്പേ
ആ സ്ത്രീയെ പിതാമഹൻ തടുത്തു പാർപ്പിച്ചിട്ടു
ഗൃഹത്തിൽ പാർപ്പിച്ചാറെ മരണകരമായി
ത്രേസിയാ പുണ്യസ്ത്രീക്കു ഭവിച്ചു മഹാദുഃഖം.

ആദിത്യരശ്മിവശാൽ കമലഗർഭമേഘം
അലിഞ്ഞുബഹുവൃഷ്ടി പെയ്യുന്നവെന്നപോലെ
നാരിതൻ മൃദുവായ കോമളം ചിത്തം തദാ
അലിഞ്ഞു പരിതാപാൽ കണ്ണുനീർ വാൎത്തുവാൎത്തു.
തല്ക്കാലം ശുഭമണി സ്വചിത്തതാപം തീൎപ്പാൻ
സൽപിതാ പിതാവിൻെറ ഗൃഹത്തിനകത്തുതാൻ
അനന്തദൈവത്തിനെ സാദരം വന്ദിപ്പാനായ്
ആശ്രമം മനോഹരം നിൎമ്മിച്ചു പൎണ്ണഗൃഹം.
മായംകൊണ്ടുണ്ടാം മഹാമോഹങ്ങൾ നീക്കി നിത്യം
ന്യായതത്വാൎത്ഥവിജ്ഞാനാദി സമ്പന്നന്മാരായ്
സൎവ്വേശ്വരോപാസനം മുനികൾ ചെയ്യുപോലെ
സൎവ്വദാ കന്യാമണി നാഥനെ സേവ ചെയ്തു.

നിശീഥേ മാലോകരും, മൃഗങ്ങൾ, പക്ഷികളും
സുഖിച്ചു മഹാമൗനേ സ്വപിച്ചിരിക്കും നേരം
തരുണീമണി, തൻെറയാത്മാവിൽ തെളിവൊടും
ഉണൎന്നു സൎവ്വജ്ഞനെ സാദരം ധ്യാനിച്ചീടും.
കാലത്തേ പ്രഭാകരനുദിച്ചുപൊങ്ങും മുമ്പേ
അഖിലഖഗജാതി സുസ്വരഗാനത്താലെ
ആദികാരണൻ ദേവം സ്തുതിക്കും സമയത്തിൽ
നാരിതാൻ മിശിഹായെ സ്തുതിച്ചുവന്ദിച്ചിടും.
ദാമം കൊണ്ടുള്ള കശാൽ പുണ്യമാം ഗാത്രം തല്ലി
ദേഹത്തെ മുള്ളരഞ്ഞാൺ ധരിച്ചങ്ങമൎത്തീടും
അധുനായുപവാസാൽ ശമനം വരുത്തും നാൾ
അധുനാ 'കവറി'ങ്കൽ ദേഹത്തെ ശയിപ്പിക്കും.

ദുഷ്കൃതം ത്യജിച്ചെന്നാൽ മാനസേ സുഖമേറും
ശുദ്ധമാം വനത്തിലും ധൎമ്മവും വൎദ്ധിച്ചീടും.
വിവിക്തസ്ഥലേ പാൎത്താൽ ദോഷമാം ഭാവം നീങ്ങി
വിവിധഗുണവല്ലും ആത്മാവിൽ ക്ഷണം പൂകും.
ശുകശിശു മാതരം വിളിക്കുമെന്നപോലെ
ശുദ്ധയാം നാരി യേശുനാഥനെ കാംക്ഷിച്ചീടും.
ഏകതാനേകനോടുമന്യോന്യപ്രേമം പൂണ്ടു
ഏകമായിരുവക്കും കഥനം ദിനം തോറും.

ഇതി സൽക്കൎമ്മം നാരി ചെയ്തുവരുന്ന കാലം
ദ്വിതീയവയസ്സങ്കൽ അധൎമ്മമൎമ്മം കെട്ടു.
അധൎമ്മമൎമ്മം കേൾപ്പിൻ സുധൎമ്മപാലന്മാരേ!
അധൎമ്മം നീക്കിത്തുലോം ധൎമ്മത്തെ ധരിച്ചാലും
യാതൊരു ദുഷ്ടൻ വേദഭിന്നത വരുത്തുവാൻ
ശ്രമിച്ചാൽ വാങ്ങിക്കൊൾവിൻ, വേദത്തിൻഭേദമയ്യോ!
മംഗലമെഴുന്നൊരു വേദത്തെ, സജ്ജനമേ,
ചഞ്ചലംകൂടാതെടോ, സൂക്ഷിച്ചുകൊള്ളേണമേ.

മഞ്ജുളവീരന്മാരാൽ വിശ്രുതവിശ്രുതമാം
'അല്മാന്യ'യെന്നനാട്ടിൽ സഭയാൽ ഭ്രഷ്ടനായ
ലൂത്തറെന്നൊരു ഖലൻ, ശാസ്ത്രം ഗ്രഹിച്ചശേഷം
ലുപ്തശാസ്ത്രനാമവൻ അപരവേദാൎത്ഥിയായ്.
വേദാൎത്ഥം പറയുമ്പോൾ, ശിഷ്യരെല്ലാവരെയും
വേദാൎത്ഥേ അപഗമം മാനസേ ഗ്രഹിപ്പിച്ചാൻ.
ലോകൎക്കു ജ്ഞാനമില്ല, ബുദ്ധിവിവേകമില്ല,
ലൗകികസുഖംമാത്രമെപ്പേരും രസിച്ചീടും.
അജ്ഞാനം കേട്ടശേഷം സുജ്ഞാനം കളഞ്ഞവർ
ആജ്ഞയും ദൈവഭീതിയെന്നതും ശേഷിച്ചില്ല.

ഇങ്ങനെ വേദഭേദം പലക്കും പല വട്ടം
എങ്ങുമെ ധരണിയിൽ നാശവുമുണ്ടായതും
സകല വേദക്കാരും പിണങ്ങിയിരിക്കയിൽ
വിമലകരവാൎത്തയത്ഭുതം കേട്ടുകൊൾവിൻ:—
രക്തം വിയൎത്തു യേശു പ്രത്യക്ഷനായിട്ടേവം
രഹസിയരുൾചെയ്തു പുണ്യയാം നാരിയോടു:
"നന്ദിനീ, മമ ബാലേ, നോക്കഹോ നീ വത്സലേ,
വന്ദനയോഗ്യനഹം; എന്തെല്ലാം സഹിച്ചു ഞാൻ!
അഹഹ, സങ്കടമേ, അഹഹ മാദൃഷ്കൎമ്മം
അഹഹ, രക്തം ചിന്തി മൎത്ത്യരെ രക്ഷിച്ചഹം.
എന്നിട്ടും കളഞ്ഞവരെന്നുടെ ദിവ്യവേദം
എന്നുടെ ശരീരവും മുറിച്ചു ബഹുവിധം.
നിന്നുടെ മനതാരിൽ കനിവുണ്ടെങ്കിൽ, ബാലേ,
നന്ദിനീ, സത്യവേദം പരത്തിക്കൊള്ളുക നീ."

നാഥൻതന്നരുൾകേട്ടു കനിഞ്ഞു ശുഭാമണി
ആത്മാവിൽ താപംപൂണ്ടു രോദിച്ചു നിരന്തരം.
ഭാസ്കരൻതന്നെ കൃഷ്ണമേഘം മറയ്ക്കുമ്പോലെ
ഭാഗ്യയാം കന്യയുടെയാനനം ദുഃഖം മൂടി.
അക്കാലം പുണ്യനാരി ത്യജിച്ചു ലോകപ്രീതി
താൽപൎയ്യമായ വസ്ത്രമുടുത്തു മനോഹരി.
ധനമായകം നീക്കി നാഥനെ സദാ സദാ
ധ്യാനിച്ചാൾ, സന്യാസവുംചെയ്തിതുദൈവദാസി.

(തുടരും)

# ആ വെല്ലുവിളി

(വെ. റവ. ഫാ. ജോൺ, കോയിൽപറമ്പിൽ)

"ഭൂതകാലത്തെപ്പററിയുള്ള നിങ്ങളുടെ പ്രസ്താവം ശരിതന്നെ. പണ്ട് ക്രിസ്തുമതം വലിയ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പക്ഷെ ഇന്ന് അതു നിർജ്ജീവമാണ്. കത്തോലിക്കരെന്ന് അഭിമാനിക്കുന്ന നിങ്ങൾ എന്താണ ചെയ്യുന്നതു്? നിങ്ങളുടെ വിശ്വാസത്തിനനുസരണമായ പ്രവൃത്തി എവിടെ?"

സെൻറ് വിൻസെൻറ ഡി പോൾ സഖ്യത്തിൻെറ സ്ഥാപകനായ ഫ്റെഡറിക്ക് ഓസാനാം നോട്ടർഡാം ഭദ്രാസനദേവാലയത്തിൽ വച്ച് വിശ്വാസപ്രതിപാദനത്തിൽ ഏർപ്പെട്ടിരിക്കെ തൻെറ എതിരാളികളായ ഏതാനും സഹപാഠികൾ നടത്തിയ വെല്ലുവിളിയാണ് മേൽ ഉദ്ധരിച്ചതു്. ഈ വെല്ലുവിളി ഇന്നും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ലോകം ഇന്ന് ഒരു അഗ്നിപർവ്വതത്തിൻെറ മുകളിലോ, ആററംബോംബിൻെറ മുകളിലോ നിലകൊള്ളുകയാണെന്നു പറയാം. എപ്പോഴാണ് ഒരു പൊട്ടൽ ഉണ്ടാകാൻപോകുന്നു എന്നറിഞ്ഞുകൂടാ. കുഴഞ്ഞു മറിഞ്ഞ ഒരു സാമൂഹ്യവ്യവസ്ഥിതിയെ മുതലെടുത്തുകൊണ്ട് ഭൗതികമാത്രമായ ഒരു തത്വസംഹിത കെട്ടിപ്പടുക്കുവാൻ വലിയൊരു വിഭാഗം വെമ്പൽകൊള്ളുകയാണ്. കമ്മ്യൂണിസമാകുന്ന കരാളസർപ്പം ലോകത്തിൽ മൂന്നിൽ ഒരുഭാഗം ജനങ്ങളെ വിഴുങ്ങിക്കഴിഞ്ഞു. ആദ്ധ്യാത്മിക മൂല്യങ്ങളും ഭൗതിക മൂല്യങ്ങളും തമ്മിലുള്ള സംഘട്ടനമാണ കൂടുതൽ രൂക്ഷമായിരിക്കുന്നതു്. കമ്മ്യൂണിസത്തോടു സന്ധിയില്ലാസമരം ചെയ്യുന്ന ഏക സംഘടന കത്തോലിക്കാ തിരുസ്സഭ മാത്രമാണ്. ഒത്തുതീർപ്പില്ല. വിലപേശൽ ഇല്ല. എന്നാൽ നമ്മുടെ സമരതന്ത്രങ്ങൾ ഇന്നത്തെ സാഹചര്യങ്ങളിൽ തികച്ചും പര്യാപ്തമാണോ എന്നതാണ് പ്രധാനമായ പ്രശ്നം.

കമ്മ്യൂണിസത്തോടുള്ള വിരുദ്ധമനോഭാവംകൊണ്ടു മാത്രം അതിൻെറ അധാർമ്മിക പരിപാടികളെ നേരിടാമെന്നതു് •വെറും ഒരു മിഥ്യാബോധമാണ്. ഏററവും വിജയപ്രദമായി പര്യവസാനിച്ച കേരളത്തിലെ വിമോചനസമരത്തിൻെറ നേട്ടങ്ങളെ വിസ്മരിക്കുന്നില്ല. ബാലട്ടുപെട്ടിയിൽകൂടി അധികാരത്തിൽ പ്രവേശിച്ച് അതിൻെറ നശീകരണ പരിപാടികൾ പ്രയോഗത്തിൽ വരുത്തുവാനുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പരിശ്രമങ്ങളെ ശക്തിയുക്തം എതിർക്കുന്നതിനും, സമ്മതിദായകാവകാശം ഓരോ പൗരനും ശരിയായി വിനിയോഗിച്ച് അവർ അധികാരത്തിൽ വരാതിരിക്കുവാൻ സംഘടിതമായി പ്രവർത്തിക്കുന്നതിനുമുള്ള കാൽവയ്പ്പ് ഏററവും പ്രശംസാർഹംതന്നെ. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു നാം നടത്തുന്ന ആ സംഘടിത യത്നം ഫലപ്രദമായിത്തന്നെ തീരുമെന്നു നമുക്കു പ്രത്യാശിക്കാം. എന്നാൽ അതുകൊണ്ടും കമ്മ്യൂണിസ്റ്റാദർശങ്ങളുടെ പ്രചാരണവും, കമ്മ്യൂണിസ്ററുകാർ ചെയ്തുകൊണ്ടിരിക്കുന്ന ദ്രോഹപ്രവൃത്തികളും, അട്ടിമറിപ്രവർത്തികളും അവസാനിക്കുമെന്നുള്ള ശുഭാപ്തിവിശ്വാസം വിനാശകരമാണ്. കമ്മ്യൂണിസ്റ്റാദർശങ്ങൾക്കെതിരായുള്ള ഒരു മനഃപരിവർത്തനം ഇന്നത്തെ സാഹചര്യങ്ങളിൽ ആവശ്യമാണെന്നുള്ളതിൽ രണ്ടഭിപ്രായമുണ്ടാകുമെന്നു തോന്നുന്നില്ല. ക്രിസ്തീയവിശ്വാസത്തിൽ അധിഷ്ഠിതമായ സഭയുടെ നിർദ്ദേശങ്ങൾക്കനുസൃതമായ സന്മാർഗ്ഗനിയമങ്ങൾക്കനുയോജ്യമായ ഒരു മനഃപരിവർത്തനത്തിനു മാത്രമേ കമ്മ്യൂണിസത്തിൻെറ വെല്ലുവിളി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ഇരുപതു വർഷക്കാലം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഒരു സജീവാംഗമായി പ്രവർത്തിച്ചശേഷം അതുമായുള്ള ബന്ധം വിടർത്തി കത്തോലിക്കാസഭയെ ആശ്ലേഷിച്ച മി. ഡഗ്ലസ് ഹൈഡ്സ് പറയുന്നതിപ്രകാരമാണ്: "കമ്മ്യൂണിസം ഒരു രാഷ്ട്രീയസിദ്ധാന്തമല്ല; മതപരമാണ്. അതൊരു സാമൂഹിക പ്രശ്നമല്ല, ആദ്ധ്യാത്മികമാണ്. കമ്മ്യൂണിസത്തിനെതിരായി ആദ്ധ്യാത്മികമായ ഒരു തിരിച്ചടി നൽകുവാൻ പര്യാപ്തമല്ലാത്ത ഒരു ജനസമൂഹം നിർണ്ണായകമായ സമരത്തിൽ വിജയം പ്രാപിക്കാതെ അവരുടെ സമയവും കഴിവുകളും പാഴാക്കുകയേയുള്ളൂ." കമ്മ്യൂണിസം സുസംഘടിതമായ ഒരു പ്രസ്ഥാനമാണ്. അതിൻേറതായ തത്വസംഹിതയിൽ അതു് അധിഷ്ഠിതമാണ്. പാർട്ടി അച്ചടക്കത്തിൽ വർത്തിക്കുന്ന, പാർട്ടിക്കുവേണ്ടി നൂറുശതമാനം പ്രവർത്തിക്കുന്ന—

ത്യാഗബുദ്ധിയോടെ പ്രവർത്തിക്കുന്ന — ലക്ഷക്കണക്കിനംഗങ്ങൾ അതിനുണ്ട്. ദാരിദ്ര്യം, സാമൂഹികമായ അനീതികൾ, ആദ്ധ്യാത്മികത്വത്തിന്റെ അഭാവം, മനുഷ്യന്റെ സ്വാതന്ത്ര്യാഭിലാഷങ്ങൾ എന്നിത്യാദികൊണ്ടു നിറഞ്ഞ വളക്കൂറുള്ള ഭൂമിയിൽ കമ്മ്യൂണിസം തഴച്ചുവളരുന്നു. വഞ്ചനയുടെയും, വിദ്വേഷത്തിന്റെയും നിരീശ്വരത്വത്തിന്റെയും വിഷബീജങ്ങൾ അവർ വിതച്ചുകൊണ്ടിരിക്കുന്നു. അവരുടെ പ്രചാരണോപാധികളും സംഘടനാരീതികളും പ്രവർത്തനപരിപാടികളുമെല്ലാം തികച്ചും പ്രശംസാർഹങ്ങളാണ്. ഇങ്ങനെയുള്ള ഒരു പ്രസ്ഥാനത്തെയാണ് നാം എതിരിടേണ്ടതു്.

നമുക്കും പ്രചാരണപരിപാടികൾ വേണം. സാമൂഹികമായ അനീതികളെ നശിപ്പിക്കുവാൻ പര്യാപ്തമായ ഒരു നവീന ക്രിസ്റ്റ്യൻ സാമൂഹിക വ്യവസ്ഥിതിക്കുവേണ്ടിയുള്ള ശക്തമായ പ്രചാരണപരിപാടി നമുക്കാവശ്യമാണ്. സഭാദ്ധ്യക്ഷന്മാരായ മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ, വിശിഷ്യ "റേരം നൊവാറും"; "ക്വാദ്രജേസിമോ ആനോ", 'സുമ്മിപൊന്തിഫിക്കാത്തൂസ്" എന്നീ ചാക്രികലേഖനങ്ങൾ ശരിയായി പഠിച്ചു, അവയുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു എല്ലാ തരത്തിലുമുള്ള പ്രചാരണോപാധികളേയും നാം വിനിയോഗിക്കേണ്ടതാണ്. വിദ്വേഷത്തിനെതിരായി ക്രിസ്തുനാഥന്റെ സർവ്വസാഹോദര്യത്തെപ്പററിയുള്ള ദിവ്യസൂക്തികളെ പ്രചരിപ്പിക്കുവാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

നമുക്കും സംഘടനകൾ വേണം. കത്തോലിക്കാസഭയെപ്പോലെ സുസംഘടിതമായ ഒരു സ്ഥാപനം ഭൂമുഖത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. അതു കൂടാതെ സഭയുടെ തണലിൽ സ്ഥാപിതമായ എത്രയെത്ര ഭക്തസംഘടനകളും സാമൂഹികസംഘടനകളുമാണു നമുക്കുള്ളതു്. എന്നാൽ സംഘടനകൾ ഉള്ളതുകൊണ്ടായില്ല അവയെ കാലോചിതമായ വിധത്തിൽ ഉപയോഗപ്പെടുത്തുക എന്നുള്ളതാണ് ഇന്നത്തെ പ്രശ്നം. അതിൽ നാം തികച്ചും വിജയിച്ചിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല.

നമുക്കും ശരിയായ പ്രവർത്തനപരിപാടികൾ വേണം. അവ കാലോചിതമായിരിക്കണം. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ സ്മരിക്കുക. അവശന്മാരും ആർത്തന്മാരും ആലംബഹീനന്മാരുമായ വലിയൊരു ജനവിഭാഗം നമ്മുടെ മദ്ധ്യേ ഉണ്ടെന്നുള്ള ധാരണ നമ്മെ കർമ്മോൽസുകരാക്കണം. പാവപ്പെട്ടവരേയും ആതുരരേയുംസഹായിക്കുന്നു എന്ന ഭാവേന അക്രമവും അരാജകത്വവും അഴിച്ചുവിടുന്ന കമ്മ്യൂണിസ്ററുകളും നമ്മുടെ മദ്ധ്യേ ഉണ്ട്. "സാധുക്കളുടെ പക്കലേക്കു പോകുവിൻ; അവരെ സഹായിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്യുന്നതിനു് യുവജനങ്ങളുടെ പക്കലേക്ക് പോകുവിൻ; അവരുടെ നേതാക്കന്മാരാകുവിൻ; അവരെ നേതാക്കന്മാരാക്കുവിൻ; ലോകത്തിലേക്കിറങ്ങുവിൻ, നിങ്ങളുടെ പ്രേഷിതപ്രവൃത്തിയുടെ ആയുധം പ്രാർത്ഥനയായിരിക്കട്ടെ. ക്ഷമയും, കരുണയും, വിവേകവും, വിവേചനവും സർവ്വോപരി ഉപവിയും നിങ്ങൾക്കുണ്ടായിരിക്കട്ടെ". ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ തിരുമനസ്സിന്റെ ഈ വാക്യങ്ങൾ നമുക്കു വേണ്ട ഉത്തേജനം നല്കേണ്ടതാണ്. "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്യുമ്പോഴെല്ലാം എനിക്കു തന്നെയാകുന്നു ചെയ്തു"തെന്നുള്ള ക്രിസ്തുനാഥന്റെ വാക്യങ്ങൾ നമ്മുടെ കണ്ണുപുടത്തിൽ മുഴങ്ങിക്കൊണ്ടിരിക്കണം; ക്രിസ്തുവിന്റെ മൗതിക ശരീരത്തെപ്പററിയുള്ള സഭാപഠനത്തിൽ നിന്നൽഭുതമായ "ദു:ഖിക്കുന്നവരോടുകൂടി ദുഃഖിക്കുക, ആഹ്ലാദിക്കുന്നവരോടുകൂടി ആഹ്ലാദിക്കുക" എന്ന വാക്യശകലങ്ങൾ, സൽപ്രവൃത്തികൾ ചെയ്യുവാൻ നമ്മെ സദാ പ്രേരിപ്പിച്ചുകൊണ്ടിരിക്കണം.

ഇതിനെല്ലാം ഉപരിയായി നമ്മുടെ എല്ലാ പ്രവൃത്തികൾക്കും പ്രചോദനം നൽകേണ്ടതു് നമ്മുടെ ഉറച്ച ക്രിസ്തീയവിശ്വാസമായിരിക്കണം. കമ്മ്യൂണിസപ്രചാരണത്തെ തടയുന്നതിനുള്ള ഏക ദീർഘകാലപദ്ധതി—ശാശ്വതമായ പദ്ധതി—സുദൃഢമായ വിശ്വാസപ്രചാരണമാണ്. നമ്മുടെ മതത്തിന്റെ തത്വവും പ്രയോഗവും, ദൈവമാണ് സർവ്വവും, ദൈവം സർവ്വത്തെയും ഭരിക്കണം എന്ന ബോധം ജനസമൂഹത്തിന് നല്കിക്കൊണ്ടിരിക്കണം. ഓരോ ക്രിസ്ത്യാനിയുടെയും ഹൃദയത്തിലുണ്ടാകേണ്ട ആദ്ധ്യാത്മികവും ബുദ്ധിപരവുമായ ഒരു ധാർമ്മികപരിവർത്തനത്തിനുമാത്രമേ ഇന്നു നാം അഭിമുഖീകരിക്കുന്ന അപകടങ്ങളെ തരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

# സത്യത്തിലെ പ്രകാശം

(ജി. സി. ടീലാർ)

ആൽബനിയിലെ ഒരു കുന്നിൻചരുവിൽ മനോഹരമായ ഒരു ഭവനം. സായംകാലമായിട്ടും ധാരാളം ആളുകൾ നീങ്ങിക്കൊണ്ടിരിക്കുന്നു. പരോപകാരിയായ വില്ല്യമിൻെറ അന്ത്യവിനാഴികകൾ സമീപിച്ചിരിക്കുന്നു എന്നു് എല്ലാവക്കും തോന്നി. അവരിൽ ഒരാൾ പറഞ്ഞു: "ഏതായാലും ഒരു കാര്യത്തിനമാന്തിക്കേണ്ടാ. അച്ചനെ വരുത്തി കുമ്പസാരിപ്പിച്ചു കുർബാന കൊടുക്കണം. അന്ത്യലേപനവും നടത്തിയേക്കട്ടെ."

അന്ത്യലേപനം എന്നു കേട്ടപ്പോൾ ചിലക്കൊരു ഞെട്ടലുണ്ടായി. അവരിൽ ഒരാൾ പറഞ്ഞു: "അത്രയ്ക്കൊന്നും ആയിട്ടില്ല. വെറുതെ നാമെന്തിനു വില്ല്യമിനെയും അദ്ദേഹത്തിൻെറ ആളുകളെയും വിരട്ടുന്നു?" ജെയിക്കബ് അതിനൊരു ചുട്ട മറുപടിയാണു കൊടുത്തതു്. "നമ്മുടെ ദിവ്യനാഥൻ മററുള്ളവരെ വിരട്ടാൻവേണ്ടി ഒരു കൂദാശ സ്ഥാപിച്ചിട്ടുള്ളതായി അറിവില്ല. അന്ത്യലേപനം രോഗിയുടെ ആത്മാവിനും ശരീരത്തിനും ആരോഗ്യം നൽകുമെന്നാണു ഞാൻ പഠിച്ചിരിക്കുന്നതു്. എപ്പോഴും മരണത്തിനൊരുങ്ങിയിരിക്കേണ്ട നാം എന്തിനു് അന്ത്യലേപനം കൊണ്ടു ഭയപ്പെടണം?"

അവർ തമ്മിലുള്ള വാഗ്വാദം മുഴുത്തപ്പോൾ രോഗിയായ വില്ല്യം തന്നെ അതിൽ ഇടപെടേണ്ടിവന്നു. "വേണ്ടതെല്ലാം എനിക്കു കിട്ടണം. അതിനു തക്കിക്കേണ്ടതില്ല. ഈ രോഗത്തിൽനിന്നും രക്ഷപെടുകയില്ല. അതിനാൽ ഉടൻ ഒരാൾ പള്ളിയിലേക്കു പോകണം. അച്ചൻ വേഗം കുർബാനയുമായി വരാൻ പറയണം." അയാൾ പറഞ്ഞതാണു്.

ഒരു നൂററാണ്ടുകാലങ്ങൾക്കുമുൻപു് ആൽബനിയിൽ ഇന്നു കാണുന്ന സിമൻറുറോഡുകളും യാത്രാസൗകര്യങ്ങളും ഉണ്ടായിരുന്നില്ല. എട്ടുപത്തുമൈൽ അകലെയായിരുന്നു ദേവാലയം. ദുർഘടം നിറഞ്ഞവഴി. പോരെങ്കിൽ മഴക്കാലവും. ഈ ഇരുട്ടത്തു് ഒരു വൈദികനെ ബുദ്ധിമുട്ടിപ്പിക്കണമോ? ഇങ്ങനെ തടസ്സങ്ങൾ ഓരോന്നും നിരത്തിവയ്ക്കപ്പെട്ടു. എല്ലാത്തിനും പ്രതിവിധി കണ്ടതു ജെയിക്കബാണു്. അയാൾ പറഞ്ഞു: "ഞാൻ തന്നെ പോകാം അച്ചനെ ക്ഷണിക്കുവാൻ."

മാത്യു പിന്നെയും ഉന്നയിച്ചു ഒരു തടസ്സം. "അച്ചന്മാരുടെ രീതികളൊന്നും ജെയിക്കബിനറിഞ്ഞുകൂടാ. രാത്രിയാണെങ്കിൽ അവർ പറയും നേരം വെളുക്കട്ടെ എന്നു്. മഴയും വെയിലും ഉള്ളപ്പോൾ അവർ പുറത്തിറങ്ങുകയില്ല. ജേക്കബ് ഈ രാത്രിയിൽ എങ്ങനെ അച്ചനെ കൊണ്ടുവരും? ആകാശം മഴക്കാറുകൊണ്ടു മൂടിയിരിക്കുന്നു. ഒരു നക്ഷത്രം പോലും കാണാനില്ല."

പക്ഷേ ഇതൊന്നും നിരുത്സാഹപ്പെടുത്തിയില്ല ജെയിക്കബിനെ. അയാൾക്കു ഫാദർ ഫ്രാൻസീസിനെ നന്നായി അറിയാം. സ്വജനങ്ങൾക്കുവേണ്ടി തൻെറ ജീവിതം ഉഴിഞ്ഞുവച്ചിരിക്കയാണു്. ആവശ്യക്കാരുടെ മുമ്പിൽ അദ്ദേഹം രാത്രിയുടെയും പകലിൻെറയും കുററം ആനയിക്കാറില്ല. ദൂരമോ വഴിയുടെ ദുർഘടങ്ങളോ അദ്ദേഹത്തെ ഭയപ്പെടുത്താറില്ല. ഒരു വെള്ളക്കുതിര അദ്ദേഹത്തിൻെറ വസതിക്കടുത്തുള്ള ലായത്തിൽ ജീവി

## ആനന്ദ-സമാധാന-മംഗളാശംസ

"ഈ സംഗതികൾ നിങ്ങളോടു ഞാൻ പറഞ്ഞതു് എൻെറ ആനന്ദം നിങ്ങളിലുണ്ടാകുവാനും, നിങ്ങളുടെ ആനന്ദം പൂർണ്ണമാകുവാനും വേണ്ടിയാണു്"

യോഹ. 16: 22.

"ചോദിക്കുക; നിങ്ങൾക്കു കിട്ടും. അങ്ങനെ നിങ്ങളുടെ സന്തോഷം പൂർണ്ണമാകട്ടെ". യോഹ. 16:24.

"ഞാൻ നിങ്ങളെ വീണ്ടും കാണും; തത്സമയം നിങ്ങളുടെ ഹൃദയം ആനന്ദിക്കും. ആ സന്തോഷം ആരും നിങ്ങളിൽ നിന്നെടുക്കുകയുമില്ല" യോഹ 16:22.

"നിങ്ങൾക്കു സമാധാനം" യോഹ. 20:19

"അങ്ങനെ സമാധാനത്തിൻെറ ദൈവം നിങ്ങളെ പൂർണ്ണമായി ശുദ്ധീകരിക്കട്ടെ; കർത്താവായ യേശുക്രിസ്തുവിനെ സ്വാഗതം ചെയ്യാൻ, നിങ്ങളുടെ ചൈതന്യവും ആത്മാവും ശരീരവും നിരാക്ഷേപമായിരുന്നുകൊള്ളട്ടെ". 1 തെസ്സ. 5. 23.

ക്കുന്നുണ്ട്. അതിവിശ്വസ്തനായ ഒരു ഭൃത്യനെപ്പോലെ തന്റെ യജമാനനെ അതു സേവിക്കുന്നു.

ഇനിയും അർദ്ധരാത്രിയായിട്ടില്ല. മേഘങ്ങൾക്കിടയിൽക്കൂടി ഒളിച്ചുകളി നടത്തിക്കൊണ്ടിരിക്കുന്ന ചന്ദ്രികയെപ്പോലെ ഒരു അശ്വം കിഴക്കാംതൂക്കായ മലമ്പാതയിൽകൂടി മുകളിലേക്കു കുതിക്കുന്നുണ്ട്. അതിനു മംഗളം നേരുവാനെന്നവണ്ണം വഴിയുടെ ഇരുവശങ്ങളിലും തിങ്ങിവളർന്നുനിന്നിരുന്ന പച്ചിലച്ചെടികളും പൈൻവൃക്ഷങ്ങളും. അതിലെല്ലാം പററിപ്പിടിച്ചിരുന്ന മിന്നാമിനുങ്ങുകൾ പച്ചക്കടലാസ് വിളക്കുകൾ കൊണ്ടുള്ള ഒരു ദീപക്കാഴ്ചയെ അനുസ്മരിപ്പിക്കുമായിരുന്നു. അതൊന്നും ശ്രദ്ധിക്കാതെ അതിവേഗത്തിൽ ഓടിക്കൊണ്ടിരുന്ന കുതിര അല്പം കൂടി ഇടുങ്ങിയ ഒരു വഴിയിലേക്കു തിരിഞ്ഞു. ആകാശത്തിൽ ഒരു സമരത്തിന്റെ കാഹളധ്വനിയും മുഴങ്ങി.

കണ്ണഞ്ചിക്കുന്ന ഒരു മിന്നലും കണ്ണും പൊട്ടുമാറുള്ള ഒരു ഇടിനാദവും. അശ്വത്തിനും അശ്വാരൂഢനും ഒരു ഞെട്ടലുണ്ടായി. അതിനുപുറകേ വന്നു സകലത്തെയും ഊതി വിർപ്പിക്കുന്ന ഒരു കൊടുങ്കാററ്. മേഘകവാടങ്ങൾ തുറക്കപ്പെട്ടതുപോലെ തോന്നി. ചിറപൊട്ടി ഒഴുകുന്ന മട്ടിൽ മഴത്തുള്ളികൾ കുത്തിവീണു. ഒരു രോഗിയെ ആശ്വസിപ്പിക്കുവാനുള്ള തനിക്കു തന്നെ ജീവാപായം സംഭവിച്ചേക്കാമെന്ന് ഫാ. ഫ്രാൻസിസ് ഭയപ്പെട്ടു. ഭീതി പൂണ്ട് അധികനേരം കുതിരപ്പുറത്തിരിക്കേണ്ടിവന്നില്ല അദ്ദേഹത്തിന്. ഘോരമാരിയും തണുപ്പും കൊണ്ട് കുതിരയുടെ കാലുകൾ വിറച്ചു. കൂരിരുട്ടും.

ഒരു പടുകുഴിയിലേക്ക് ഇരുവരും കൂടി വീണുപോയി. ഇരിപ്പിടത്തിൽനിന്നും ഇളകി ഫാദർ ഫ്രാൻസിസ് കുഴിവക്കത്തേക്കു മറിഞ്ഞു. സംഭ്രാന്തനായി അദ്ദേഹം തടവിനോക്കിയതു് തന്റെ കഴുത്തിൽ തൂങ്ങിക്കിടന്നിരുന്ന സ്വർണ്ണച്ചെയിനാണ്. അതിനൊരു കോട്ടവും ഉണ്ടായില്ല. മാറത്തു കൈ വച്ചുകൊണ്ട് അദ്ദേഹം ഉറക്കെ പ്രാർത്ഥിച്ചു. "കർത്താവെ, ഉറക്കത്തിൽ നിന്നും ഉണർന്ന് ഒരിക്കൽ കടലിലെ കാററും പിശറും ശമിപ്പിച്ചതുപോലെ ഞങ്ങളെ വലയം ചെയ്തിരിക്കുന്ന കുരിരുട്ട്, ഘോരമാരി, കൊടുങ്കാററ് എന്നിവയിൽ നിന്നും അങ്ങ് ഇപ്പോൾ ഞങ്ങളെ രക്ഷിക്കണമേ."

അടുത്തുള്ള ഒരു സത്രത്തിന്റെ കാവൽപ്പുരയിൽ ആ പ്രാർത്ഥന മുഴങ്ങിക്കേട്ടു. ക്രിസ്തുമതത്തെ ദ്വേഷിക്കുന്ന ഒരു യഹൂദനായിരുന്നു കാവൽക്കാരൻ. എങ്കിലും അയാൾ സ്വരം പുറപ്പെട്ട സ്ഥലത്തേക്ക് ഒരു റാന്തൽ വിളക്കുമായി വന്നു. ആ കാഴ്ചയിൽ അയാൾ അനുകമ്പാകുലനായി. ഫാദർ ഫ്രാൻസിസിനെ അയാൾ താങ്ങി എഴുന്നേല്പിച്ചു. ഇതിനകം കുതിര കുഴിയിൽ നിന്നും കുതിച്ചുകയറിക്കഴിഞ്ഞിരുന്നു.

ഇബ്രാഹിം അവരെ സത്രത്തിലേക്കാണു കൂട്ടിക്കൊണ്ടുപോയതു്. കുതിരയ്ക്കും അതിന്റെ യജമാനനും വിശ്രമിക്കുവാൻ പററിയ സ്ഥലം. ഇബ്രാഹിം കുതിരയെ ലായത്തിൽ കയററിനിറുത്തി ധാരാളം പുല്ല് ഇട്ടുകൊടുത്തു. അതിഥിയെ മുകളിലത്തെ നിലയിലുള്ള ഒരു മുറിയിലാക്കി. അല്പം വിശ്രമിച്ചുകഴിഞ്ഞു് അദ്ദേഹം യാത്ര തുടങ്ങുവാനാണു തീരുമാനിച്ചതു്. മററു യാത്രക്കാർ അത്ഭുതപ്പെട്ടു. അന്നത്തെ മഴയും കൊടുങ്കാററും പല യാത്രക്കാരെയും ആ സത്രത്തിൽ ഓടിച്ചുകയററിയിട്ടുണ്ടായിരുന്നു. പ്രോട്ടസ്റ്റൻറ മതവിഭാഗത്തിൽപെട്ടവരായിരുന്നു അവരിൽ പലരും.

ഒരാൾ ചോദിച്ചു: "നിങ്ങൾക്കു ഭ്രാന്തുണ്ടോ; ഈ അസമയത്തു സഞ്ചരിക്കുവാൻ? അപ്പനോ അമ്മയോ മരിക്കാൻ കിടക്കുന്നുവെങ്കിൽ ഞങ്ങളാരും തടസ്സം പറയുന്നില്ല. അല്ലെങ്കിൽ ഇന്നുരാത്രി ഇവിടെ കിടന്നുറങ്ങിയിട്ട് രാവിലെ പുറപ്പെടുക." ആ അഭിപ്രായത്തെ ഏവരും അനുകൂലിക്കുന്നതായിട്ടാണു കണ്ടതു്. ഫ്രാൻസീസച്ചൻ പറഞ്ഞു: "നിങ്ങളുടെ നന്മനസ്സിനു ഞാൻ ഉപകാരം പറഞ്ഞുകൊള്ളുന്നു. മി. വില്ല്യം ആസന്നമരണനായി കിടക്കുന്നു എന്നു കേട്ടാണു ഞാൻ പുറപ്പെട്ടിരിക്കുന്നതു്. അവിടെ സമയത്തെത്താൻ സാധിക്കാതെ വന്നാൽ എന്റെ ബുദ്ധിമുട്ടുകൾ ഫലശൂന്യമായതു തന്നെ. അതുകൊണ്ട് എന്തുമാത്രം ക്ലേശിച്ചാലും ഞാൻ പോകുകതന്നെ വേണം."

ഒരു വെളിപാടു ലഭിച്ചതുപോലെ മാത്യു സന്തോഷഭരിതനായി. അയാൾ ജനക്കൂട്ടത്തിൽനിന്നും മുന്നോട്ടു നീങ്ങിനിന്നിട്ടു പറഞ്ഞു: "അങ്ങ് പള്ളിയിൽനിന്നും വരികയായിരിക്കുമല്ലൊ. ഞാൻ അച്ചനെ അന്വേഷിച്ച് വില്ല്യമിന്റെ വീട്ടിൽനിന്നും വരുന്ന വഴിയാണ്. മഴയും കാററും വന്നതുകൊണ്ട് ഇവിടെ കയറിയെന്നേയുള്ളൂ. ഇവിടെ വച്ചു തമ്മിൽ കണ്ടുകൂടിയതു

നന്നായി." ഇത്രം പറഞ്ഞപ്പോഴേക്കും ഫാദർ ഫ്രാൻസീസിൻെറ ചങ്കിടിപ്പു വർദ്ധിച്ചു. ഒററ ശ്വാസത്തിൽ അദ്ദേഹം ചോദിച്ചു: "എന്താണ്? വില്ല്യം മരിച്ചുകഴിഞ്ഞുവോ?"

"ഇല്ലില്ല. ജേക്കബ് അങ്ങോട്ടുപോന്നുകഴിഞ്ഞപ്പോൾ മുതൽ വില്ല്യമിൻെറ രോഗത്തിന് ഇറക്കം കണ്ടുതുടങ്ങി. അതുകൊണ്ട് ഈ കൂരിരുട്ടത്ത് അച്ചനെ ബുദ്ധിമുട്ടിക്കേണ്ട ആവശ്യമില്ലെന്നും വിവരം ഉടനെ അങ്ങയെ അറിയിക്കണമെന്നും മിസ്സസ്സ് വില്ല്യമിൻെറ നിർബന്ധമായിരുന്നു. അവരാണ് എന്നെ പറഞ്ഞയച്ചത്. അച്ചൻ ഇന്നത്തെ യാത്രകൊണ്ടു വളരെ അവശനായിരിക്കുന്നു. ഇന്നുരാത്രി ഇവിടെ വിശ്രമിച്ചിട്ട് നാളെ രാവിലെ അങ്ങോട്ടു പുറപ്പെട്ടാൽ മതിയാകും".

പ്രോട്ടസ്റ്റൻറുകാർ പരസ്പരം നോക്കി. തമ്മിൽ തമ്മിൽ കുത്തുകുത്തുക്കുകയാണ്: "കണ്ടോ, പാപ്പാമതക്കാരൻ പാതിരിയുടെ തീക്ഷ്ണത! ഈ ഇരുട്ടത്ത്, ഈ മഴയത്ത് നമ്മുടെ കൂട്ടർ വല്ലവരുമായിരുന്നെങ്കിൽ യാത്രചെയ്തു കളയാമെന്നു വയ്ക്കുമായിരുന്നോ!" ഒരു പുതിയ വെളിച്ചം ലഭിച്ചതിൽ മാത്യുവും സന്തോഷിച്ചു. സ്നേഹിതൻ ജേക്കബുമായി കത്തോലിക്കാ വൈദികരെപ്പററി ഒരു വാഗ്വാദം നടത്തിയതു ബുദ്ധിശൂന്യമായിപ്പോയി എന്ന് അയാൾക്ക് തോന്നിപ്പോയി. സത്രത്തിൽ വേണ്ട സൗകര്യങ്ങൾ ഫ്രാൻസിസിനുണ്ടാക്കിക്കൊടുക്കുവാൻ മാത്യു വേണ്ടതുചെയ്തു. താഴെ നിന്നും വലിപ്പമുള്ള ഒരു മേശ എടുത്ത് അയാൾ അച്ചൻെറ മുറിയിലാക്കി. കത്തോലിക്കാ വൈദികന് പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ഒരു മേശയുടെ ആവശ്യമുണ്ടെന്നാണ് അയാൾ പറഞ്ഞത്.

മേശ ലഭിച്ചതു വളരെ ഉപകാരമായി. ഭക്തിപുരസ്സരം വൈദികൻ കഴുത്തിൽനിന്നും ഊരിയെടുത്തു പരിശുദ്ധ കുർബാന അടക്കംചെയ്തിരുന്ന പേടകവും ചെയിനും. വലിപ്പുതുറന്ന് അതിൽ അദ്ദേഹം നിക്ഷേപിച്ചു. പ. കുർബന. കർത്താവിന് വിശ്രമിക്കുവാൻ അനുയോജ്യമായ ഒരു സ്ഥലം കിട്ടിയപ്പോൾ ഫാദർ ഫ്രാൻസീസ് ആത്മാർത്ഥമായി സന്തോഷിച്ചു. ക്ഷീണാധിക്യംകൊണ്ട് അദ്ദേഹം പെട്ടെന്ന് ഉറങ്ങിപ്പോകയും ചെയ്തു.

പൂവൻ കോഴികളുടെ കൂവൽ സമരം കഴിഞ്ഞിട്ട് മണിക്കൂർ മൂന്നുകഴിഞ്ഞു. പൊൻകതിരുകൾ വീശിക്കൊണ്ട് സൂര്യൻ ആകാശവീഥിയിലൂടെ തൻെറ യാത്രയും തുടങ്ങിയിരുന്നു. ഒരു ഞെട്ടലോടെയാണ് ഫാദർ ഫ്രാൻസിസ് പ്രകാശത്തിൻെറ നേരെ കണ്ണുതുറന്നതു്. തിടുക്കത്തിൽ അദ്ദേഹം യാത്രയ്ക്കൊരുങ്ങി.

ആ വെള്ളക്കുതിര അങ്ങനെ പാഞ്ഞുപോകുകയാണ്. വില്ല്യമിൻെറ വീട്ടുപടിക്കൽ ചെന്നേ അതു നിൽക്കൂ. എങ്ങനെയെങ്കിലും രോഗിയുടെ സമീപത്തെത്തണമെന്നുള്ള ഒരു വിചാരമേയുള്ളൂ ഫാദർ ഫ്രാൻസിസിന്. വീടു ചൂണ്ടിക്കാട്ടുവാനും അദ്ദേഹത്തെ സ്വീകരിക്കുവാനും ജേക്കബ് അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ജേക്കബിനെ കണ്ടമാത്രയിൽ അദ്ദേഹം പുഞ്ചിരി തൂകി. സ്വന്തം കഴുത്തിൽ പതിവുപോലെ ഒന്നു തടവിനോക്കുകയും ചെയ്തു.

പുഷ്പം വാടുന്നപോലെ അദ്ദേഹത്തിൻെറ പുഞ്ചിരി അസ്തമിച്ചു. അദ്ദേഹം അസ്വസ്ഥനായി കുതിരപ്പുറത്തുതന്നെ ഇരിക്കുന്നതുകണ്ട് ജേക്കബ് അടുത്തുചെന്നു ചോദിച്ചു: "ഇറങ്ങുവാൻ ഞാൻ സഹായിക്കണമോ?"

"വേണ്ടാ, വേണ്ടാ, നമ്മുടെ കർത്താവ് എന്നെ ഒന്നു പററിച്ചുകളഞ്ഞു, ആ പന്ത്രണ്ടാം വയസ്സുകാലത്ത് മാതാപിതാക്കന്മാരെ പററിച്ചതുപോലെ. ഞാൻ അദ്ദേഹത്തെ അന്വേഷിച്ചു പുറകോട്ടു പോകുകയാണ്. വില്ല്യം എങ്ങനെ ഇരിക്കുന്നു?"

"ഈ ദിനത്തിൽ മരിക്കയില്ലെന്നു തീർച്ച"

"എന്നാൽ ഞാൻ സത്രത്തിൽ പോയി അന്വേഷിക്കട്ടെ. അവിടെ ഇന്നലെ എൻെറ കൂട്ടത്തിൽ കുറേ പ്രോട്ടസ്റ്റാൻറുകാരാണുണ്ടായിരുന്നതു്. വി. കുർബാനയ്ക്കു ഇതിനകം എന്തു സംഭവിച്ചിരിക്കുമോ? കണ്ടുകിട്ടിയെങ്കിൽ ഉടൻ ഞാൻ തിരിയെ വരും. അല്ലെങ്കിൽ എന്നെ കാത്തുനിൽക്കേണ്ടതില്ല".

സംഭവം കേട്ടപ്പോൾ ജേക്കബും അസ്വസ്ഥനായി. ഫാദർ ഫ്രാൻസിസ് കുതിരപ്പുറത്തുതന്നെ പുറകോട്ടു തിരിഞ്ഞു. സത്രത്തെ ലക്ഷ്യമാക്കി ഓടിച്ചുപോകുകയും ചെയ്തു. യാത്രയിൽ അദ്ദേഹത്തിൽക്കൂടി കടന്നുപോയ വികാരപരമ്പരകൾ എന്തായിരുന്നു എന്ന് ഊഹിക്കയാണു ഭേദം. സ്വന്തം അശ്രദ്ധമൂലം വന്നതെററ് അപരിഹാര്യമാണെന്നു തന്നെ തോന്നി അദ്ദേഹത്തിന്.

സത്രം, അതു് അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ഉയർന്നുനിൽക്കുന്നു. പക്ഷേ, അകത്തുകടന്നിട്ട് എന്താണ് ചോദിക്കുക, ആരോടാണു ചോദിക്കുക? പ്രോട്ടസ്റ്റാൻറ

കാർ വല്ലവരുമുണ്ടെങ്കിൽ അവർ പരിഹസിക്കയില്ലേ? യഹൂദനായ ഇബ്രാഹിം എന്തുപറയും? മേശയ്ക്കകത്തു നിന്നും അതു വല്ലവരും എടുത്തുകൊണ്ടു പൊയ്ക്കളഞ്ഞോ? ഇങ്ങനെ പ്രശ്നങ്ങൾ ഓരോന്നോരോന്നായി അദ്ദേഹത്തിന്റെ മസ്തിഷ്കത്തിൽ ഉയൎന്നുവന്നതോടു കൂടി നെററിത്തടം വിയർപ്പുതുള്ളികൾകൊണ്ട് നിറഞ്ഞു. മുഖം തുടച്ചിട്ട് സത്രത്തിന്റെ വാതിൽക്കൽ അദ്ദേഹം ഇറങ്ങി.

യാത്രക്കാരും അല്ലാത്തവരുമായി ധാരാളം ആളുകൾ അവിടെ വന്നുകൂടിയിരിക്കയാണ്. എല്ലാവരും അടഞ്ഞസ്വരത്തിൽ ഏതോ സംസാരിക്കുന്നു. പരിഭ്രമത്തിന്റെ ലക്ഷണമുണ്ട് എല്ലാവരിലും. ഫാദർ ഫ്രാൻസിസിന്റെ ആശങ്ക വർദ്ധിച്ചു. എന്തു സംഭവിച്ചിരിക്കാമെന്നാണ് അദ്ദേഹം ആലോചിച്ചുകൊണ്ടു നിന്നതു്. അച്ചനെ കണ്ടപ്പോൾ ഏവക്കും ഒരു മഞ്ഞളിച്ച ചിരിയായി. ഇബ്രാഹിം ഓടിവന്ന് അദ്ദേഹത്തെ അഭിസംബോധനം ചെയ്തിട്ടു പറഞ്ഞുതുടങ്ങി: "ഇന്ദ്രജാലം, മഹേന്ദ്രജാലം തുടങ്ങിയ വിദ്യകളെല്ലാം കത്തോലിക്കാ അച്ചന്മാർ പഠിച്ചിട്ടുണ്ടെന്നു ഞാൻ കേട്ടിട്ടേയുള്ളു. എന്നാൽ ഇന്നാണ് ഞാൻ അനുഭവത്തിൽ അറിഞ്ഞതു്. ഇവിടെനിന്നും പോകുന്നതിനു മുമ്പ് അച്ചൻ എന്തു മന്ത്രം ചെയ്തു"?

"പറയുന്നതു് എനിക്കു മനസ്സിലാകുന്നില്ല".

"എന്നാൽ മനസ്സിലാക്കാം. ഇന്നലെ രാത്രിയിൽ അച്ചൻ താമസിച്ചിരുന്ന മുറി അവിടെത്തന്നെയുണ്ട്. അതിന്റെ താക്കോൽ താഴിലും നിൽക്കുന്നു. ഞാൻ അതു തുറക്കാൻ നോക്കിയിട്ട് ഇതുവരെ പററിയില്ല. ഒരു കൊല്ലനെ കൊണ്ടുവരുവാൻ ഞാൻ വട്ടംകൂട്ടുകയായിരുന്നു. മറെറാന്ന്, ആ മുറിക്കകത്തുമുഴുവൻ ഒരു പ്രകാശം കതകിന്റെ വിടവിൽക്കൂടി അതു കാണാം. എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. കുറെ ക്രിസ്ത്യാനികൾ എന്റെ കൂട്ടത്തിൽ വന്നു. ഒന്നും മനസ്സിലാകുന്നില്ലെന്ന് അവരും പറഞ്ഞു".

ഫാദർ ഫ്രാൻസിസ് ഹൃദയംകൊണ്ടു കർത്താവിനെ സ്തുതിച്ചു. എന്നിട്ടു പറയുകയാണ്: "അതു നിങ്ങൾക്ക് ഇപ്പോൾ മനസ്സിലാകയില്ലാത്ത ഒരു മന്ത്രം തന്നെ. നിങ്ങൾ എന്റെ കൂടെ വരിക. ഞാൻ കതകുതുറക്കാം" ഇബ്രാഹിമും ഭാര്യയും കുട്ടികളും കൂടാതെ അവിടെയുണ്ടായിരുന്ന മററുള്ളവരുംകൂടി അദ്ദേഹത്തെ അനുഗമിച്ചു രണ്ടാം നിലയിലേക്ക്. അദ്ദേഹം പിടിച്ചമാത്രയിൽ താക്കോല് വലത്തോട്ട് തിരഞ്ഞു. കതകുതുറന്ന് എല്ലാവരും മുറിക്കകത്തുകയറി. അപ്പോഴും അത്ഭുതകരമായ പ്രകാശം അവിടെ തങ്ങിനിന്നിരുന്നു. ഫാദർ ഫ്രാൻസിസ് മേശയ്ക്കരികേ മുട്ടികുത്തി അതു തുറന്ന് പരിശുദ്ധ കുർബാന പുറത്തെടുത്തു. അതു കണ്ടപ്പോൾ യഹൂദകുടുംബംപോലും സാഷ്ടാംഗപ്രണാമം ചെയ്തു.

അവർക്കെല്ലാം ആ പിക്സിലുള്ള സാധനം എന്താണെന്നറിയണമെന്നായി. ഉജ്ജ്വലത്തായ ഒരു പ്രഭാഷണം അവരുടെ മുമ്പിൽ അദ്ദേഹം നടത്തി. അവിടെ കൂടിയിരുന്ന പ്രോട്ടസ്റ്റൻറുകാരിലാണ് അതു വേഗം ഫലംചെയ്തതു്. വേദപുസ്തകവാക്യങ്ങളും അത്ഭുതവും കൂടി കൂട്ടിവച്ചു ചിന്തിച്ചപ്പോൾ അവക്ക് എളുപ്പം ഗ്രഹിക്കുവാൻ കഴിഞ്ഞു, പരിശുദ്ധ കുർബാനയിൽ കർത്താവിന്റെ യഥാർത്ഥ സാന്നിദ്ധ്യമാണുള്ളതെന്ന്. അവരിൽ പലരും കത്തോലിക്കാ സഭയെ ആശ്ലേഷിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ ഇബ്രാഹിം വാക്യങ്ങൾകൊണ്ടും അത്ഭുതംകൊണ്ടും തൃപ്തനായില്ല. എങ്കിലും എന്റെ സത്രത്തിൽ ഇങ്ങനെ ഒരു കാഴ്ച കണ്ടതിൽ അയാൾ അഭിമാനം കൊള്ളുന്നുണ്ടായിരുന്നു.

കാര്യങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി അയാൾ വൈദികനോടു മൂന്നു ചോദ്യങ്ങളാണ് ചോദിച്ചതു്. 1. ഒരപ്പം എങ്ങനെ ക്രിസ്തുവിന്റെ ശരീരമാകും.? 2. ക്രിസ്തു എങ്ങനെ ഒരു ചെറിയ അപ്പത്തിൽ വസിക്കും? 3. ഒരേ സമയത്ത് ക്രിസ്തു എങ്ങനെ പലേ അപ്പങ്ങളിലിരിക്കുന്നു?

ചോദ്യങ്ങളുടെ മറുപടി എന്താണെന്നറിയുവാൻ പ്രോട്ടസ്റ്റൻറുകാരും ആഗ്രഹിക്കയുണ്ടായി. അതുകൊണ്ട് എല്ലാവക്കും വേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പിക്സ് പഴയതുപോലെ മേശയ്ക്കകത്തുവച്ചടച്ചിട്ട് അദ്ദേഹം ഒരു കസേരയിൽ ഇരുന്നു. മററുള്ളവരും ആസനസ്ഥരായി. ആ മൂന്നു ചോദ്യങ്ങളുടെയും മറുപടി അച്ചൻ എങ്ങനെ പറയുമെന്ന് അവർ ഉൽകണ്ഠാകുലരായിരിക്കയാണ്.

അൽമാരിയിൽനിന്നും ഒരു റൊട്ടിക്കഷണം എടുത്ത് അദ്ദേഹം അതു് എല്ലാവരും കാണത്തക്കവിധം ഉയർത്തിപ്പിടിച്ചു. എന്നിട്ട് എല്ലാവരോടു

മായി ഒരു ചോദ്യം; "ഈ റൊട്ടിക്കഷണത്തിനു് എൻെറ ശരീരമായിത്തീരുവാൻ എപ്പോഴെങ്കിലും സാദ്ധ്യതയുണ്ടോ?" ഇബ്രാഹിം ഉടനെ അതിനുത്തരം പറഞ്ഞു. "അതു് തിന്നുകഴിഞ്ഞു് ഉദരത്തിലിറങ്ങുമ്പോൾ മനുഷ്യൻെറ ശരീരമായി അതു രൂപാന്തരപ്പെട്ടും."

"ശരി, എല്ലാവക്കും അങ്ങനെതന്നെ തോന്നുന്നുണ്ടല്ലോ. പ്രകൃതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരത്ഭുതമാണിതു്. ക്രിസ്തുനാഥൻ ഒരപ്പം എടുത്തു കയ്യിൽ പിടിച്ചുകൊണ്ടു പറയുന്നു; ഇതെൻെറ ശരീരമാകുന്നു. മനുഷ്യൻ അപ്പം ഭക്ഷിച്ചു കഴിയുമ്പോൾ സംഭവിക്കുന്ന അത്ഭുതം ക്രിസ്തു ഭക്ഷിക്കുന്നതിനുമുമ്പേ സംഭവിക്കുന്നു. അത്രമാത്രം. ഇതിൽ അഗ്രാഹ്യമായി എന്തുണ്ടു്?" എല്ലാവരും അഭിനന്ദനസൂചകമായി കയ്യടിച്ചു.

"ഇനി രണ്ടാമത്തെ ചോദ്യം. ഇത്ര ചെറിയ ഒരപ്പത്തിൽ സകല ലോകങ്ങളേയും സൃഷ്ടിച്ച ദൈവം എങ്ങനെ ഇരിക്കുമെന്നു്. നമ്മുടെ ശരീരത്തിലെ ഒരു വിശിഷ്ടാവയവത്തിലേക്കുതന്നെ ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആദ്യമായി ക്ഷണിച്ചുകൊള്ളുന്നു. നമ്മുടെ കണ്ണു് എത്ര ചെറുതാണു്! എന്നാൽ അതിനകത്തു് എന്തെല്ലാം സാധനങ്ങൾ കൊള്ളുന്നുണ്ടെന്നറിയാമോ? ഈ മനോഹരമായ സത്രം മുഴുവനും അതിനകത്തു കടന്നിരിക്കുന്നു. ഇതിൻെറ വീതി, നീളം, പൊക്കം, ഘനം, സകലവും നമ്മുടെ ചെറിയ കണ്ണിലായിട്ടുണ്ടു്. ഇതെങ്ങനെ സംഭവിക്കുന്നു? പ്രകൃതിയിലെ ഒരത്ഭുതമെന്നേ പറയാനുള്ളൂ. ഇത്തരം അത്ഭുതങ്ങളുടെ കത്താവിനു തന്നെ സംബന്ധിച്ചുതന്നെ ഒരത്ഭുതം ചെയ്തുകൂടെയോ?" എല്ലാവരുംകൂടി പറഞ്ഞു "ആകാം. ആകാം." "അപ്പോൾ ഇക്കാര്യത്തിലും അഗ്രാഹ്യമായി ഒന്നുമില്ല"

"അടുത്തതായി മൂന്നാമത്തെ ചോദ്യം. ക്രിസ്തു എങ്ങനെ ഒരേസമയത്തു് പലേ അൾത്താരകളിൽ, പലേ അപ്പങ്ങളിൽ സന്നിഹിതനാകുന്നു?" ഇങ്ങനെ ചോദ്യം ആവത്തിച്ചിട്ടു് മേശപ്പുറത്തിരുന്ന ഒരു ചെറിയ മുഖക്കണ്ണാടി അദ്ദേഹം കയ്യിലെടുത്തു. ഇരിപ്പിടത്തുനിന്നും എഴുന്നേററു് പച്ചപ്പുല്ലുകൊണ്ടു് അലങ്കരിച്ചിരുന്ന സത്രമുററത്തേയ്ക്കു് അദ്ദേഹം നടന്നു. "എല്ലാവരും എൻെറകൂടെ വരിൻ" എന്നൊരു നിർദ്ദേശവും കൊടുത്തു. അത്ഭുതത്തോടുകൂടിയാണു് എല്ലാവരും എഴുന്നേററതു്. അവർ ഫാദർ ഫ്രാൻസിസിൻെറ ചുററും നിന്നു. ഏകദേശം മദ്ധ്യാഹ്നമായിരുന്നു അപ്പോൾ.

സൂര്യൻ പ്രതിബിംബിക്കത്തക്ക വിധത്തിൽ അദ്ദേഹം കണ്ണാടി മുററത്തുവച്ചു. ഒരു പ്രഭാപ്രളയം ഏവരുടെയും കണ്ണിലേയ്ക്കു് അടിക്കയുണ്ടായി, കണ്ണാടിയിൽ നിന്നും എല്ലാവരുടേയും കണ്ണു താനേ അടഞ്ഞുപോയി. അദ്ദേഹം ചോദിച്ചു: "ഈ കണ്ണാടിയിൽ നിങ്ങൾ എത്ര സൂര്യനെ കാണുന്നുണ്ടു്?" അതൊരു ബാലിശമായ ചോദ്യമാണെന്നു് അവക്കു തോന്നി. ഒരു സൂര്യനേ ഉള്ളൂ എന്നു് ആക്കാണു് അറിഞ്ഞുകൂടാത്തതു്! അവർ ഉത്തരം പറയുവാൻ മടിച്ചു. അച്ചൻ വിട്ടില്ല. വീണ്ടും അതേ ചോദ്യം. ഒടുവിൽ ഇബ്രാഹിം മറുപടി പറഞ്ഞു: "ഒരു സൂര്യൻ മാത്രം".

ഫാദർ ഫ്രാൻസിസ് ഇനി എന്തുചെയ്യുവാൻ പോകുന്നു എന്നു് അവർ വിചാരിക്കയായിരുന്നു. അടുത്ത ക്ഷണത്തിൽ അദ്ദേഹം കണ്ണാടി കയ്യിലെടുത്തു് നിലത്തേക്കു വലിച്ചെറിഞ്ഞു. അതു ചിന്നഭിന്നമായി തെറിച്ചുപോയി. പിന്നെ മറെറാരു കാഴ്ചയാണു് അവർ കണ്ടതു്. ഓരോ കഷണവും പ്രഭകൊണ്ടു വെട്ടിത്തിളങ്ങുന്നു, "ഓരോ കഷണത്തിലും നിങ്ങൾ ഇപ്പോൾ എന്തു കാണുന്നു?" അദ്ദേഹത്തിൻെറ ചോദ്യം അതിൻെറ ഉദ്ദേശമെന്താണെന്നു് ആദ്യം ആക്കും മനസ്സിലായില്ല. ഏതോ വിചിത്രമായ കാഴ്ച അതിലുണ്ടായിരിക്കുമെന്നു കരുതി ഓരോരുത്തരും കണ്ണാടിക്കഷണങ്ങൾ പരിശോധിക്കുവാൻ തുടങ്ങി. ഓരോന്നിലും കണ്ടു അവർ ഓരോസൂര്യനെ. ഇബ്രാഹിം പറഞ്ഞു: "ഇപ്പോൾ ഓരോ കഷണത്തിലും ഉണ്ടു് ഓരോ സൂര്യൻ, അങ്ങനെയല്ലാതെ വരത്തില്ലല്ലോ."

"കൊള്ളാം", ഫാദർ ഫ്രാൻസിസ് പറഞ്ഞു: "പ്രകൃതിയിൽ നിങ്ങൾ അനുദിനം കാണുന്ന ഒരു സംഭവമാണല്ലോ ഇതു്; ഒരു സൂര്യൻ ഒരേ സമയത്തു് എങ്ങനെ പലേ കണ്ണാടിക്കഷണങ്ങളിൽ പലേ സ്ഥലങ്ങളിലായി കാണപ്പെടുന്നു എന്നു നിങ്ങൾ ഇതുവരെയും ആരോടും ചോദിച്ചുകാണുകയില്ല. കാരണം, അതൊരു നിത്യാനുഭവമാണു്. അത്തരം ഒരു ചോദ്യം ബാലിശമായി മററുള്ളവർ പരിഗണിക്കയും ചെയ്യും.

"എന്നാൽ ഇന്നു നാം സൂര്യൻെറ സൂര്യനായ കത്താവിനെപ്പററിയാണല്ലോ പറയുന്നതു്. അവിടുത്തേയ്ക്കു് ഒരേ സമയത്തു് പലേ അപ്പക്കഷണങ്ങളിൽ സന്നിഹിതനാകുവാൻ സാധിക്കുന്നതു് അഗ്രാഹ്യമായി ചിലക്കു തോന്നുകയും ചെയ്യുന്നു. എല്ലാവക്കും വളരെ

# പൊള്ളഭക്തിയും കള്ളഭക്തിയും

(റവ. ഫാ. ഫിലിപ്പ്, ഒ. സി. ഡി.)

അന്ന് ഒരു ചൊവ്വാഴ്ചയായിരുന്നു. അന്തോനീസ് പുണ്യവാൻെറ സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ട ദിവസം. കോഴിക്കൊമ്പിലെ ചാക്കോച്ചൻ അതിരാവിലെ പള്ളിയിൽ പോയി കുമ്പസാരിച്ച് കുർബാന കൈക്കൊണ്ടു. വി. അന്തോനീസ് പുണ്യവാൻെറ സ്വരൂപത്തിൻെറ മുമ്പിൽ ദീർഘനേരം പ്രാർത്ഥിച്ചു. അന്നത്തെ ഭക്തിപ്രകടനത്തിനു ചാക്കോച്ചനെ സംബന്ധിച്ചിടത്തോളം ചില പ്രധാനപ്പെട്ട ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. മകൻ, അപ്പച്ചൻ ബി. എ. പരീക്ഷയ്ക്ക് എഴുതിയിരിക്കുകയാണ്. അവനു മിഷനുപോകണമെന്ന നിർബന്ധം. ആ ചിന്തയിൽനിന്ന് അവനെ പിന്തിരിപ്പിക്കുകയും, ഇരുപത്തയ്യായിരം രൂപാ സ്ത്രീധനം ലഭിക്കുന്ന ഒരു വിവാഹാലോചനയ്ക്കു സമ്മതിപ്പിക്കുകയുമാണ് ആ ഉദ്ദേശങ്ങളിൽ മുഖ്യമായതു്.

ആനക്കുളത്തിലെ മാമ്മിച്ചേടത്തി ഒരു നല്ല സ്ത്രീയാണ്. അവർ എല്ലാ ശനിയാഴ്ചയും കുർബാന കാണും. മാതാവിൻെറ സ്തുതിക്കായിട്ട്. എല്ലാ തിങ്കളാഴ്ചയും അവർ ഒരു നേരം ആചരിക്കും. ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി, എല്ലാ ബുധനാഴ്ചയും അവർ മാംസം വർജ്ജിക്കും. വി. യൗസേപ്പുപിതാവിനോടുള്ള ഭക്തിയാണ് അതിനു കാരണം.

എന്തിനാണ് അവർ ഇതെല്ലാം ചെയ്യുന്നതെന്നോ? അവർ ഒരു ഭാഗ്യക്കുറിയിൽ ചേർന്നിട്ടുണ്ടു്. അതിൻെറ ടിക്കററിനു കൊടുത്ത ഒരു രൂപാ വളരെ ത്യാഗം അനുഭവിച്ചാണ് അവർ ഉണ്ടാക്കിയതു്. അമ്പതിനായിരം രൂപായാണ് ഒന്നാം സമ്മാനം. അതു കിട്ടിയിട്ട് ഒരു വലിയ പറമ്പും പുരയും വാങ്ങിക്കണം, അയൽപക്കത്തെ അമ്മിണിക്കുട്ടിയെപ്പോലെ ആഭരണങ്ങളും പട്ടുസാരിയും ധരിപ്പിച്ച് തൻെറ മകളേയും നടത്തണം. ഇതെല്ലാമാണ് അവരുടെ നിയോഗങ്ങൾ.

ഇങ്ങനെ പോകുന്നു നമ്മുടെ പല ഭക്തരുടേയും ജീവിതചര്യകൾ. അവരുടെ പ്രവൃത്തികളിൽ വലിയ തെററുകളൊന്നുമില്ല എന്നു തോന്നിയേക്കാം. പക്ഷെ, പോതുപിടിച്ച മരങ്ങളെപ്പോലെ അവരുടെ ജീവിതം നിലകൊള്ളും. യഥാർത്ഥ ഭക്തിയല്ല, കാതലുള്ള ക്രിസ്തീയജീവിതമല്ല അവരുടേതു്. കേവലം പൊള്ളഭക്തിയും പതിരു നിറഞ്ഞ കതിരുകളും.

ഒരുവിധത്തിൽ പറഞ്ഞാൽ ഇതു് ഭേദമാണ്. ഇത്തരം ഭക്തിപ്രകടനങ്ങൾകൊണ്ടു് ആക്കും വലിയ ഉപദ്രവം ഒന്നും വരാനില്ല. അവയുടെ കർത്താക്കൾക്കു തന്നെ അവ പ്രയോജനശൂന്യങ്ങളായി ഭവിക്കുന്നു എന്നു മാത്രം. പോതു പിടിച്ചതെങ്കിലും മരം നല്ലതുതന്നെ. ക്രിസ്തീയപുണ്യത്തിൻെറ മധുരഫലങ്ങൾ അവയിൽനിന്ന് അധികമായി ലഭിക്കാറില്ല. സ്വർഗ്ഗീയകവാടത്തിങ്കലേയ്ക്കു് അവ നമ്മളെ ആനയിക്കാറില്ല. കഷ്ടപ്പാടിൻെറ കൊടുങ്കാററടിക്കുമ്പോൾ അവ ഒടിഞ്ഞുവീണെന്നുവരും. അത്രയേ ഉള്ളു.

എന്നാൽ വേറൊരുതരം ഭക്തിയുണ്ടു്. കള്ളഭക്തി. അതു് ഭയാനകമാണ്. വിഷലിപ്തമാണ്. നാശഹേതുകമാണ്. അനീതിയും അസത്യവും അധർമ്മവും ജീവിതമാർഗ്ഗങ്ങളായി സ്വീകരിച്ചിട്ടുള്ളവർ അവയോടൊന്നിച്ച് അവയെ പുലർത്തുവാനെന്നോണം പാപസങ്കീർത്തനവും ദിവ്യകാരുണ്യസ്വീകരണവും മററും നട

---

എളുപ്പം ഗ്രഹിക്കാവുന്ന തെളിവുകൾ കുർബാനയെ സംബന്ധിച്ചു ധാരാളമുണ്ടെന്നു തെളിയിക്കുവാനാണ് പ്രകൃതിയുടെ പ്രവർത്തനങ്ങളിലേയ്ക്കുതന്നെ നിങ്ങളെ ഞാൻ ആനയിച്ചതു്. നിങ്ങൾ എവരും ഇപ്പോൾ സംതൃപ്തരായിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു."

എല്ലാവരും ഐകകണ്ഠ്യേന പറഞ്ഞു "ഞങ്ങൾക്കു തൃപ്തിയായി." കുർബാനയിൽ ക്രിസ്തുനാഥൻ സാക്ഷാൽ സ്ഥിതിചെയ്യുന്നു എന്നു ഞാൻ വിശ്വസിക്കുന്നു." യഹൂദനായ ഇബ്രാഹിം ആണ് എല്ലാവർക്കും വേണ്ടി പറഞ്ഞതു്. അയാളുടെ അപേക്ഷ അനുസരിച്ച് ഫാദർ ഫ്രാൻസിസ് ഒരാഴ്ചയോളം സത്രത്തിൽ താമസിക്കയുണ്ടായി. ഇബ്രാഹിമും കുടുംബവും അവിടെവച്ച് ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ചു. അത്ഭുതം നടന്ന ആ സത്രം ഒരു പള്ളിയായി രൂപാന്തരപ്പെടുകയും ചെയ്തു. അങ്ങനെയാണ് അമേരിക്കയിലെ ന്യൂയോർക്കു നഗരത്തിനു 145 മൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന ആൽബനി നഗരത്തിൽ കത്തോലിക്കാ ചൈതന്യം പരിപുഷ്ടി പ്രാപിച്ചതു്. 19–ാം നൂററാണ്ടിൽ ഈ അത്ഭുതം സംഭവിച്ചു.

ത്തുക ! ഊഹാതീതങ്ങളായ മഹാപാപങ്ങൾ കുന്നുകുന്നായി കൂട്ടുകയാണ് ഇവർ.

ഇക്കാലത്തു നാം കാണാറുണ്ട്. ചില കത്തോലിക്കർ ഉത്തരീയം കഴുത്തിൽ ധരിച്ച് ഒരു കൈയിൽ കൊന്തയും മറുകൈയിൽ ചെങ്കൊടിയും പിടിച്ച്, ഇൻക്വിലാബ് വിളിച്ചുകൊണ്ടു നടക്കുന്നത്. അവരുടെ വീടുകളിൽ ചെല്ലുക. ചില നല്ല ക്രിസ്തീയപടങ്ങൾ — തിരുഹൃദയത്തിന്റെയും മാതാവിന്റെയും മററും — വളരെ മനോഹരമായി അലങ്കരിച്ച് വീട്ടിന്റെ പ്രധാനസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടാകും. ദിവസവും അവിടെ മുട്ടുകുത്തി അവർ കൊന്തയും മററനേകജപങ്ങളും ചൊല്ലാറുണ്ടാകും. പക്ഷേ അവരുടെ അംഗത്വം കമ്മ്യൂണിസ്റ്റ് പാർട്ടിയിലാണ്—ദൈവത്തെ നിഷേധിക്കുന്ന, സത്യത്തേയും ധർമ്മത്തേയും അവഹേളിക്കുന്ന, അക്രമത്തെ ആരാധിക്കുന്ന കമ്മ്യൂണിസ്ററ് പാർട്ടിയിൽ!

പിന്നെ ഒരു കൂട്ടരുണ്ട്. “കള്ളത്തരം കുലദൈവതം” എന്നു വിശ്വസിക്കുന്ന ചില കച്ചവടക്കാർ, ചില കൺട്രാക്ടർമാർ, ചിലകുടുംബനാഥന്മാർ. കാപ്പിപ്പൊടിയുടെ ലേബൽ ഒട്ടിച്ച് പുളിങ്കുരുവിന്റെ പൊടിയും കൂവപ്പൊടിയുടെ പേരിൽ കപ്പപ്പൊടിയും വിൽക്കുവാൻ അവക്കൊരു കൂസലുമില്ല. കൺട്രാക്ട് പിടിച്ച് പണിയിക്കുന്ന വീടുകൾക്കും, പാലങ്ങൾക്കും സിമൻറിനു് പകരം ചെളി ഉപയോഗിക്കുവാൻ അവർ മടിക്കുകയില്ല. കുരുമുളകിനും കശുവണ്ടിപ്പരിപ്പിനും പകരം കല്ലും ചരലും മററു സാധനങ്ങളും പെട്ടികളിൽ അടച്ച് അന്യനാടുകളിലേക്ക് അയയ്ക്കുന്നത് ഒരു വലിയ മിടുക്കായിട്ടാണ് അവർ കരുതുന്നത്. വീട്ടിൽ വേലയ്ക്കുനിൽക്കുന്നവരെ, കൂലിയോ, ആഹാരമോ ശരിക്കു കൊടുക്കാതെ കഷ്ടപ്പെടുത്തുന്നതിനു് അവർ ഒരു തെററും കാണുന്നില്ല.

പക്ഷേ, ഇവരെ നിങ്ങൾ സൂക്ഷിച്ചുകൊൾക. പള്ളിയിൽ പോക്ക്, പ്രാർത്ഥന, വാർഷികധ്യാനം, നൊവേന, ആദ്യവെള്ളിയാഴ്ചആചരണം ഇവയെല്ലാം ഇവർ മുറയ്ക്കുനടത്തും. ഒരു വൈദികനോടും അവർക്ക് വഴക്കിടേണ്ടിവരികയില്ല, ഒരു കുമ്പസാരക്കാരനും അവർക്കു പാപമോചനം നിഷേധിക്കുകയില്ല. പാപസങ്കീർത്തനത്തിൽ വെളിപ്പെടുത്താത്ത കാര്യങ്ങളെപ്പററി കുമ്പസാരക്കാരൻ എങ്ങനെ വിധിക്കാനാണ്? ആത്മശോധനാപദ്ധതിയിൽനിന്ന് ഏഴാം പ്രമാണം അവർ മാററി എഴുതിയിരിക്കുകയാണ്.

പോരെങ്കിൽ സ്വർഗ്ഗത്തിൽ ചില സ്നേഹിതരെ അവർ കരുതിയിട്ടുണ്ട്. കോഴകൊടുത്ത് അവരെ പാട്ടിലാക്കാമെന്നാണ് അവരുടെ വ്യാമോഹം. കൺട്രാക്ട് വേലയുടെ കണക്കുതീർത്ത് പണം മുഴുവൻ വാങ്ങുന്നതുവരെ, അവൻ പണികഴിപ്പിച്ചിട്ടുള്ള വീടോ, പാലമോ ഉരുണ്ടുവീഴാതിരിക്കാൻ അവർ കുർബാന ചൊല്ലിക്കും. ഇതിനു് അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. യൂദാസിനെയാണ് അവർ ആശ്രയിക്കുന്നത്. കച്ചവടത്തിലെ കൃത്രിമം കണ്ടുപിടിക്കാതിരിക്കാൻ അന്തോനീസ് പുണ്യവാനെ സമീപിക്കുന്നതിനും അവർ മടിക്കാറില്ല. കഷ്ടം! ഇതിനേക്കാൾ ഭയാനകമായ ദൈവദൂഷണമുണ്ടോ? സ്വർഗ്ഗത്തിലെ വിശുദ്ധന്മാരെ ഇതിനേക്കാൾ കഷ്ടതരമായി നിന്ദിക്കുവാനുണ്ടോ.

ഇലക്ഷൻ പ്രചാരണം വന്നതോടുകൂടെ വേറൊരുതരം കള്ളഭക്തരേയും നമുക്കു് കാണാൻ കഴിയും. കത്തോലിക്കാ വോട്ടർമാരെ കളിപ്പിക്കുന്നതിനുവേണ്ടി കൊന്തയും വെന്തിങ്ങയും കൊണ്ടുനടക്കുന്ന നിരീശ്വരപ്രമാണികൾ. കഴിഞ്ഞ ഇലക്ഷൻ പ്രചാരണകാലത്ത് ഒരു കൊടിയ കമ്മ്യൂണിസ്റ്റ് പ്രവർത്തകൻ തന്റെ നിയോജകമണ്ഡലത്തിലെ പല പാവപ്പെട്ടവർക്കും കൊന്തയും വെന്തിങ്ങയും മാത്രമല്ല, പള്ളിയിൽ പോകുന്നതിനു് തുണിയും വാങ്ങിച്ചുകൊടുത്തു. “ഇത്ര തങ്കപ്പെട്ട മനുഷ്യനുവേണ്ടി” അവർ പിന്നെ വോട്ടു ചെയ്യാതിരിക്കുമോ? അക്കാലത്തുതന്നെ ഒരു കമ്മ്യൂണിസ്റ്റ് സ്വതന്ത്രൻ ഒരേ ഞായറാഴ്ച പല പള്ളികളിൽ പല സമയത്തായി നടത്തപ്പെട്ട ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുകയും ഓരോ സ്ഥലത്തും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തതായി പറയപ്പെടുന്നു. ആ പള്ളികളിൽ സന്നിഹിതരായിരുന്നവരെല്ലാം തന്നെ ഒരു ഉത്തമകത്തോലിക്കനായി കരുതി തനിക്കു് വോട്ടു നൽകുന്നതിനുവേണ്ടിയത്രേ അയാൾ അങ്ങനെ ചെയ്തതു്!

ഈ കള്ളഭക്തരോടെല്ലാം ഒരേ ഒരു വാചകമേ പറയുവാനുള്ളൂ വി. പൗലോസിന്റെ ഒരു ചെറിയ വാചകം. അതു് ഇപ്രകാരമാണ്: “നിങ്ങൾ തെററിദ്ധരിക്കേണ്ട, ദൈവത്തെ കളിപ്പിക്കാൻ സാദ്ധ്യമല്ല.” ജനങ്ങളെ കളിപ്പിക്കാൻ സാധിച്ചേക്കും, ഗവർമ്മെണ്ടിനെ കളിപ്പിക്കാൻ സാധിച്ചേക്കും, എന്നാൽ ദൈവത്തെ കളിപ്പിക്കാൻ സാധ്യമല്ല.

# കുരിശു, നമ്മുടെ മഹാ ഗ്രന്ഥം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

കത്തോലിക്കാ ഭവനങ്ങളെയും ദൈവാലയങ്ങളേയും സ്ഥാപനങ്ങളേയും ഭക്തജനങ്ങളുടെ കുപ്പായങ്ങളേയും ശവമഞ്ചങ്ങളേയും അലങ്കരിക്കുന്ന ഒരു കൗതുകവസ്തുവായിട്ടാണു ചിലർ കുരിശിനെ വീക്ഷിക്കുന്നതു്. എന്നാൽ അതു് വെറും ഒരാഭരണമായി കരുതിയാൽ പോരാ; സഹനവിദ്യാലയത്തിലെ പ്രധാന പാഠപുസ്തകമാണതു്. സെൻറ് ഫിലിപ്പുബെനീസി മരിക്കാറായപ്പോൾ തൻെറ പുസ്തകം എടുത്തുകൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. രോഗിശുശ്രൂഷികൾ "നമസ്കാരപുസ്തകവും" "ക്രിസ്ത്വാനുകരണവും" എടുത്തുകൊണ്ടു ചെന്നു. അപ്പോൾ വിശുദ്ധൻ പറഞ്ഞു: "ഇവയല്ല എൻെറ പുസ്തകം, കുരിശുരൂപമാണു് എൻെറ പ്രിയപ്പെട്ട ഗ്രന്ഥം."

എത്രയും കഠിനമായ വേദന ഒരു കുററവാളിയിൽ ജനിപ്പിക്കുന്നതിനു റോമാക്കാർ ശാസ്ത്രീയമായി കണ്ടുപിടിച്ച ഒരു പീഡനോപകരണമാണു കുരിശു്. അതിനാൽ എത്രയും രൂക്ഷമായ വേദനയാണു കുരിശുവഴി അവിടുത്തേമേൽ ആരോപിതമായതു്. മനുഷ്യമനസ്സിനു് അതിനേക്കാൾ ക്രൂരമായ പീഡനോപകരണം കണ്ടുപിടിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആകയാൽ വേദനയുടെ മൂർച്ഛ ദിവ്യഗുരുവിനെപ്പോലെ വേറെ യാതൊരു മനുഷ്യനും ഇതുവരെ ഗ്രഹിച്ചിട്ടില്ല. എൻെറ ആത്മാവു മരിക്കത്തക്ക വിധം വേദനിക്കുന്നുവെന്നു ഗെത്ത്സെമിൻ തോട്ടത്തിൽ അവിടുന്നുതന്നെ പറഞ്ഞിട്ടുള്ളതാണു്. കുരിശിലെ വേദനകളുടെ ഇടയിൽ അവിടുന്നു് ഇങ്ങനെയും ചോദിച്ചു: "എൻെറ ദൈവമേ, എൻെറ ദൈവമേ, എന്തുകൊണ്ടു് അങ്ങു് എന്നെ ഉപേക്ഷിച്ചു?" ആകയാൽ വേദനയുടെയും ക്ലേശങ്ങളുടെയും രഹസ്യം അവിടുത്തേക്കാൾ ഭേദമായി ആക്കറിയാം? നമ്മുടെ വേദന ശരിയായി ഗ്രഹിക്കുവാൻ അവിടുത്തേക്കല്ലാതെ മററാക്കു സാധിക്കും? വേറെയാരാണു നമ്മുടെ വേദനയിൽ അവിടുത്തോളം അനുകമ്പ പ്രദർശിപ്പിക്കുക? മാനുഷികഭിഷഗ്വരന്മാക്കു് ഔഷധമില്ലാത്ത ഒരുതരം വേദനയുണ്ടു്; അതു കണ്ടുപിടിക്കുവാൻ ആ ദിവ്യഭിഷഗ്വരനുമാത്രമേ സാധിക്കൂ. അവിടുന്നു് ആ കാസ എടുത്തുമാററുന്നില്ല; മധുരപാനീയം കൊണ്ടു് അതു നിറയ്ക്കുന്നുമില്ല; പ്രത്യുത അവിടുന്നു ചെയ്തതുപോലെ കാസയുടെ അടിത്തട്ടു വരെ നാം കുടിക്കണമെന്നാണു് അവിടത്തെ ഇംഗിതം.

ക്രൂശുമരണത്തിനു വളരെ മുമ്പുതന്നെ ക്രിസ്തുനാഥൻ തനിക്കു വരാൻ പോകുന്ന വേദന മുൻകൂട്ടി കണ്ടിരുന്നതാണു്. കാലേക്കൂട്ടിയുള്ള ആ ദർശനം തന്നെ ഗെത്ത്സെമിനിൽ ചോരവിയർക്കുന്നതിനു് ഇടയാക്കി. എന്നാൽ അവിടുന്നു് എത്രയധികം ആശിച്ചിരുന്ന ഒരു മാമ്മോദീസയാണു് ആ കുരിശുമരണം! ഈശോതന്നെ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: "ഞാൻ കൈക്കൊള്ളേണ്ട ഒരു മാമ്മോദീസയുണ്ടു്; അതു പ്രാപിക്കുന്നതുവരെ ഞാൻ എത്ര കണ്ടു് അസ്വസ്ഥനായിരിക്കുന്നുവെന്നു കാണുക." മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ താൻ മരിക്കണമെന്നു പലപ്രാവശ്യം അവിടുന്നു ശിഷ്യന്മാരെ അറിയിച്ചിട്ടുള്ളതാണു്. ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നു് ഇറങ്ങിവരുകയെന്നു് യഹൂദപുരോഹിതന്മാർ വെല്ലുവിളിച്ചപ്പോൾ കുരിശിൽനിന്നു് അവിടുന്നു് ഇറങ്ങിവരാതെ അന്തിമ നിമിഷം വരെ വേദന അനുഭവിക്കയാണു ചെയ്തതു്. രക്തം ചിന്തിയും അഗാധമായ വേദനയനുഭവിച്ചും അവിടുന്നു നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു. തന്മൂലം ദുഃഖിതരായ തൻെറ ശിഷ്യരോടു് എമ്മാവൂസിലേക്കു പോകുന്നവഴിക്കു് അവിടുന്നു് ഇപ്രകാരം പറഞ്ഞു: "പ്രവാചകന്മാരുടെ വാക്കുകൾ വിശ്വസിക്കുന്നതിൽ എത്രയും മന്ദഹൃദയരായവരേ, ബുദ്ധിഹീനരേ, മിശിഹാ ഇവയെല്ലാം സഹിച്ചു തൻെറ മഹത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലയോ?"

ഇതുതന്നെയാണു നമുക്കും പ്രമാണം. സഹിച്ചു വേണ്ടയോ നമ്മളും മഹത്വത്തിൽ പ്രവേശിക്കാൻ? ക്രിസ്തുവിൻെറ പിൻഗാമികൾക്കു് അവിടുന്നു നൽകിയിരിക്കുന്ന നിയമം ഇപ്രകാരമാണു്: "എൻെറ പിന്നാലെ വരാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു് തൻെറ കുരിശുമെടുത്തു് എൻെറ പിന്നാലെ

വരട്ടെ. തൻെറ കുരിശെടുക്കാതെ എൻെറ പിന്നാലെ വരുന്നവൻ എനിക്കു യോഗ്യനല്ല," അതിനാൽ യഥാർത്ഥക്രൈസ്തവക്കു വേദനകളുണ്ടാകും; കമ്മ്യൂണിസം മുതലായ മതവിരുദ്ധ പ്രസ്ഥാനങ്ങളുടെ ഭീഷണി ഭയങ്കരമായിരിക്കും. ആകയാൽ ക്രിസ്തു സഹനത്തെ ജീവിതനിയമമാക്കിയിരിക്കുന്നു. "ആകയാൽ പല ക്ലേശങ്ങളിൽകൂടി നാം ദൈവരാജ്യത്തിൽ പ്രവേശിക്കണം." നമ്മൾ പാപികളാകയാൽ ക്രിസ്തുവിൻെറ പീഡാനുഭവത്തിൽ നാം പങ്കുകാരായേ മതിയാവൂ!

എന്നാൽ ക്ഷമയോടുകൂടി സ്വല്പം പല്ലുവേദനയോ തലവേദനയോ വിശപ്പോ സഹിക്കുന്ന എത്ര താത്വികരുണ്ട്? വേദന വേദനതന്നെയാണ്; അതു് ഒരു യാഥാർത്ഥ്യമായിത്തന്നെ നാം അഭിമുഖീകരിക്കണം. അതു് ഇല്ലാതാക്കാൻ ഒരുകൂട്ടർ ഇങ്കിലാബു വിളിക്കുന്നുണ്ട്; എന്നാൽ കുറേപ്പേരുടെ കണ്ണുനീരു തുടയ്ക്കാൻ മററു അനേകംപേരെ കണ്ണുനീരിലും രക്തത്തിലും അവർ മുക്കിത്താഴ്ത്തുകയാണ് ചെയ്യുന്നതു്.

വേദനയും ഞെരുക്കവും ഈ ലോകത്തിൽനിന്നു നീക്കിക്കളയുവാൻ നമുക്കു സാദ്ധ്യമല്ല. ആട്ടിൻകുട്ടികളും മാൻപേടകളും എത്ര സംഘടിച്ചാലും ചെന്നായും സിംഹവും സസ്യഭുക്കുകളാകയില്ല. ജീവിതത്തിലെ കുരിശുകൾ തള്ളിനീക്കാൻ നാം ശ്രമിച്ചാൽ ഭാരമേറിയ മററു കുരിശുകൾ നാം വഹിക്കേണ്ടിവരും. കുരിശു വേണ്ടെന്നു വച്ചാൽ ശെമയോനെപ്പോലെ കുരിശു ചുമക്കാൻ നാം നിർബ്ബന്ധിതരായേക്കും. ആകയാൽ കുരിശുരൂപത്തിൽ നോക്കി കുരിശിലെ പാഠം നാം ഹൃദിസ്ഥമാക്കണം. ക്രൂശിതനായ ക്രിസ്തുവിൻെറ പീഡനങ്ങളിൽ ഓഹരിക്കാരാകുന്നതിൽ പാപികളായ നമുക്ക് ലജ്ജിക്കാനെന്താണുള്ളതു്? ശ്ലീഹാ എബ്രായക്കാർക്ക് എഴുതിയിരിക്കുന്നതു നോക്കുക; "നമ്മുടെ വിശ്വാസത്തിൻെറ തലവനും അതിനു പൂർണ്ണത വരുത്തുന്നവനുമായ ഈശോയെ നോക്കണം. അവൻ തനിക്കുണ്ടായിരുന്ന സന്തോഷത്തിനു പകരം കുരിശു സഹിക്കുകയും ലജ്ജയെ അവഗണിക്കുകയും ഒടുവിൽ ദൈവസിംഹാസനത്തിൻെറ വലതുഭാഗത്തു് ഇരിക്കുകയും ചെയ്തു. ആകയാൽ നിങ്ങൾക്ക് വൈമനസ്യം ഉണ്ടാകാതിരിക്കുവാനും നിങ്ങളുടെ മനസ്സ് ക്ഷീണിക്കാതിരിക്കുവാനും വേണ്ടി പാപികളിൽനിന്ന് അവിടന്ന് എത്രമാത്രം സഹിച്ചുവെന്നു ചിന്തിക്കുവിൻ. പാപത്തിന് എതിരായിട്ടുള്ളസമരങ്ങളിൽ നിങ്ങൾ ഇതുവരെ രക്തം ചിന്തിയില്ലല്ലോ?"

ആകയാൽ ഇന്നത്തെ ഈ ദുഃഖദുരിതങ്ങളിലും കോളിളക്കങ്ങളിലും ദാരിദ്ര്യത്തിലും അവശതയിലും നാം കാലു പതറാതെ ദൈവഹിതത്തെ ചോദ്യംചെയ്യാതെ, അവിടത്തോടു പരിഭവിക്കാതെ ക്രൂശിനെ നോക്കി സഹിക്കണം. അവിടത്തെ കൈകാലുകളിൽ കാണുന്ന ആണികൾ ചുററികകൊണ്ടു തറച്ചതാണ്. പ്രസ്തുത ചുററികയും അരിവാളും രക്തവുമൊക്കെ ഇന്നു നമ്മളെ ഭീഷണിപ്പെടുത്തുന്നുണ്ടു്. എന്നാൽ നമ്മൾ ഭയപ്പെടരുതു്. സഹനത്തിൻെറ അന്ത്യം സന്തോഷമാണ്. തൻമൂലം ശ്ലീഹായെപ്പോലെ നാം നമ്മുടെ ഞെരുക്കങ്ങളിലും അഭിമാനം കൊള്ളണം. യോഹന്നാൻ ശ്ലീഹായുടെ വെളിപാടിൻെറ പുസ്തകത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു; "ഇവയുടെ ശേഷം സകല ജനത്തിലും, വംശത്തിലും, ജാതിയിലും ഭാഷയിലും നിന്നുമുള്ള വെള്ള വസ്ത്രങ്ങൾ ധരിച്ചവരും, കുരുത്തോല കൈയിലേന്തിയിരിക്കുന്നവരും സിംഹാസനത്തിൻേറയും കുഞ്ഞാടിൻേറയും മുമ്പിൽ നിൽക്കുന്നവരുമായ എണ്ണിത്തിട്ടപ്പെടുത്തുവാൻ വഹിയാത്ത ഒരു കൂട്ടം ഞാൻ കണ്ടു... ഇവർ വലിയ ഞെരുക്കത്തിൽനിന്നു വരുന്നവരാണ്, കുഞ്ഞാടിൻെറ രക്തത്തിൽ തങ്ങളുടെ വസ്ത്രം കഴുകി അവർ വെളുപ്പിച്ചിരിക്കുന്നു. ഇതിനാൽ അവർ ദൈവത്തിൻെറ സിംഹാസനത്തിൻ മുമ്പാകെ വസിക്കുകയും രാവും പകലും അവിടത്തെ സേവിക്കുകയും ചെയ്യുന്നു. സിംഹാസനത്തിൽ ഇരിക്കുന്നവൻ അവരെ സംരക്ഷിക്കും. അവക്ക് ഇനി വിശക്കുകയില്ല, ദാഹിക്കുകയില്ല, വെയിലോ ചൂടോ തട്ടുകയുമില്ല."

ക്രൂശിതനായ നമ്മുടെ ഗുരുവിൽനിന്നു ലഭിക്കുന്ന അമൂല്യനിധിയാണ് അവിടത്തെ സ്നേഹത്തിൻെറ പ്രതീകമായ കുരിശു്. ആകയാൽ ജീവിതദുഃഖങ്ങൾ നാം ക്ഷമയോടെ സഹിക്കണം. ശ്ലീഹായുടെ വാക്കുകൾ ശ്രവിച്ചാലും: "ഞെരുക്കം ക്ഷമ പഠിപ്പിക്കുന്നു; ക്ഷമ ഒരു ബലപരീക്ഷണമാണ്; പരീക്ഷണത്തിൽനിന്നു പ്രത്യാശ ജനിക്കുന്നു... ക്രിസ്തു നമുക്കുവേണ്ടി മരിച്ചതു നമ്മൾ പാപികളായിരിക്കുമ്പോഴാണ്. അവിടത്തെ രക്തത്താൽ പ്രക്ഷാളനംചെയ്യപ്പെട്ടിരിക്കുന്ന ഇപ്പോൾ അവിടന്നുവഴി കോപത്തിൽനിന്നു നാം രക്ഷിക്കപ്പെ

# ഭഗീത

## (വികാരോജ്ജ്വലമായ ഒരു സംഭവകഥ)

മിസ്സ് ജനററ് ഐസക്ക്, എം. എസ്സ്‌സി.

(തുടർച്ച)

അടുത്ത ദിവസം രാവിലെ അറബികളുടെ നേതൃത്വത്തിൽ ഭഗീതയും കൂട്ടരും യാത്ര തിരിച്ചു. മൃഗങ്ങളെപ്പോലെ അവരോട് അവർ പെരുമാറി. പുരുഷന്മാരുടെയും സ്ത്രീകളുടെയും കഴുത്തിൽ ചങ്ങലയിട്ട് പരസ്പരം ബന്ധിച്ചിരുന്നതിനാൽ സ്വാതന്ത്ര്യമായി നടക്കുവാൻപോലും സാധിച്ചിരുന്നില്ല. ഭഗീതയേയും കൂട്ടകാരിയേയും ബന്ധിച്ചിരുന്നില്ലെങ്കിലും രണ്ടറബികളുടെ മദ്ധ്യേയാണ് നടത്തിയിരുന്നത്. അന്ന് സന്ധ്യയാകുന്നതുവരെ അവർ നടന്നു. നേരം ഇരുട്ടിത്തുടങ്ങിയപ്പോൾ യാത്ര നിറുത്തി. ഒരു ചെറിയ കുടിലിൽ എല്ലാവരേയും കയററി. തല്ക്കാലത്തേയ്ക്ക് ഇരുമ്പുചങ്ങലയുടെ ബന്ധനത്തിൽനിന്നും അവരുടെ കഴുത്തുകൾ സ്വാതന്ത്ര്യമായെങ്കിലും കാലുകൾ ബന്ധിക്കപ്പെട്ടുതന്നെയിരുന്നു. ഇപ്പോൾ ഭഗീതയേയും ബന്ധിച്ചു. യാതൊരു വിധത്തിലും ഒരു ആശ്വാസവുമില്ല.

രാത്രിയിലെ സ്വല്പവിശ്രമത്തിനുശേഷം പ്രഭാതമായപ്പോഴേക്കും അവർ വീണ്ടും യാത്ര തുടൎന്നു. ഇങ്ങനെ ഒരാഴ്ചത്തെ തുടൎച്ചയായ യാത്രയ്ക്കുശേഷം അവർ ഒരു പട്ടണത്തിൽ പ്രവേശിച്ചു. അടിമക്കച്ചവടത്തിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഒരു പട്ടണമായിരുന്നു അത്. സ്ത്രീയും പുരുഷനും യുവാവും യുവതിയും കുട്ടിയും എന്നുവേണ്ട എല്ലാ തരത്തിലുമുള്ള അടിമകളെയും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അവിടെ കച്ചവടത്തിനായി കൊണ്ടുവന്നിട്ടുണ്ട്. എല്ലാവരേയും ഒരു ചെറിയ മുറിയിലാക്കി അടച്ചു. വല്ലപ്പോഴും സ്വല്പം ആഹാരം അവൎക്കു കൊടുത്തിരുന്നു. ഇതുകൊണ്ടൊന്നും അവരുടെ വിശപ്പടങ്ങിയില്ല. വിശപ്പു സഹിക്കയല്ലാതെ വേറെ യാതൊരു നിവൃത്തിയുമില്ല. അവരുടെ പ്രിയപ്പെട്ടവരിൽനിന്നും എന്നെന്നേയ്ക്കുമായി വേർപെട്ട് ആഹാരവും വിശ്രമവും സന്തോഷവും ഇല്ലാതെ കഷ്ടപ്പെടുന്ന സാധുക്കളായ അടിമകളുടെ കഷ്ടസ്ഥിതിയെക്കുറിച്ചു സഹതപിക്കാൻ അന്നവിടെ ആരും ഇല്ലായിരുന്നു.

ദിവസങ്ങൾ പലതുകഴിഞ്ഞു. പല സ്ഥലങ്ങളിൽനിന്നും കച്ചവടക്കാർ വന്നുതുടങ്ങി. അവർ അടിമകളുടെ കൂട്ടത്തിൽനിന്നും അവരവൎക്കു ആവശ്യമുള്ള അടിമകളെ കച്ചവടം ചെയ്തു സ്വന്തം സ്ഥലങ്ങളിലേക്കു കൊണ്ടുപോയി. ഭഗീതയേയും അവളുടെ കൂട്ടുകാരി

---

ട്ടിരിക്കുന്നു." കർദ്ദിനാൾ ന്യൂമന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "നിഴലുകൾ നീളുകയും സായാഹ്നം എത്തിച്ചേരുകയും ലോകത്തിന്റെ ആർഭാടങ്ങൾ ശമിക്കുകയും ജീവിതജ്വരം സമാപിക്കുകയും നമ്മുടെ ജോലി അവസാനിക്കുകയും ചെയ്യുന്നതുവരെ ക്രിസ്തു നമ്മളെ സംരക്ഷിക്കട്ടെ, അനന്തരം തന്റെ കാരുണ്യത്താൽ നമുക്ക് സുരക്ഷിതമായ ഒരു ഭവനവും ശാശ്വത വിശ്രമവും ശാന്തിയും പ്രദാനം ചെയ്യട്ടെ."

കുരിശിൽ നോക്കി വിശ്വാസത്തോടുകൂടി ഒരുത്തൻ ധ്യാനിക്കുമ്പോൾ ഉണ്ടാകുന്ന ചില ചിന്തകളാണിവ. ആകയാൽ വത്സരവട്ടം മുഴുവനും വിശിഷ്യ പീഡാനുഭവവാർഷികകാലത്ത് കുരിശാകുന്ന മഹാഗ്രന്ഥം നാം വായിക്കണം; അതും കൈയിലേന്തി കുരിശിന്റെ വഴിയിലൂടെ നാം അനേകപ്രാവശ്യം നടക്കണം. ലിസ്യൂവിലെ കൊച്ചുത്രേസ്യാ പുണ്യവതി റോസാ പുഷ്പങ്ങളോടുകൂടെയാണ് കുരിശു നെഞ്ചിൽ ചേർത്തു പിടിച്ചിരിക്കുന്നത്. അതുപോലെതന്നെ ഈശോയെ സ്നേഹിക്കുന്ന ആത്മാക്കളെല്ലാവരും ജീവിത ദുഃഖങ്ങളാകുന്ന കുരിശുകളും ജീവിതസന്തോഷങ്ങളാകുന്ന റോസാപുഷ്പങ്ങളും ഒരുമിച്ചു് ഹൃദയത്തോടു ചേർത്തു പിടിക്കണം. അങ്ങനെ കുരിശിനെ നാം വീക്ഷിക്കുകയാണെങ്കിൽ നമ്മളും സെൻറ് ബൊനവന്തുരയോടുകൂടെപ്പറയും, "എന്റെ വിജ്ഞാനം മുഴുവനും കുരിശുരൂപത്തിൽനിന്ന് അഭ്യസിച്ചതാണ്." കുരിശേ, ഏകാശ്രയമേ, സ്വസ്തി.

യേയും പരസ്പരം ബന്ധിച്ച് പ്രത്യേകം ഒരു മുറിയിൽ ഇട്ടടച്ചിരുന്നു. അവർ രണ്ടുപേരും തങ്ങളുടെ അനുഭവങ്ങൾ അന്യോന്യം വിവരിക്കയായി. എങ്ങിനെയെങ്കിലും അവിടെ നിന്നും ഒന്നു രക്ഷപ്പെടണമെന്നുള്ള ആലോചനകൾ ആ കുഞ്ഞുസിരകളിൽകൂടി പായുകയാണ്. സമയം പോകുന്നതു് അവർ അറിയുന്നതേയില്ല. ആലോചനകൾ, അവ പ്രാവർത്തികമാക്കേണ്ട വിധങ്ങൾ ഇവയെല്ലാം ഓരോന്നായി കടന്നുപോകയാണ്. അവിടുന്നു രക്ഷപ്പെട്ടാൽ ഓടി അവരുടെ പ്രിയപ്പെട്ട വീട്ടിൽ ചെന്നു് അമ്മയോടും അപ്പനോടും സഹോദരിസഹോദരന്മാരോടും അവരുടെ കയ്പേറിയ അനുഭവങ്ങൾ വിസ്തരിച്ചുകേൾപ്പിക്കും. ഇതെല്ലാം അവരുടെ ഭാവനയിൽ തങ്ങിനിന്നിരുന്നു. എന്നാൽ അവരുടെ സുന്ദരസ്വപ്നങ്ങൾ സഫലമാക്കുവാൻ അവക്ക് എങ്ങിനെ സാധിക്കും.

ഭഗീത കൂട്ടുകാരിയോടുകൂടി ഒരു അടിമക്കച്ചവടക്കാരനു് വിൽക്കപ്പെട്ടു. അവർ പുതിയ യജമാനന്റെ വീട്ടിലും തടവിൽത്തന്നെയാണ്. അന്നു വൈകുന്നേരം അയാൾ വയലിൽനിന്നും ഒരു വണ്ടി നിറയെ ധാന്യങ്ങളുമായി തിരിച്ചെത്തി. ഭഗീതയുടെ മുറിയുടെ മുൻപിൽ വണ്ടി നിറുത്തി. അവരെ രണ്ടുപേരെയും വിളിച്ച് ചങ്ങലകൾ അഴിച്ചുവിട്ടു്, ധാന്യങ്ങൾ എല്ലാം വണ്ടിയിൽനിന്നും പുരയ്ക്കുള്ളിലാക്കാൻ അയാൾ ആജ്ഞാപിച്ചു. പകലത്തെ ജോലിയുടെ ക്ഷീണംകൊണ്ടു ഉടനേ തന്നെ ഊണു കഴിക്കുവാനായി അയാൾ അകത്തേയ്ക്കു പോയി. ഈ സമയത്തു് അവരെ ആരും സൂക്ഷിക്കുന്നില്ലെന്നു ഭഗീത മനസ്സിലാക്കി. അവൾ കൂട്ടുകാരിയുടെ മുഖത്തേയ്ക്കു് ഒന്നുനോക്കി. രണ്ടുപേക്കും സംഗതി മനസ്സിലായി. തങ്ങൾക്കു കിട്ടിയ അവസരം പാഴാക്കാതെ ശരിക്കു പ്രയോജനപ്പെടുത്തുവാൻ, കഴിഞ്ഞ ആലോചനകൾ എല്ലാം പ്രവൃത്തിപഥത്തിലെത്തിക്കുവാൻ ആ പിഞ്ചുഹൃദയങ്ങൾ വെമ്പൽ കൊള്ളുകയാണ്. അധികം സമയം അവിടെ ആലോചിച്ചു നിൽക്കാതെ രണ്ടുപേരും ശക്തി മുഴുവനുമുപയോഗിച്ച് എത്രയും വേഗത്തിൽ അവിടുന്നു് ഓട്ടം തുടങ്ങി. യജമാനന്റെ കണ്ണിൽപെട്ടാൽ വന്നു ഭവിക്കുന്നതെന്താണെന്നു് അവക്കു കുറെയൊക്കെ അറിയാം. അന്നു ഭക്ഷണം കഴിക്കാത്തതിന്റെ യാതൊരു ക്ഷീണവും ഇപ്പോൾ അവരെ ബാധിച്ചിട്ടില്ല. ഏതു ദിക്കിലേക്കു പോകണമെന്നോ, ഏതുവഴി സ്വീകരിക്കണമെന്നോ, യാതൊരു ചിന്തയും കൂടാതെ അവർ മുൻപോട്ടോടുകയാണ്. വീട്ടിൽ ചെന്നെത്താമെന്നുള്ള ആശ ഒന്നുമാത്രമാണു് അവക്കു ധൈര്യം കൊടുത്തുകൊണ്ടിരുന്നതു്. "അമ്മേ, അമ്മേ" എന്നു വിളിച്ചുകൊണ്ടു് സന്ധ്യയാകുന്നതുവരെ ഓടി. രാത്രി ആയപ്പോൾ കറുത്തിരുണ്ട ഭയാനകമായ ഒരു വനത്തിനുള്ളിൽ അവർ എത്തിച്ചേന്നു.

പ്രിയപ്പെട്ട വായനക്കാരേ, നിങ്ങൾ തന്നെ ഊഹിച്ചാൽ മതി അവരുടെ ഇപ്പോഴത്തെ സ്ഥിതി എങ്ങനെയാണെന്നു്. നിങ്ങൾ ഒരു ദുസ്സ്വപ്നം കണ്ടു എന്നു വിചാരിക്കുക. അറിയപ്പെടാത്തതും, രാക്ഷസന്മാർ വസിക്കുന്നതുമായ ഒരു സ്ഥലത്തു്, കൂരിരുട്ടിൽ ഏകാകിയായി നിങ്ങൾ പ്രവേശിക്കുന്നു. രാക്ഷസന്മാർ പിന്നാലെ പിടിക്കുവാനായി ഓടുന്നു. ഭയം കൊണ്ടു് പരിഭ്രാന്തരായി നിങ്ങൾ ഉച്ചത്തിൽ കരയുന്നു, സഹായത്തിനായി വിളിക്കുന്നു. ഓടി രക്ഷപ്പെടാനായി ശ്രമിക്കുന്നു. പക്ഷേ അതും പരാജയപ്പെടുന്നു. അപ്പോൾ ഞെട്ടി ഉണരുമ്പോൾ നിങ്ങളുടെ കട്ടിലിൽതന്നെ കിടക്കുന്നതായി കാണപ്പെട്ടാലും അതു വിശ്വസിക്കാൻ പ്രയാസമായി തോന്നുന്നു. പിന്നീടും ആ സ്വപ്നം നിങ്ങളുടെ മനസ്സിൽ തികട്ടി വന്നുകൊണ്ടിരിക്കും. ഏതാനും മിനിററുകൾ മാത്രം നീണ്ടുനിൽക്കുന്ന ഒരു സ്വപ്നത്തിന്റെ കഥ ഇങ്ങനെയാണെങ്കിൽ പാവപ്പെട്ട ആ പിഞ്ചുകുഞ്ഞുങ്ങളുടെ അവസ്ഥ എത്ര പരിതാപകരമായിരിക്കും. അവർ വനത്തിൽകൂടി രാത്രിയിലും യാത്ര തുടരുകയാണ്. ആരെങ്കിലും അവരെ പിൻതുടരുന്നുണ്ടോ എന്നുള്ള ശങ്ക അവരെ ശക്തിയായി അലട്ടുന്നുണ്ടു്. ഇനിയും അടിമകളായി പിടിക്കപ്പെട്ടാൽ രക്തം ചിന്തുന്നതുവരെ അവരെ തല്ലി ചതയ്ക്കുമെന്നു് അവക്കു ബോദ്ധ്യമുണ്ടു്. കല്ലും മുള്ളും കൊണ്ടു കൊച്ചുപാദങ്ങൾ മുറിഞ്ഞിട്ടും കൂടുതൽ വേഗതയോടുകൂടി അവർ ഓടുകയാണ്. വൻമരങ്ങളുടെ നിഴലുകളും വനത്തിന്റെ ഭീകരമായ ഏകാന്തതയും, വന്യമൃഗങ്ങളെപ്പററിയുള്ള ചിന്തയും അവരെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു.

പെട്ടെന്നു് ഒരു കരടി അവരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. എന്തുചെയ്യണമെന്നറിയാതെ ആ കൊച്ചുകുട്ടികൾ സ്തംഭിച്ചുനിന്നുപോയി. ഉടൻ തന്നെ ധൈര്യം അവലംബിച്ച് രണ്ടുപേരും കൂടി ഒരു വൃക്ഷത്തിൽ വലിഞ്ഞു കയറി കുറച്ചു മുകളിലായി ഇരിപ്പുറപ്പിച്ചു. കരടി കടന്നുപോകുന്നതുവരെ അവർ

അവിടെത്തന്നെയിരുന്നു. രക്ഷപ്പെട്ട എന്നു കണ്ട പ്പോൾ അവർ മരത്തിൽനിന്നും ഇറങ്ങി വീണ്ടും ഓട്ടം തുടങ്ങി. അധികം താമസിയാതെ പ്രിയപ്പെട്ട മാതാവിനെ കാണാമല്ലോ എന്നുള്ള ആശയോടുകൂടിയാണ് അവർ ഓടുന്നതു്. എന്നാൽ അവരുടെ ഗ്രാമത്തിലേക്കുള്ള വഴിയുടെ നേരെ എതിർഭാഗത്തേയ്ക്കുള്ള വഴിയിൽ കൂടെയാണു തങ്ങൾ പോകുന്നതെന്നുള്ള വാസ്തവം സാധുകുഞ്ഞുങ്ങൾ മനസ്സിലാക്കുന്നില്ല. ഓരോ നിമിഷവും അവർ അവരുടെ ഗ്രാമത്തിൽ നിന്ന് അകന്നുപോകയാണ്.

കുറെ സമയത്തെ ഓട്ടത്തിനുശേഷം അവർ ഒരു മണലാരണ്യത്തിൽ പ്രവേശിച്ചു. എങ്ങോട്ടു നോക്കിയാലും മണൽ. അവരുടെ വേദനിക്കുന്ന കൊച്ചുപാദങ്ങൾ മണലിൽ പൂണ്ടുപോയി. അതിനാൽ ഓട്ടത്തിന്റെ വേഗത കുറഞ്ഞു. ഇതിനിടയ്ക്കു് കുറച്ചകലെയായി ഒരു സിംഹം നിൽക്കുന്നതു് അവരുടെ ദൃഷ്ടിയിൽപെട്ടു. ഇപ്രാവശ്യം മുകളിൽ കയറി രക്ഷപ്പെടുവാൻ ഒരു വൃക്ഷംപോലുമില്ല ക്രൂരന്മാരായ തങ്ങളുടെ യജമാനന്മാരിൽനിന്നും രക്ഷപ്പെട്ടതു് ഈ ക്രൂരജന്തുക്കളുടെ വായിൽ അകപ്പെടാനാണോ? അവർ സിംഹത്തിന്റെ ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ മറുഭാഗത്തുകൂടി ഓട്ടം തുടങ്ങി. കാരുണ്യാവാനായ ദൈവത്തിന്റെ കരുണാകടാക്ഷങ്ങൾ അവരുടെമേൽ ഉണ്ടായിരുന്നു.

കിഴക്കു് സൂര്യകിരണങ്ങൾ കണ്ടുതുടങ്ങി. അവക്ക് തെല്ലൊരാശ്വാസമായി. മണലാരണ്യത്തിൽ നിന്നും ഒരു വയലിലേയ്ക്കാണ് അവർ കടന്നതു്. പച്ച പുൽതകിടികൾ കണ്ടുതുടങ്ങിയപ്പോൾ ആശയുടെ നേരിയ കിരണങ്ങൾ അവരുടെ ഇളംമനസ്സിൽ മൊട്ടിട്ടു. അവർ നന്നാ ക്ഷീണിച്ചിരുന്നു. അവരുടെ സ്വന്തം ഗ്രാമത്തിൽ എത്തിക്കഴിഞ്ഞുവെന്നുതന്നെ അവർ തീർച്ചപ്പെടുത്തി. ഇനിയും പ്രിയപ്പെട്ട അമ്മയെ കാണുവാൻ അധികസമയം വേണ്ടിവരികയില്ല എന്ന ആശ അവരുടെ ക്ഷീണത്തെ കുറച്ചു. "നമുക്കു വേഗം തന്നെ നടക്കാം. ഒരു പക്ഷേ നമ്മൾ വീട്ടിൽ എത്തുന്നതിനു മുൻപ് നമ്മുടെ യജമാനൻ നമ്മളെ കണ്ടാലോ? നമുക്ക് അമ്മച്ചിയെപ്പററി ഓർക്കാം. ആ ഓർമ്മ നമുക്കു ശക്തി തരും." ഭഗീത കൂട്ടുകാരിയെ ആശ്വസിപ്പിക്കയാണ്.

അവർ ചെന്നെത്തിയ ഗ്രാമത്തിൽ ഒരു ചെറിയ കുടിൽ സ്ഥിതി ചെയ്യുന്നുണ്ടായിരുന്നു, തീർച്ചയായും അതു് അവരുടെ കൊച്ചുകുടിൽ ആയിരിക്കുമെന്ന് അവർ നിശ്ചയിച്ചു. അവർ അതിനോടടുത്തു. ഒരു സംശയം അവൾക്കുണ്ടായി. ഭഗീതയുടെ കൊച്ചനുജത്തിമാരേയും കൊച്ചനുജന്മാരേയും അവിടെയെങ്ങും കണ്ടില്ല. അവർ അവിടുന്നു പോയിക്കാണുമോ? ഏതായാലും അതിനുള്ളിൽ കയറി നോക്കാൻ തന്നെ അവർ തീരുമാനിച്ചു. അവർ കുടിലനടുത്തു എത്തിക്കഴിഞ്ഞു പെട്ടെന്ന് അവരുടെ പിറകിലായി ഒരു കാലൊച്ച കേട്ടു. അവർ തിരിഞ്ഞുനോക്കി. ഒരു അറബി! അവരുടെ ധൈര്യംമുഴുവനും അപ്രത്യക്ഷമായി. അവിടുന്നു ഓടുവാൻ ശ്രമിച്ചു. അറബി വളരെ സ്നേഹത്തോടും ദയയോടുംകൂടി സംസാരിക്കുവാൻ തുടങ്ങിയപ്പോൾ കുഞ്ഞുങ്ങൾക്ക് കുറച്ചാശ്വാസമായി.

"എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ എങ്ങോട്ടാണ് പോകുന്നതു്."

ഭഗീത ഉത്തരം പറയുവാൻ ഒന്നു മടിച്ചു. അയാൾ വീണ്ടും വളരെ സ്നേഹത്തോടുകൂടി ചോദിച്ചതുകൊണ്ടു് അവൾ സമാധാനം പറയുവാൻ തുടങ്ങി.

"ഞങ്ങൾ ഞങ്ങളുടെ വീട്ടിലേയ്ക്കു് പോകുകയാണ് ഞങ്ങളുടെ വീടു് ആ കാണുന്ന താഴ്വയിലാണ്". താഴോട്ടു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ഭഗീത പറഞ്ഞു.

"കൊള്ളാം നിങ്ങൾ രണ്ടുപേരും തനിയെ എങ്ങിനെ അവിടെ പോകും, നേരം ഇപ്പോൾ ഇരുട്ടിത്തുടങ്ങും. അതുകൊണ്ടു് ഇന്നു നിങ്ങൾക്കു എന്റെ കുടിലിൽ സുഖമായി താമസിക്കാം, നാളെ രാവിലെ ഞാനുംകൂടെ വന്ന് വീട്ടിൽ കൊണ്ടുചെന്നാക്കാം."

അറബിയുടെ ഈ വാക്കുകൾ ഭഗീതയേയും കൂട്ടുകാരിയേയും വളരെ ആശ്വസിപ്പിച്ചു. അയാളുടെകൂടെ അവർ കുടിലിനുള്ളിൽ പ്രവേശിച്ചു. അയാൾ കൊടുത്ത ഭക്ഷണം കഴിച്ചതിനുശേഷം അവർ രണ്ടുപേരും ഒരു പായയിൽ കിടന്നുറങ്ങി. തലേദിവസത്തെ യാത്രാക്ഷീണം അവരെ പെട്ടെന്നുറക്കി. വളരെ അധികം സമയം കിടന്നുറങ്ങുകയും ചെയ്തു. നേരം വെളുത്തില്ല. അതിനു മുമ്പ് അയാൾ കുഞ്ഞുങ്ങളെ വിളിച്ചുണർത്തി; ഇത്തവണ അയാളുടെ ശബ്ദത്തിന് ഒരു മാററമുണ്ടായിരുന്നു. അവിടുന്ന് എഴുന്നേററ് അടുത്തുള്ള കന്നുകാലികളുടെ കൂട്ടിലേയ്ക്കു പോകുവാൻ അയാൾ അവരോടാജ്ഞാപിച്ചു. അതിനുള്ളിൽ ആടുമാടുകൾ ഒന്നും ഇല്ലായിരുന്നു. അവയെയെല്ലാം അവിടുന്നു മാററിയിട്ടു് കുറെ കച്ചി വലിച്ചിട്ടു് അതിൽ കിടന്നുകൊ

# പരിശുദ്ധ ത്രീത്വത്തിൻെറ നിർമ്മല ലില്ലി

(റവ. ഫാദർ ഹെർമൻ, ഒ. സി. ഡി.)

## V. മറിയത്തിനു പിതാവോടുള്ള ബന്ധം

കർദ്ദിനാൾ ബെറൂൾ (Berulle) ഭക്തിനിർഭരമായ ആവേശത്തോടെ എഴുതുകയാണ്: "ഓ പിതാവേ! ഓ പുത്രാ! ഓ മാതാവേ! എന്തെല്ലാം മഹത്തായ ആശയങ്ങളാണ് നിങ്ങളേക്കുറിച്ചു ഗ്രഹിക്കയും പ്രതിപാദിക്കയും ചെയ്യേണ്ടിയിരിക്കുന്നതു്!.... പിതാവും പുത്രനുമെന്ന അനാദ്യന്തരായ രണ്ടു ദൈവപുരുഷന്മാർക്കു തമ്മിൽ ദൈവികമായ ഒരു ബന്ധമുണ്ടു്. അവരിരുവരിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവെന്ന മൂന്നാമാളാണ് നിത്യകാലവും അവർക്കു മദ്ധ്യേ നിൽക്കുന്ന ആ ബന്ധം.... അതുപോലെതന്നെ സ്വർഗ്ഗത്തിലുള്ള പിതാവും ഭൂമിയിലുള്ള മാതാവുമെന്ന രണ്ടാളുകൾക്കും തമ്മിൽ പവിത്രതമമായ ഒരു ബന്ധമുണ്ടു്; അവരിരുവരിൽ നിന്നുംപുറപ്പെടുന്ന അവരുടെ ഏകപുത്രനെന്ന ദൈവപുരുഷനാണ് പരിപാവനമായ അവരുടെ പരസ്പര ബന്ധം. ആ പുത്രൻ അവരിരുവരേയും എന്നെന്നേയ്ക്കും ബന്ധിപ്പിച്ചുകൊണ്ടു നിലകൊള്ളുന്നു."

പിതാവിനോടു മറിയത്തിനുള്ള അനിർവചനീയമായ ബന്ധത്തെ പരാമർശിച്ചുകൊണ്ടു് ബൊസ്വേ (Bossuet) പറയുന്നു: "താൻ നിത്യകാലവും ജനിപ്പിച്ചുകൊണ്ടിരിക്കുന്ന പുത്രനെ നിശ്ചിതകാലത്തു് കന്യക ജനിപ്പിക്കണമെന്നു ദൈവം തൻെറ വിസ്മയനീയമായ ആലോചനയാൽ തീരുമാനിച്ചപ്പോൾ, നിത്യമായ തൻെറ ഉല്പാദനകർമ്മത്തിൽ അങ്ങനെ അവളേയും കൂടെ ഒരുവിധത്തിൽ ഭാഗഭാക്കാക്കുവാൻ തിരുമനസ്സാകുകയാണ് അവിടുന്നു ചെയ്തതു്."

മൊൺ. ബൊളോ (Bolo) ഈ ആശയത്തെ അനുഗമിച്ചുകൊണ്ടു് ഇങ്ങനെ എഴുതുന്നു: "സൃഷ്ടികളിൽ മറിയം മാത്രമേ "Filius meus es tu: നീ എൻെറ പുത്രനാകുന്നു" (സങ്കീ. II, 7) എന്നു മനുഷ്യനായ ദൈവവചനത്തോടു പിതാവിന്നൊപ്പം പറയാവുന്ന സ്ഥാനമഹിമയിൽ പങ്കുകൊള്ളുന്നുള്ളു". 'പിതാവിൻെറ സ്വസ്തി' എന്ന ശീഷകത്തിൽ, അവിടുന്ന് അവളോടിങ്ങനെ പറയുന്നതായി പ്രസ്തുത ലേഖകൻ സങ്കല്പിക്കുന്നു, "സ്ത്രീജനങ്ങളിൽ ഏററവും അനുഗ്രഹീതയായ മഹിളാരത്നമേ! ഞാൻ നിനക്കു സ്വസ്തിയരുളുന്നു; നീയാണല്ലോ ലോകാരംഭംമുതൽ പ്രീതിയുള്ള ഒരു വംശത്തെ എൻെറ മുമ്പിൽ അവതരിപ്പിക്കുന്നതു്. ആദ്യത്തെ സ്ത്രീയാണെങ്കിൽ അതിനെ എൻെറ കാരുണ്യത്തിൽനിന്ന് അകററുകയാണല്ലോ ചെയ്തതു്."

മറിയത്തിൻെറ ഹൃദയത്തിൽ നിത്യപിതാവിൻെറ സജീവമായ ഒരു ഛായ ദൃശ്യമാണെന്നു് ജോസഫ് ദെ ല സേർദാ എന്ന മഹാത്മാവു സമർത്ഥിക്കുന്നു. എന്തെന്നാൽ വ്യത്യസ്ഥമായ വിധത്തിലെങ്കിലും മനുഷ്യനായ ദൈവവചനത്തെ സ്വഹൃദയത്തിൽ ഗ്രഹിക്കയും സംവഹിക്കയും ചെയ്യാൻ നിത്യപിതാവിനെപ്പോലെ തനിക്കും സാധിച്ചല്ലോ എന്നു് അവൾക്കഭിമാനിക്കാമല്ലോ. വി. ജോൺ യൂദെ (Eudes) മറിയത്തെ നിത്യപിതാവിൻെറ സജീവമായ പ്രതിബിംബനമെന്നും, സകല ദൈവികസംപൂർണ്ണതകളുടേയും സംഗ്രഹമെന്നും വിളിക്കുന്നു. എന്നാലും പിതാവു് അവളിൽ നിക്ഷേപിച്ചിരിക്കുന്ന ഗുണവിശേഷങ്ങളെല്ലാം സമുചിതമായി പ്രദ്യോതിപ്പിക്കുവാൻ ഈ മാതിരി സംജ്ഞകളൊന്നുംതന്നെ പര്യാപ്തമാകുന്നമില്ല.

---

ള്ളാൻ അവരോടു് അയാൾ ആജ്ഞാപിച്ചു. അവർ പ്രവേശിച്ചു കഴിഞ്ഞപ്പോൾ അവരുടെ കാലുകൾ തമ്മിൽ ഒരു ചങ്ങലകൊണ്ടു ബന്ധിച്ചതിനുശേഷം അയാൾ വാതിൽ ബലമായി അടയ്ക്കുകയും ചെയ്തു.

അവർക്കു വന്നു ഭവിച്ച ദുരവസ്ഥയെപ്പററി ഇപ്പോൾ നല്ല ബോദ്ധ്യമുണ്ടായി, അമ്മയെ കാണാമെന്നുള്ള മോഹനസ്വപ്നങ്ങൾ എല്ലാം തകന്നു. ആ ആശ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. ഇനിയും യാതൊരു രക്ഷാമാർഗ്ഗവും ഇല്ല. കഴുകൻെറ വായിൽനിന്നു രക്ഷപ്പെട്ടു് സർപ്പത്തിൻെറ വായിലേയ്ക്കാണല്ലോ അവർ ചെന്നു ചാടിയതു്. ആ കുഞ്ഞുങ്ങളുടെ ഇപ്പോഴത്തെ ചിന്താഗതി എന്തെന്ന് നിങ്ങൾതന്നെ ഊഹിച്ചുകൊള്ളുക.

പുത്രനെ പിതാവിനു വിധേയനാക്കിത്തീർത്തു കൊണ്ട് പരിശുദ്ധ കന്യക പിതാവിൻെറ മഹിമയെ അന്യാദൃശമാംവിധം വർദ്ധിപ്പിക്കുന്നുവെന്ന് ക്ലൊവീ (Clovis) എന്ന വന്ദ്യവൈദികൻ സമർത്ഥിക്കുന്നു:

"നിത്യപിതാവ് തൻെറ ആന്തരമായ പ്രഭാവദീപ്തിയിൽ ആത്മസത്ത മുഴുവനും പുത്രനു പ്രദാനംചെയ്യുന്നു........ എന്നാൽ വചനം സർവത്തിലും പിതാവിനു സമനായിരിക്കയാൽ അവിടുത്തേയ്ക്കു പിതാവിൻെറ നേർക്കു യാതൊരു കടപ്പാടുമില്ല. ആ പിതൃപുത്ര ബന്ധത്തിൽ യാതൊരപകർഷതയുമില്ലാത്തതിനാൽ കൃതജ്ഞതയോ വിധേയത്വമോ അനുസരണമോ ചെലുത്തുക സാദ്ധ്യവുമല്ല. എങ്കിലും ആ ദൈവപുത്രൻ തന്നെ അനന്തമായ തൻെറ മഹിമയ്ക്കു യാതൊരന്തരവും കൂടാതെ സർവ്വദാ പിതാവിനു വിധേയനാകയും അവിടുത്തെ ആശ്രിതരിലും ആരാധകരിലും ഏററം വിനീതനെന്നവണ്ണം അനുസരിക്കുകയും ചെയ്യുമ്പോൾ ആ പിതാവിൻെറ മാഹാത്മ്യവും ബഹുമാനവും ഗണ്യമാംവിധം വർദ്ധിക്കുമെന്ന് ആർക്കും ബോധ്യമാകുമല്ലൊ. സർവ്വത്തിലും തനിക്കു സമനായ ഒരു ദൈവത്താൽ ആരാധിക്കപ്പെടുന്നതിനെക്കാൾ ഉന്നതമായ മഹത്വം വേറെയെന്തെങ്കിലുമുണ്ടോ? എന്നാൽ നിസ്തുല്യമായ ആ മഹിമയാണ് ദൈവമാതൃത്വത്തിനുള്ള സമ്മതം വഴി മറിയം പിതാവിനു നൽകിയതു്. എന്തുകൊണ്ടെന്നാൽ പിതാവിനു സമനായ വചനം മറിയത്തിൽ നിന്നു സ്വീകരിച്ച മനുഷ്യസ്വഭാവത്തിലാണ് ദൈവത്തിൻെറ ദാസ(formam servi accipiens)നായി ത്തീർന്നതു്. ഉള്ളതും ഉണ്ടാകാവുന്നതുമായ സമസ്ത ലോകങ്ങളുടെയും വണക്കത്തേക്കാൾ സ്രഷ്ടാവിനെ അധികം മഹത്വപ്പെടുത്തുവാൻ കഴിവുള്ളതാണ് ഈശോയുടെ ഏററം നിസ്സാരമായ ഒരു വന്ദനം. കർദ്ദിനാൾ ബെറൂൾ പ്രസ്താവിക്കുന്നതുപോലെ, ഇതു നിത്യപിതാവിൻെറ അനന്തമഹിമപ്രതാപത്തെ ഉപരി വർദ്ധിപ്പിക്കുകയും വിപുലമാക്കുകയും ചെയ്യുന്ന സാക്ഷാൽ അവർണ്ണ്യമായ ഒരു മഹാരഹസ്യമാണ്. കാരണം, വെറുമൊരു സൃഷ്ടിയോടാണു കല്പിക്കുന്നതെങ്കിൽ അതിൽ വിശേഷവൈഭവമൊന്നുമില്ല. നേരേമറിച്ചു പ്രഭാവത്തിൽ ദൈവവും പൗരുഷത്തിൽ ദൈവത്തിൻെറ ഏകസുതനുമായ ഒരു സമുന്നതവ്യക്തിയ്ക്ക് ആശ്രിതനെന്നവണ്ണം കല്പനകൊടുക്കുന്നതു് ദൈവപിതാവിൻെറ അന്തസ്സിനു് അനുയുക്തം തന്നെയാണ്! അങ്ങനെ മനുഷ്യാവതാരത്തിനു മുമ്പ് പിതാവിനു ലോകത്തിലില്ലായിരുന്ന അനന്തമായ ഒരു മഹിമ മറിയത്തിൻെറ സഹകരണം വഴി അവിടുത്തേയ്ക്കു സിദ്ധിക്കുന്നു. സൃഷ്ടികളുടെ വണക്കത്തിൻെറയും ദൈവപുത്രൻെറ ആരാധനയുടേയും മദ്ധ്യത്തിലുള്ള മൂല്യാന്തരമെല്ലാം അവൾ നികത്തുകയും ചെയ്യുന്നു!"

വേറൊരതിശയം: ദൈവപുത്രൻെറ മനുഷ്യാവതാരരഹസ്യത്തിൽ മാത്രമല്ല സ്വർഗ്ഗീയപിതാവു മറിയത്തിനു തൻെറ പിതൃത്വത്തിൽ പങ്കുനൽകുന്നതു്; പരിവൃതരായ സകലരുടേയും രൂപീകരണവും അവളുടെ സഹകരണത്താലാണ് അവിടുന്നു സാധിക്കുന്നതു്. "തൻെറ പുത്രനേയും അവിടുത്തെ മൗതികശരീരത്തിൻെറ സകല അവയവങ്ങളേയും ജനിപ്പിക്കുന്നതിനുള്ള കഴിവു മറിയത്തിനുണ്ടായിരിക്കത്തക്കവണ്ണം, കേവലം ഒരു സൃഷ്ടിയിലേയ്ക്കു പകർത്താൻ പാടുള്ളിടത്തോളം തൻെറ ഉല്പാദകശക്തിയുടെ അംശം പിതാവ് അവൾക്കു നൽകിയിട്ടുണ്ട്.... ലോകത്തിൻെറ അവസാനംവരെയും മറിയം വഴി തൻെറ സന്താനങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുവാനാണ് ദൈവപിതാവ് ആഗ്രഹിക്കുന്നതു്." (വി. ഗ്രിഞ്ഞോൺ ഡി മോണ്ട് ഫോർട്ട്)

പിതാവിൻെറ ഉൽപാദകശക്തിയിൽ ഭാഗഭാക്കാകുന്നതോടൊപ്പംതന്നെ അവിടുത്തെ സ്നേഹവും അവിടുത്തെ നന്മയും മറിയം നമുക്കു വെളിപ്പെടുത്തുന്നു: ബൊസ്വേ മാതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുൽഘോഷിക്കുന്നു: "ഈശോയുടെ പിതൃത്വവും ഈശോയുടെ നേർക്കു തനിക്കുള്ള സ്നേഹവും നിന്നിൽ നിക്ഷേപിച്ച പിതാവ് ഞങ്ങളുടെ പിതൃത്വവും ഞങ്ങളുടെ നേരെ തനിക്കുള്ള സ്നേഹവും കൂടെ നിനക്കു നൽകിയിരിക്കുന്നു." ദൈവപ്രഭാവവതിയായ മറിയം വാസ്തവത്തിൽ അവിടുത്തെ പിതൃത്വത്തിൻെറയും സ്നേഹത്തിൻെറയും ഏററം ഹൃദ്യമായ ഒരു പ്രതിബിംബനം തന്നെയാണ്".

സ്വർഗ്ഗസ്ഥനായ എൻെറ പിതാവേ! മറിയംവഴി ഈശോയെ ഞങ്ങൾക്കു തന്നതിനും സാർവത്രികമായ അവളുടെ മാതൃത്വത്തിനനുരൂപമായ അളവിൽ സ്നേഹിക്കാനുള്ള കഴിവും ഹൃദയത്തിൽ നിക്ഷേപിച്ചുകൊണ്ട് ഞങ്ങൾക്കമ്മയായി അവളെ നല്കിയതിനും അങ്ങേയ്ക്കു്

അനവരതം സ്തുതിയും പുകഴ്ചയും മഹത്വവും ഉണ്ടാകട്ടെ!

ഓ മാതാവേ! സ്വർഗ്ഗീയപിതാവിന്റെ സ്നേഹത്തെ നിന്റെ വാത്സല്യത്താൽ ഇത്ര വ്യക്തമായി ഞങ്ങൾക്കു വെളിപ്പെടുത്തുന്നതിനു നിന്നെയും ഞങ്ങൾ വാഴ്ത്തുന്നു! ഞങ്ങളുടെ പിതാവിന്റെ അടുത്തു് ഒരമ്മയേയും കാണേണ്ട ആവശ്യം ഞങ്ങൾക്കുണ്ടു്; അതുകൊണ്ടാണു് അവിടുത്തെ അനന്തമായ പൈതൃകവാത്സല്യത്തോടൊപ്പം നിന്റെ നലംതികഞ്ഞ മാതൃവാത്സല്യവും കൂടെ വേണമെന്നു് അവിടുന്നു തീരുമാനിച്ചതു്.

ദരിദ്രവും ദുർഭഗവുമായ എന്റെ ഹൃദയത്തെ നിന്റെ ജ്വലിച്ചെരിയുന്ന വിമലഹൃദയത്തോടു ചേർത്തുവച്ചു് ദൈവത്തിന്റെ അവാച്യമായ പിതൃത്വത്തിനു നീ സമർപ്പിക്കുന്ന വണക്കത്തിൽ അതിനെയും ഭാഗഭാക്കാക്കുക. മൊൺ. സവേയുടെ പ്രാർത്ഥന ഞാനും ആവർത്തിക്കട്ടെ. "ഓ മറിയമേ! പിതാവിന്റെ നേർക്കു് നിനക്കുള്ള സ്നേഹത്തിൽനിന്നും അല്പം എനിക്കും തരിക. പിതാവിനോടു നീ ഇത്ര സമീപസ്ഥയായിരിക്കകൊണ്ടും നിന്റെ അപേക്ഷയൊന്നും അവിടുന്നു നിരസിക്കയില്ലാത്തതുകൊണ്ടും ഞങ്ങൾക്കുവേണ്ടി ആത്മപ്രകാശവും ജീവചൈതന്യവും ദൈവസംസർഗ്ഗവും സർവ്വോപരി മക്കൾക്കടുത്ത ആത്മാർപ്പണത്തിനു ഞങ്ങളെ ഉത്തേജിപ്പിക്കുന്ന സകല സൽഗുണങ്ങളും നീ അപേക്ഷിക്കുക."

ദൈവപിതാവിന്റെ ദാനമായി നമുക്കു ലഭിക്കുന്ന നമ്മുടെ ആയുസ്സിന്റെ ഓരോ നിമിഷവും ആരാധനയുടേയും കൃതജ്ഞതയുടേയും വിനീതമായ പ്രകരണങ്ങളായി അങ്ങേപ്പക്കലേയ്ക്കു തിരികെ ചെല്ലേണ്ടതാണെന്നു മറിയത്തെപ്പോലെ യാതൊരു സൃഷ്ടിയും ഗ്രഹിച്ചിട്ടില്ല, സകല പുണ്യയോഗ്യതകളും ദൈവത്തിൽനിന്നാണു വരുന്നതെന്നും നമ്മുടെ സൽകൃത്യങ്ങൾക്കു സമ്മാനം തരുമ്പോൾ തന്റെ ദാനങ്ങൾക്കു മകുടം ചാർത്തുക മാത്രമാണു് അവിടുന്നു ചെയ്യുന്നതെന്നും ഒരു സൃഷ്ടിയും മറിയത്തെപ്പോലെ ഗ്രഹിച്ചിട്ടില്ല.

വിസ്മയനീയങ്ങളായ നിരവധി വിശേഷവരങ്ങൾക്കാസ്പദമായിരുന്നിട്ടും, സർവഥാ അന്യാദൃശയായിരുന്ന മറിയത്തിനു പിതാവിന്റെ നേർക്കുണ്ടായിരുന്ന വിധേയത്വം സംപൂർണ്ണമായിരുന്നു. "മൗതിക നഗരം" (1) എന്ന ഗ്രന്ഥത്തിന്റെ ഒരു സവിശേഷത അതാണു്: മറിയം സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിൽ അവലംബിക്കുന്ന ശാലീനഭാവം. ദൈവമഹത്വത്തിനു മുമ്പിൽ കേവലമൊരു മണൽത്തരിയെന്നോ നിസ്സാരമായ ഒരണുവെന്നോ നികൃഷ്ടമായൊരു കൃമിയെന്നോ മറേറാ ആണു് അവൾ സ്വയം ഗണിക്കുന്നതു്.... ഈ മാതിരി പ്രയോഗങ്ങൾ അവളുടെ അധരങ്ങളിൽനിന്നു നിരന്തരം നിർഗ്ഗമിക്കുന്നതായി ആ പുസ്തകത്തിൽ കാണാം. പ്രാർത്ഥനകളിൽ എന്തൊരു ബഹുമാനം! ദൈവവുമായുള്ള വേഴ്ചകളിൽ എത്ര പരമമായ ആദരവു്! രാത്രിസമയം അധികവും പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്നു, അനുപമമായ പുത്രീഭാവത്തിൽ അവൾ ദൈവത്തെ പിതാവെന്നവണ്ണം സ്നേഹിച്ചിരുന്നു. എങ്കിലും സർവത്തിനും ഉടയനാഥൻ എന്ന നിലയിൽ അവിടുത്തെ പ്രഭാവത്തെയും രാജകീയമായ അധികാരത്തെയും ആദരിക്കയും ചെയ്തിരുന്നു. ഹാ! നമ്മുടെ അമ്മയുടെ മതബോധം എത്ര ആദർശയോഗ്യം!

തന്റെ വിശ്വസ്തദാസിയായ അഗ്രേദായിലെ മറിയമെന്ന സുകൃതിനിയോടു മാതാവു് ഇങ്ങനെ പറഞ്ഞിട്ടുണ്ടു്: "എന്റെ മാതൃകയനുസരിച്ചു് ക്രിസ്ത്യാനികളെല്ലാവരും ദൈവം അർഹിക്കുന്ന ബഹുമാനത്തോടും സ്നേഹത്തോടുംകൂടെ അവിടുത്തെ സമീപിക്കുന്നപക്ഷം അവിടുന്നെന്നിൽ വർഷിച്ച അനുഗ്രഹങ്ങൾ ന്യായമായ ഒരളവിൽ അവർക്കും സിദ്ധിക്കുന്നതായിരിക്കും,"

തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുമെന്നരുളിച്ചെയ്തിരിക്കുന്നതു് അനന്തജ്ഞാനമായ ദൈവം തന്നെയാണു്. മറിയത്തെപ്പോലെ ആരും പിതാവിന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്തിയിട്ടില്ല; അവളെപ്പോലെ ആരും പിതാവിനാൽ മഹിമയിൽ ഉയർത്തപ്പെട്ടിട്ടുമില്ല.

(1) Mystical City of God, by Mary of Agreda.

# കത്തോലിക്കാ ലോകം

(റവ: ഫാ. സിറിയക്ക് ഒ. സി. ഡി.)

## ചൈനീസ് കർദ്ദിനാൾ

കമ്മ്യൂണിസ്റ്റ് ചൈനയിൽനിന്നു് രക്ഷപ്പെട്ട് ഇപ്പോൾ അമേരിക്കയിൽ താമസിച്ചുകൊണ്ടിരിക്കുന്ന പീക്കിങ്ങ് മെത്രാപ്പോലീത്തായായ കർദ്ദിനാൾ തോമസ് സിയൻ തിരുമേനിയെ ഫോർമോസായിലെ ടൈപ്പെ അതിരൂപതയുടെ അഡ്മിനിസ്റ്റ്രേററായി പ. പിതാവ് നിയമിച്ചിരിക്കുന്നു.

## എക്സിമോ സന്യാസി

ആർട്ടിക് പ്രദേശത്തുള്ള മിഷ്യനറിമാരുടെ മാറ്റു ദർശിയായിരിക്കുന്ന 23 വയസ്സുപ്രായമുള്ള ആൻെറണി മാനർനാലുക് എന്ന എക്സിമോ, ഒബ്ളേററ്സ് ഓഫ് മേരി ഇമ്മാക്കുലേററ് എന്ന സന്യാസസഭയിൽ പ്രവേശിച്ചിരിക്കുന്നു. എക്സിമോ, വർഗ്ഗത്തിൽനിന്നു് ആദ്യമായി ഇദ്ദേഹമാണു് സന്യാസസഭയിൽ പ്രവേശിക്കുന്നതു്.

## സന്യാസി സൌത്ത്പോളിലേയ്ക്കു്

ഒരു ഭിഷഗ്വരനും ബെനഡിക്ടൻസന്യാസിയുമായ ഫാദർ വിൻസെൻറ്കോളിൻ ഏതാനും ബെൽജിയൻകാരുമൊന്നിച്ചു് ഹിമാവൃതമായ സൌത്ത് പോളിലേക്കു് പര്യടനത്തിനായി പുറപ്പെട്ടിരിക്കുന്നു.

## കറാച്ചിയിൽ അമേരിക്കൻ കന്യാസ്ത്രീകൾ

ഡൊമിനിക്കൻ സഭയിൽപെട്ട പത്തുകന്യകകൾ (cloistered nuns) അമേരിക്കയിൽ കാലിഫോർണിയ സംസ്ഥാനത്തു ഹോളിവുഡ് (Holywood) എന്ന സ്ഥലത്തുള്ള അവരുടെ കന്യകാലയത്തിൽ നിന്നും കറാച്ചിയിൽ വന്നു് താമസം ആരംഭിച്ചിരിക്കുന്നു.

## ഫാത്തിമാ രഹസ്യം

രഹസ്യമായി സൂക്ഷിച്ചിരിക്കുന്ന വിശ്വവിഖ്യാതമായ ആ കത്തു തുറക്കുന്നതിനെപ്പററി ഈ വർഷത്തിൻെറ അവസാനത്തിൽ മാത്രമേ ഒരുതീരുമാനം എടുക്കുകയുള്ളു എന്നു് ഫാത്തിമായിലെ മെത്രാൻ തിരുമേനി പ്രസ്താവിച്ചിരിക്കുന്നു.

## ബെത്ലഹമിൽ

ജറുസലത്തിലെ പാത്രിയർക്കീസ് മൊൺ. ആൽബെർട്ടു് ഗോറി ഒ. എഫ്. എം. തിരുമേനി ആയിരത്തില്പരം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ ബത്‌ലഹമിലെ ദേവാലയത്തിൽ ക്രിസ്സ്മസ്സ് രാത്രിയിൽ തിരു ഓഫീസും പൊന്തിഫിക്കൽ കുർബ്ബാനയും ചൊല്ലുകയുണ്ടായി.

---

## ഈ ലക്കത്തിൽ


| | | | | | |
|---|---|---|---|---|---|
| 1. | പുതുവർഷം പുലരുന്നു | .... | .... | .... | 1 |
| 2. | ദാരിദ്ര്യവും ആധുനിക യുഗവും | .... | .... | .... | 3 |
| 3. | ശാന്തിദായകൻ | .... | .... | .... | 4 |
| 4. | ശ്രീ യേശു ജനനം | .... | .... | .... | 5 |
| 5. | വിശ്വാസത്തിൻെറ ആശ്വാസം | .... | .... | .... | 6 |
| 6. | ആ വധൂവരന്മാരുടെ സമാഗമം | .... | .... | .... | 8 |
| 7. | ആയിരത്തിത്തൊള്ളായിരത്തി അറുപതു് | .... | .... | .... | 11 |
| 8. | മാർ ത്രേസ്യാ പുണ്യസ്ത്രീയുടെ ചരിത്രം | .... | .... | .... | 13 |
| 9 | ആ വെല്ലുവിളി | .... | .... | .... | 15 |
| 10. | സത്യത്തിലെ പ്രകാശം | .... | .... | .... | 17 |
| 11. | പൊള്ള ഭക്തിയും കള്ള ഭക്തിയും | .... | .... | .... | 22 |
| 12. | കുരിശു നമ്മുടെ മഹാ ഗ്രന്ഥം | .... | .... | .... | 24 |
| 13. | ഭഗീത | .... | .... | .... | 26 |
| 14. | പരിശുദ്ധ ത്രിത്വത്തിൻെറ നിർമ്മല ലില്ലി | .... | .... | .... | 29 |
| 15. | കത്തോലിക്കാലോകം | .... | .... | .... | 32 |

# കമ്മ്യൂണിസം കാഴ്ചവച്ച 'സൽ'ഭരണം

(F. C.)

1. തൊഴിലാളിസമരങ്ങൾ 1958 Oct. 1 വരെ 557
   പിന്നീടുള്ളവ . . . 200
2. അറസ്റ്റ്ചെയ്യപ്പെട്ട തൊഴിലാളികൾ 5783
3. പുതുതായി തട്ടിയുണ്ടാക്കിയ കമ്മ്യൂ: കരിങ്കാലി യൂണിയനുകൾ 30
4. പൂട്ടിയിട്ട വ്യവസായശാലകൾ 84
5. തന്മൂലം തൊഴിലില്ലാതായവർ 7550 (പിന്നീട് വേറൊരു 8000 കൂടി)
6. ഭൂമി കയ്യേററങ്ങൾ (സഖാക്കൾ) 6000
7. വെടിവെയ്പ്പ് നടത്തിയതു് 7
8. കൊല്ലപ്പെട്ടവർ 19
9. ആത്മഹത്യചെയ്തവർ 1351
10. കുടിയിറക്കപ്പെട്ട കുടുംബങ്ങൾ 4000
11. വിതരണം ചെയ്യാനുണ്ടായിരുന്ന തരിശു ഭൂമി 15 ലക്ഷംഏക്കർ
    വിതരണം ചെയ്ത ആകെ ഏക്കർ 5400
12. കമ്മ്യൂ: ക്രിമിനൽ കേസുകൾ പിൻവലിച്ചവ 2000
13. കൊലപാതകങ്ങൾ 1957–58ൽ 527 (വർദ്ധനവ് ശതമാനം 48)
14. ഭവനഭേദനങ്ങൾ (1958–59ൽ) 3903 (വർദ്ധനവു ശതമാനം 40)
15. തെളിയാതെപോയ ക്രിമിനൽ കുററങ്ങൾ 73 ശതമാനം
16. ആദ്യത്തെ 11 മാസത്തിൽ പോലീസ് സ്ഥലംമാററങ്ങൾ 854
17. രാഷ്ട്രീയകൊലപാതകങ്ങൾ (കമ്മ്യൂണിസ്റ്റേതരർ) 19
18. ലാത്തിച്ചാർജ്ജുകൾ വിമോചന സമരത്തിനുമുൻപ് 70
19. ,, വിമോചനസമരത്തിൽ 245
20. രാഷ്ട്രീയവധശ്രമങ്ങൾ കയ്യേററങ്ങൾ 189
21. സമരത്തിൽ അറസ്റ്റുകൾ 1,49,841 (സ്ത്രീകൾമാത്രം 60,000)
22. പുതിയ ഉദ്യോഗസൃഷ്ടി 300 ക. ശമ്പളത്തിനുമീതെ 250
23. വിവിധ കമ്മററികളിൽ ആകെ 9000 മെമ്പർമാരിൽ 7000 കമ്മ്യൂ
24. കമ്മററി മെമ്പർമാരുടെ ബത്തചിലവ് 4,36,000ക.
25. ആന്ധ്രാ അരി കുംഭകോണത്തിൽ 25,000 ടൺ അരി വാങ്ങിയ വകയിൽ തട്ടിപ്പ് ആരോപണം. 16,50,000
26. 5000 ടണ്ണിന്റെ കാര്യത്തിൽ അന്വേഷണം നടത്തി തെളിഞ്ഞതു് 1.12,000
27. വാട്ടർ കോർപ്പറേഷൻ കുംഭകോണം 2,50,000
28. സ്ഥലമെടുപ്പുതട്ടിപ്പ് ആരോപണം 2,50,000
29. കള്ളസമീകരണസംഘംമുഖേന തട്ടിപ്പ് 30,00,000
30. മററുസമീകരണസംഘങ്ങൾമുഖേന 25,00,000
31. ഡിഡ്ഫാമിനുള്ള നിലമെടുപ്പിൽ 25,000

---

## 21,000 സലേഷ്യൻ സഭാംഗങ്ങൾ

ലോകത്തിന്റെ നാനാഭാഗങ്ങളിൽ 62 പ്രോവിൻസുകളിലായി വി. ഡോൺബോസ്കോയുടെ സലേഷ്യൻ സഭയിൽ 1959-ലെ കണക്കനുസരിച്ചു് 21000 അംഗങ്ങളുണ്ടു്.

## വടക്കേ വിയററ്നാമിൽ

കമ്മ്യൂണിസ്റ്റ്കളുടെ പിടിയിൽ അമന്നിരിക്കുന്ന വടക്കേ വിയററ്നാമിൽ 12 ഫ്രഞ്ചുമിഷനറിമാർ മാത്രമേ അവശേഷിച്ചിട്ടുള്ളു.

## പാദ്രെ പീയോ

കഴിഞ്ഞവർഷത്തിൽ കഠിനമായ ഒരു രോഗത്തിൽനിന്നും തനിക്കു സുഖം ലഭിച്ചതു് ഫാത്തിമാ മാതാവിന്റെ പ്രത്യേക സഹായത്താൽ മാത്രമാണെന്നു അത്ഭുതപുരുഷനായ പാദ്രെ പീയോ എന്ന കപ്പൂച്ചിൻ വൈദികൻ പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം തന്റെ കൃതജ്ഞതാസൂചകമായി ഒരു സ്വർണ്ണനിർമ്മിതമായ ജപമാല ഫാത്തിമാ ഷ്റൈനിലേക്കു് അയച്ചുകൊടുത്തിട്ടുണ്ടു്.

Lic. No. 581 CARMEL Telephone No. 2286


## തിരുവുത്തരീയത്തിൻെറ പ്രേഷിതകേന്ദ്രം

ഉത്തരീയഭക്തരുടെ വാസനാവൈവിധ്യത്തെ കഴിയുന്നത്ര തൃപ്തിപ്പെടുത്തുന്നതിന് വിവിധതരത്തിലുള്ള കർമ്മലോത്തരീയങ്ങൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചെറിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 75 ന. പ. വലിയ തട്ടുള്ള സാധാരണ ഉത്തരീയം ഡസന് 94 ന. പ. ചെറിയ തട്ടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കുമുള്ള ഉത്തരീയം ഡസന് 94 ന. പ. വലിയ തട്ടും നീളം കൂടിയ ചരടും ഒരു വശത്തുമാത്രം പ്ലാസ്റ്റിക്കും ഉള്ള ഉത്തരീയം ഡസന് 1 ക. 12 ന. പ. കറുപ്പ്, ചുവപ്പ് എന്നീ നിറങ്ങളിലുള്ള പട്ടുചരടാണ് സാധാരണയായി ഉത്തരീയത്തിന് ഉപയോഗിച്ചിരിക്കുന്നത്. പത്തു ഡസൻ ഉത്തരീയമെങ്കിലും ആവശ്യപ്പെടുന്നവർക്ക് ആകർഷണീയമായ കമ്മീഷൻ.

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക.

Director, Scapular Apostolate, Carmel Hill Monastery, Trivandrum-1.

---

വില്പനയ്ക്കു തയ്യാർ. **നാകത്തെ നായ** ഉടൻ അപേക്ഷിക്കുക.

ഫ്റാൻസിസ് തോംപ്സസൺ എന്ന ആംഗ്ലേയകവിയുടെ

THE HOUND OF HEAVEN

എന്ന മൗതികകാവ്യത്തിൻെറ ഭാഷാവിവർത്തനം

## വിശുദ്ധ കൊച്ചുത്രേസ്യാ

### സമ്പൂർണ്ണമായ സ്വയംകൃതചരിതം

മൂലലിഖിതങ്ങളുടെ വിവർത്തനം

താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക:-

| | | |
|---|---|---|
| മേനി കടലാസിൽ 1-ാംതരം ബയിൻറ് | Rs | 6-00 |
| ,, 2-ാംതരം ,, | ,, | 5-00 |
| താഴ്ന്നതരം കടലാസ്സിൽ | ,, | 3-50 |

മാനേജർ,
കാർമ്മൽ ബുക്ക് സ്റ്റാൾ,
കാർമ്മൽഹിൽ-തിരുവനന്തപുരം-1.

---

## കാർമ്മൽ

മലബാർ പ്രോവിൻസിലെ നിഷ്പാദുക കർമ്മലീത്താ ഒന്നാം സഭാസന്ന്യാസികളുടെ മേൽനോട്ടത്തിൽ ജനവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ എന്നീ മാസങ്ങളുടെ മദ്ധ്യത്തിൽ

പ്രസിദ്ധപ്പെടുത്തുന്ന

### ★ ഒരു ത്രൈമാസികം ★

ഉദ്ദേശ്യങ്ങൾ:—അഗാധമായ ആദ്ധ്യാത്മികജീവിതം പോഷിപ്പിക്കുക, മരിയഭക്തി പ്രചരിപ്പിക്കുക, പ്രേഷിതപ്രവർത്തനങ്ങൾ പുലർത്തുക മുതലായവ. വരിപ്പണം ആണ്ടൊന്നിന് മുൻകൂർ 1 രൂ. 50 ന. പ.

വരിപ്പണത്തിൻെറ മൂന്നിലൊന്ന് **കമ്മീഷൻ** ഏജൻറന്മാർക്ക്

കത്തിടപാടുകൾക്കുള്ള മേൽവിലാസം:

വരിപ്പണം സംബന്ധിച്ച്:- മാനേജർ, "കാർമ്മൽ", സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം-1

ലേഖനങ്ങൾ സംബന്ധിച്ച്:—പത്രാധിപർ, കാർമ്മൽഹിൽ, തിരുവനന്തപുരം-1


Edited by Very Rev. Fr. Eliseus O. C. D., printed and published by Rev. Br. Fidelis O. C. D., at St. Joseph's Press, Trivandrum, with permission of Eccl. Superiors.